2024 JUNE 30

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: ... ayalee.com | Phone: 917 324 4907 ... 1122

# ബൈഡൻ പിന്മാറില്ലെന്നു കാമ്പയ്ൻ; ട്രംപ് 26 നുണകൾ പറഞ്ഞെന്നു പ്രസിഡന്റ്



The Weekly
emalayalee.com
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

Editorial

# യുദ്ധങ്ങൾ അവസാനിക്കുന്നില്ല; സമാധാനം വളരെ അകലെ

പൊടുന്നനെ അവസാനിക്കുമെന്നു ലോകം പ്രതീക്ഷിച്ച ഇസ്രായേൽ - പാലസ്തീൻ യുദ്ധം ഇന്നും അതിന്റെ എല്ലാ കെടുതികളോടും രൂക്ഷതകളോടും കൂടി തുടരുകയാണ്. ഏതൊന്നിനും എന്നതുപോലെ ഇവിടെയും ചൂണ്ടിക്കാട്ടാൻ ഒരു കാരണം ഇസ്രായേലിന് ഉണ്ടായിരുന്നു. ചരിത്രത്തിലെ ഏതൊരു നിരന്തര യുദ്ധവും എന്ന പോലെ, ഒരിക്കലും തീരാത്ത തർക്കങ്ങളും വാദങ്ങളും നിലനിൽക്കുന്ന ഈ യുദ്ധത്തിലും ഇപ്പോഴത്തെ ആളിക്കത്തിലിന് കാരണമായി മാറിയത് ഹമാസിന്റെ അനവസരത്തിലെ വീണ്ടുവിചാരമില്ലാത്ത കടന്നുകയറ്റമാണ്.

അതു വരെ ഏറെക്കുറെ ശാന്തമായിരുന്ന പശ്ചിമേഷ്യൻ ആകാശം ആ നിമിഷം ഡ്രോണുകളുടെ, പോർവിമാനങ്ങളുടെ, മിസൈലുകളുടെ വിളനിലമായി മാറി.

2023 ഒക്ടോബർ ഏഴാം തീയതി മുതലാണ് നിലവിലെ യുദ്ധം ആരംഭിച്ചത്. ഏതാണ്ട് മൂവായിരത്തോളം തീവ്രവാദികൾ ഇസ്രായേലിലേക്ക് ഇരച്ചുകയറുകയും റോക്കറ്റുകൾ വിക്ഷേപിക്കുകയും ചെയ്തു. ഈ ആക്രമണത്തിൽ 766 സാധാരണക്കാരും 373 സുരക്ഷാ ഉദ്യോഗസ്ഥരും ഉൾപ്പെടെ 1139 പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. കൂടാതെ 251 പേരെ ബന്ദികളാക്കുകയും ചെയ്തു. പാലസ്തീൻ പ്രദേശങ്ങളിലെ ഇസ്രായേൽ അധിനിവേശം, ഗാസ മുനമ്പിലെ ഉപരോധം, അനധികൃത ഇസ്രായേൽ വാസസ്ഥലങ്ങളുടെ വിപുലീകരണം, അൽ - അഖ്സ മസ്ജിദിനു നേരെയുള്ള ഭീഷണികൾ, നിലവിൽ പാലസ്തീനികൾ നേരിടുന്ന ദുരവസ്ഥ എന്നിവയ്ക്കെതിരെയുള്ള പ്രതികരണമാണ് തങ്ങളുടെ ആക്രമണമെന്നായിരുന്നു അതിനെ ന്യായീകരിച്ചുകൊണ്ടുള്ള ഹമാസിന്റെ പ്രസ്താവനയിൽ പറഞ്ഞത്. എന്നാൽ പിന്നീട് നമ്മൾ കണ്ടത് ഇസ്രായേൽ ആക്രമണത്തിൽ ഗാസയിൽ മുപ്പത്തയ്യായിരം പേർ കൊല്ലപ്പെടുന്നതായിരുന്നു. അതിൽ പകുതിയിലേറെ സ്ത്രീകളും കുട്ടികളുമാണെന്ന് യുഎൻ റിപ്പോർട്ടുകൾ പറയുന്നു. കൂടാതെ പതിനായിരത്തിലേറെപ്പേരെ കണ്ടെത്താനായിട്ടുമില്ല.

## മരിച്ചവർ ഭാഗ്യവാന്മാർ!

പാലസ്തീനിലെ അഭയാർത്ഥി ക്യാമ്പുകൾക്കു നേരെ പോലും ഇസ്രായേൽ ആക്രമണം നടത്തുമ്പോൾ മരിച്ചവർ ദുരിതജീവിതത്തിൽ നിന്നും രക്ഷപ്പെട്ടവരാണെന്നേ ജീവിച്ചിരിക്കുന്നവർക്ക് പറയാനാകൂ. പാലസ്തീനിലെ 2.3 ദശലക്ഷം മനുഷ്യരിൽ ബഹുഭൂരിപക്ഷവും പിറന്ന നാട്ടിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടു കഴിഞ്ഞു. കർശനമായ ഉപരോധത്തിൽ വലഞ്ഞ് ഈജിപ്തിൽ നിന്നുള്ള അവശ്യസാധനങ്ങൾ കയറ്റിയ ഇരുന്നൂറിലേറെ ട്രക്കുകൾ അഭയാർത്ഥി ക്യാമ്പുകളിലേക്കു പ്രവേശിക്കാനാകാതെ അതിർത്തികളിൽ കാത്തു കിടക്കുകയാണ്. സത്യത്തിൽ നിലവിലെ സ്ഥിതി വെച്ച് ഇസ്രായേൽ ഇനി പലസ്തീൻ ജനതയ്ക്കു നേരെ റോക്കറ്റുകൾ വർഷിക്കേണ്ടതില്ല. പട്ടിണിയും രോഗങ്ങളും യുദ്ധത്തിലേറ്റ മാരകമായ പരിക്കുകളും കൊണ്ടവർ സ്വയം അവസാനിക്കും. ഇന്ന് പാലസ്തീനികൾക്ക് വീടുകളില്ല. എല്ലാം തകർത്തുകഴിഞ്ഞു. പ്രദേശത്തെ മൂന്നിലൊന്നു മരങ്ങളും, കൃഷിയിടങ്ങളും ഇല്ലാതായിക്കഴിഞ്ഞു. സ്കൂളുകളും, സർവകലാശാലകളും, സാംസ്കാരിക കേന്ദ്രങ്ങളും, എന്തിന് മരിച്ചവർ അന്തിയുറങ്ങിയിരുന്ന സെമിത്തേരികളും നശിപ്പിക്കപ്പെട്ടു കഴിഞ്ഞു.

ഈ സമയം ഹൂതികൾ കപ്പലുകൾ ആക്രമിക്കാൻ തുനിഞ്ഞിറങ്ങിയത് മറ്റൊരു തലത്തിലേക്ക് യുദ്ധത്തെ എത്തിക്കുമെന്ന അവസ്ഥയും സൃഷ്ടിച്ചു.

ഇതൊക്കെ ലോക മനസാക്ഷിയെ ഞെട്ടിക്കുന്നു. ലോകമെമ്പാടും ഇസ്രായേലിനെതിരെ പ്രതിഷേധങ്ങൾ ഉയരുന്നു. ഗാസയിലെ ഇസ്രായേൽ വംശഹത്യയെ മുൻനിർത്തി ദക്ഷിണാഫ്രിക്ക അന്താരാഷ്ട്ര നീതിന്യായ കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യുകയും, യുദ്ധം ഉടനടി നിർത്തമെന്നു കോടതി ഇസ്രായേലിനോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ എന്ത് അന്താരാഷ്ട്ര നീതിന്യായ കോടതി എന്നാണ് ഇസ്രായേൽ സ്വീകരിച്ച നിലപാട്. ഇതിനിടയിൽ അവശ്യവസ്തുക്കൾ വിതരണം ചെയ്യാനായി പകൽ യുദ്ധം നിർത്താമെന്ന ഇസ്രായേൽ സൈന്യത്തിന്റെ നിലപാടിനെതിരെ നെതന്യാഹു വിന്റെ നേതൃത്വത്തിലുള്ള ഭരണകൂടം വിയോജിപ്പു വ്യക്തമാക്കി രൂക്ഷമായി പ്രതികരിക്കുന്നതും നമ്മൾ കണ്ടതാണ്.



**ജോർജ് ജോസഫ്**
ചീഫ് എഡിറ്റർ



**സുനിൽ ട്രൈസ്റ്റാർ**
മാനേജിംഗ് എഡിറ്റർ

നിലവിൽ വൈദ്യുതിയും കുടിവെള്ളവും ഭക്ഷണവും ഗാസയിൽ കിട്ടാതായിക്കഴിഞ്ഞു. ആശുപത്രികൾ ഭീകരരുടെ ഒളിത്താവളങ്ങളാണ് എന്നു പറഞ്ഞ് നിരന്തരം ആക്രമിക്കപ്പെടുകയാണ്. യുദ്ധത്തിന്റെ ആദ്യമാസത്തിൽ കൊല്ലപ്പെട്ടത് നാലായിരം കുട്ടികളാണ്. പലസ്തീൻ ഇന്ന് കുഞ്ഞുങ്ങളുടെ ശ്മശാനമാണ്. ഇസ്രായേലും ഹമാസും വംശഹത്യക്കു ശ്രമിച്ചതായും ലൈംഗിക അതിക്രമങ്ങൾ നടത്തിയതായും ആരോപണങ്ങൾ ഉയർന്നിട്ടുണ്ട്. അന്താരാഷ്ട്ര യുദ്ധ നിയമങ്ങൾ അപ്പാടെ ലംഘിച്ചുകൊണ്ടാണ് മധ്യേഷ്യയിലെ ഈ മനുഷ്യത്വരഹിതമായ കൂട്ടക്കൊല മുന്നേറുന്നത്. നാളിതുവരെ യുദ്ധമുഖത്തു പൊലിഞ്ഞത് നൂറ്റിയെട്ട് മാധ്യമ പ്രവർത്തകരാണ്. ഇതുവരെ നടന്നിട്ടുള്ള ഏതൊരു യുദ്ധത്തെ അപേക്ഷിച്ചു നോക്കുമ്പോഴും പാർപ്പിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കെട്ടിടങ്ങളും തകർത്തു തരിപ്പണമാക്കുകയാണ് ഇസ്രായേൽ. മൂന്ന് മാസത്തിനിടയിൽ പാലസ്തീനിൽ ഇസ്രായേൽ വർഷിച്ചത് 29000 ഷെല്ലുകളും ബോംബുകളുമാണ്. ഇതിൽ പൊട്ടാത്ത ബോംബുകളും ഷെല്ലുകളും മനുഷ്യജീവിതം കൂടുതൽ ദുസ്സഹമാക്കുന്നു. ഇതെല്ലാം നീക്കം ചെയ്യണമെങ്കിൽ ഏകദേശം പതിനാലു വർഷം വേണ്ടിവരുമെന്നു പറയുമ്പോൾ ഊഹിക്കാം ദുരന്തത്തിന്റെ വ്യാപ്തി. യുക്രെയിൻ യുദ്ധത്തിൽ അലപ്പോയിലും മറിയുപോളിലും ഒക്കെ ഉണ്ടായ നാശനഷ്ടങ്ങൾ ഇതിനു മുന്നിൽ ഒന്നുമല്ലെന്നു കൂടി അറിയുക.

ഇതിനിടയിലാണ് സ്ഥിതി കൂടുതൽ സങ്കീർണമാക്കും വിധം ഹിസ്ബുള്ള ആക്രമണം തുടർന്നാൽ ലബനനെ ശിലായുഗത്തിലേക്കു തിരിച്ചയക്കുമെന്ന ഇസ്രായേൽ നിലപാട് പുറത്തു വന്നിരിക്കുന്നത്. കാര്യങ്ങൾ ഇങ്ങനെയാണ് മുന്നേറുന്നതെങ്കിൽ തമ്മിൽത്തല്ലി മരിക്കുന്ന മനുഷ്യരുടെ ഭൂമിയായി ഇവിടം മാറുമെന്നതിൽ തർക്കമില്ല.

മറ്റു താത്പര്യങ്ങൾ മാറ്റി വെച്ച് ലോക രാഷ്ട്രങ്ങൾ ഈ പ്രതിസന്ധിയിൽ ഇടപെടുമോ? അതോ ആധുനിക മനുഷ്യരെന്നാൽ മനുഷ്യത്വം മരവിച്ചവരെന്ന നിലപാടിൽ ഉറച്ചു ഒന്നും കണ്ടില്ലെന്നു നടിച്ചു നിൽക്കുമോ?

ഒന്നു പറയട്ടെ,

ഗാസയിലെ കുഞ്ഞുങ്ങൾ ഭൂരിപക്ഷവും അനാഥരാണ്

അവർക്ക് ഭക്ഷണവും, മരുന്നുമില്ല, അവർക്ക് അംഗഭംഗം വരാത്ത ശരീരവുമില്ല.

ലോകം അവർക്കു നേരെ കണ്ണടച്ചു തന്നെ തുടരട്ടെ.

# ബൈഡൻ പിന്മാറില്ലെന്നു കാമ്പയ്ൻ; ട്രംപ് 26 നുണകൾ പറഞ്ഞെന്നു പ്രസിഡന്റ്





രണ്ടു പ്രസിഡന്റുമാർ ഏറ്റുമുട്ടിയ യുഎസ് ചരിത്രത്തിലെ ആദ്യ ഡിബേറ്റിൽ പ്രസിഡന്റ് ജോ ബൈഡൻ പരാജയപ്പെട്ടുവെന്ന വിലയിരുത്തൽ ശക്തമായതോടെ അദ്ദേഹത്തിനു പകരം മറ്റൊരു സ്ഥാനാർഥിയെ കണ്ടെത്താൻ ഡെമോക്രാറ്റിക് പാർട്ടിയിൽ നീക്കം തുടങ്ങിയെന്നു ചില യുഎസ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 'തീവണ്ടി അപകടം' എന്നു വരെ ബൈഡന്റെ പരാജയത്തെ മാധ്യമങ്ങൾ വിശേഷിപ്പിച്ചു.

എന്നാൽ പ്രസിഡന്റ് ജോ ബൈഡൻ മത്സരത്തിൽ നിന്നു പിന്മാറുന്ന പ്രശ്നമില്ലെന്നു അദ്ദേഹത്തിന്റെ കാമ്പയ്ൻ വ്യക്തമാക്കി.

വ്യാഴാഴ്ച ഏറ്റവുമധികം സംഭാവനകൾ ലഭിച്ച ദിവസവുമായിരുന്നുവെന്നു ബൈഡൻ കാമ്പയ്ൻ ചൂണ്ടിക്കാട്ടി. 'അദ്ദേഹം തീർച്ചയായും മത്സരത്തിൽ തന്നെയുണ്ട്,' കാമ്പയ്ൻ വക്താവ് സേഥ് ഷൂറ്സർ പറഞ്ഞു. 'സാമ്പത്തികമാന്ദ്യം ഉണ്ടാക്കുന്ന മാഗാനോമിക്സ് ആണ് മാറ്റേണ്ടത്. തീവ്രമായ അബോർഷൻ നിരോധനങ്ങളും.'

നുണയനുമായി ഡിബേറ്റ് നടത്തുന്നത് കഠിനമാണെന്നു ബൈഡൻ പറഞ്ഞു. 'അദ്ദേഹം 26 തവണ നുണ പറഞ്ഞെന്നു ന്യൂയോർക്ക് ടൈംസ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.'

സ്ഥാനാർഥിയെ മാറ്റുന്നത് ഈ ഘട്ടത്തിൽ അന്യായമാണെന്നു ഡെമോക്രാറ്റിക് നേതാക്കളിൽ പലരും ചൂണ്ടിക്കാട്ടി. അല്ലെങ്കിൽ ബൈഡൻ പിന്മാറണം. അതിനുള്ള താല്പര്യമൊന്നും അദ്ദേഹം കാട്ടിയിട്ടില്ല.

'ഡമോക്രാറ്റുകൾ ആധി പിടിക്കേണ്ട കാര്യമൊന്നുമില്ല,' പെൻസിൽവേനിയ ഗവർണർ ജോഷ് ഷാപിറോ പറഞ്ഞു. 'നമുക്ക് ജോലി തുടരാം. അതിനുള്ള ഉത്തരവാദിത്തം നമുക്കെല്ലാം ഉണ്ട്.'

ഒരു ഡിബേറ്റ് മോശമായി എന്ന വാദത്തിൽ സ്ഥാനാർഥിയെ മാറ്റുന്നത് മൗഢ്യമാണെന്നു പെൻസിൽവേനിയ സെനറ്റർ ജോൺ ഫെറ്റർമാൻ പറഞ്ഞു. 'ബൈഡനെ കൊത്താൻ പറക്കുന്ന ഡെമോക്രാറ്റിക് കഴുകന്മാരോട് എനിക്കു യോജിപ്പില്ല. ഒരു ഡിബേറ്റ് ഒരു വ്യക്തിയുടെ റെക്കോർഡ് വിലയിരുത്തുന്ന സംഭവമൊന്നുമല്ല.'

ഡിബേറ്റ് വേദിയിൽ പരുക്കേറ്റു പ്രസിഡന്റ് ബൈഡൻ

ഡെമോക്രാറ്റിക് നാഷനൽ കൺവെൻഷനിലേക്കു 95% ഡെലിഗേറ്റുകളുടെയും പിന്തുണ ഉറപ്പാക്കിയ ബൈഡനെ മാറ്റുക എന്നത് ഏറെ സങ്കീർണമായ പ്രക്രിയ ആണെന്ന യാഥാർഥ്യം നിലനിൽക്കെ, അത്തരം നീക്കങ്ങളെ താൻ കാര്യമാക്കുന്നില്ലെന്നു ബൈഡനും വ്യക്തമാക്കി. തൊണ്ടവേദനയാണ് തന്റെ ശബ്ദത്തെ ദുർബലമാക്കിയതെന്നു സൂചിപ്പിച്ച ബൈഡൻ മത്സരത്തിൽ ഉറച്ചു തന്നെ നിൽക്കെ പകരം ആര് എന്ന ചോദ്യം ദുർബലമായി. ബൈഡൻ മാറിയാൽ ആ സ്ഥാനത്തേക്കു വരാവുന്ന വൈസ് പ്രസിഡൻറ് കമലാ ഹാരിസ് അദ്ദേഹത്തെ ന്യായീകരിക്കയും ചെയ്തു. മറ്റൊരാൾ കാലിഫോർണിയ ഗവർണർ ഗാവിൻ ന്യൂസമാണ്.

ബൈഡനു താളം തെറ്റിയതു കൊണ്ടാണ് മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വിജയം നേടിയതെന്ന അഭിപ്രായവും കുറിക്കപ്പെട്ടു. അദ്ദേഹം വീണ്ടും പ്രസിഡന്റാവാനുള്ള മികവ് തെളിയിച്ചു എന്ന അഭിപ്രായം റിപ്പബ്ലിക്കൻ പക്ഷത്തിനു മാത്രം അവകാശപ്പെട്ടതാണ്. അതേ സമയം, ട്രംപിന്റെ ആക്രമണങ്ങളിൽ അസത്യം മുന്തി നിന്നിരുന്നെങ്കിലും ഓർമക്കുറവ് മറയ്ക്കാൻ കഴിയാത്ത 81കാരൻ ബൈഡനു ഫലപ്രദമായി അതൊന്നും നേരിടാൻ കഴിഞ്ഞില്ല. ıന്തം ഭരണ നേട്ടങ്ങൾ ഉയർത്തിപ്പിടിക്കുമ്പോൾ പോലും ബൈഡനു ഗുരുതരമായ പിഴവുകൾ പറ്റി.

സ്ഫുടതയോടെ ട്രംപ് ആക്രമണം നടത്തുമ്പോൾ ബൈഡന്റെ മറുപടികൾ സ്പഷ്ടമായിരുന്നില്ല. ശബ്ദം തന്നെ അടച്ചു പോയ പോലെ തോന്നി പലപ്പോഴും. ട്രംപിനെ ചൊടിപ്പിച്ചു താളം തെറ്റിക്കാനുള്ള ശ്രമങ്ങളും ഫലിച്ചില്ല. കുറ്റക്കാരൻ എന്നു കോടതിയിൽ തെളിഞ്ഞ സ്ഥാനാർഥി എന്നു ബൈഡൻ അദ്ദേഹത്തെ വിളിച്ചപ്പോൾ ഹണ്ടർ ബൈഡനു നേരെ വിരൽ ചൂണ്ടി ട്രംപ് തിരിച്ചടിച്ചു. അപ്പോഴും ശക്തമായൊരു പ്രതികരണം പ്രസിഡന്റിൽ നിന്നുണ്ടായില്ല.

ഇനിയൊരു ഡിബേറ്റ് സെപ്റ്റംബറിൽ മാത്രമേയുള്ളൂ. അപ്പോഴേക്ക് വോട്ടർമാർ മിക്കവാറും തീരുമാനം എടുത്തു കഴിഞ്ഞിരിക്കും. പ്രായത്തിന്റെ വെല്ലുവിളിയെ മറികടന്ന നേതാവെന്നു തെളിയിക്കാനുള്ള നല്ലൊരു അവസരം ബൈഡൻ കളഞ്ഞുകുളിച്ചു എന്നതാണ് ഭിന്നതയില്ലാത്ത അഭിപ്രായം.

ബൈഡനെക്കാൾ മൂന്നു വയസ് മാത്രം കുറവുള്ള ട്രംപ് ഊർജസ്വലനായിരുന്നു. അദ്ദേഹത്തിന്റെ അവകാശവാദങ്ങളോ നുണകളോ ജനം വിഴുങ്ങി എന്ന് കരുതാനാവില്ല. എന്നാൽ ഒരു ഡിബേറ്റിൽ സംസാരിക്കുന്നത് ഉഷാറിൽ വേണം എന്നതാണ് തത്വം. അവിടെ ബൈഡൻ തോറ്റു, അതുകൊണ്ട് ട്രംപ് ജയിച്ചു.

റിപ്പബ്ലിക്കൻ പാർട്ടിക്കു തലവേദനയായ അബോർഷൻ വിഷയം പോലും ബൈഡൻ ഫലപ്രദമായി ഉപയോഗിച്ചില്ല. ട്രംപ് ആവട്ടെ, ആ വിഷയം താൻ സംസ്ഥാനങ്ങൾക്കു വിടുന്നു എന്നു പറഞ്ഞു തടിതപ്പനാണ് ശ്രമിച്ചത്.


MALABAR
GOLD & DIAMONDS
GOLDEN
SUMMER
1KG
Gold
52
Winners
Valid until 11th August, 2024
KNOW MORE
T&C Apply

ജനുവരി 6 കലാപത്തെ കുറിച്ച് ചോദിച്ചപ്പോൾ അന്ന് സ്പീക്കറായിരുന്ന ഡെമോക്രാറ്റിക് നേതാവ് നാൻസി പെലോസി ഉത്തരവാദിത്തം ഏറ്റിട്ടുണ്ടെന്ന് പറഞ്ഞു രക്ഷപ്പെടാനാണ് ട്രംപ് ശ്രമിച്ചത്. അവിടെ കാര്യമായ ജനക്കൂട്ടമൊന്നും ഉണ്ടായിരുന്നില്ലെന്ന ട്രംപിന്റെ വാദം പച്ചക്കള്ളമായിരുന്നുവെന്നു അമേരിക്കൻ ജനതയോട് പറഞ്ഞു കൊടുക്കേണ്ടതില്ല.

കോടതിയിലുള്ള കേസുകൾ എന്തായാലും താൻ തെറ്റൊന്നും ചെയ്തിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി. റഷ്യ-യുക്രൈൻ യുദ്ധം താൻ ജയിച്ചാൽ അധികാരമേൽക്കും മുൻപു തന്നെ തീർക്കുമെന്നു ട്രംപ് അവകാശപ്പെട്ടു. ഇറക്കുമതിക്ക് 10% നികുതി ചുമത്തിയാൽ വിലക്കയറ്റം ഉണ്ടാവില്ലെന്ന ട്രംപിന്റെ വാദവും എളുപ്പത്തിൽ ചെലവാകുന്നതല്ല.

ബൈഡൻ ചൈനയുടെ സ്ഥാനാർഥിയാണെന്ന വാദം വരെ ട്രംപ് ഉയർത്തി. അദ്ദേഹത്തിന്റെ പുത്രൻ ഹണ്ടർ ബൈഡൻ കുറ്റവാളിയാണെന്ന് ആഞ്ഞടിച്ചു.

ഡിബേറ്റിൽ ട്രംപ് വിജയിച്ചെന്നു സി എൻ എൻ നടത്തിയ ഫ്ലാഷ് പോളിംഗിൽ 67% കണ്ടു. 33% ആണ് പ്രസിഡൻറ് ജോ ബൈഡനെ പിന്തുണച്ചത്.

### സ്വയം പ്രതിരോധിച്ചു ബൈഡൻ

ഡിബേറ്റിൽ താൻ ശോഭിച്ചെന്നു ബൈഡൻ മാധ്യമങ്ങളോട് പറഞ്ഞു. മത്സരം ഉപേക്ഷിക്കണമെന്നു ചില ഡെമോക്രാറ്റുകൾ പറയുന്നത് കണക്കിലെടുക്കുന്നില്ല.

'ഒരു നുണയാനുമായി ഡിബേറ്റ് നടത്തുക ബുദ്ധിമുട്ടാണ്,' പ്രസിഡന്റ് പറഞ്ഞു.

ഡിബേറ്റിൽ പ്രസിഡന്റിന്റെ തുടക്കം മന്ദഗതിയിൽ ആയിരുന്നുവെന്നു വൈസ് പ്രസിഡന്റ് കമലാ ഹാരിസ് സമ്മതിച്ചു. 'എന്നാൽ അദ്ദേഹം ശക്തമായാണ് അവസാനിപ്പിച്ചത്' എന്നു ഹാരിസ് സി എൻ എൻ അഭിമുഖത്തിൽ പറഞ്ഞു.

'ജലദോഷവുമായാണ് അദ്ദേഹം ഡിബേറ്റിനു വന്നത്,' ഹാരിസ് പറഞ്ഞു.

'നിങ്ങൾ 90 മിനിറ്റ് കണ്ട ബൈഡനെ അല്ല ഞാൻ മൂന്നര വർഷമായി കാണുന്നത്. അദ്ദേഹം മികച്ച പ്രസിഡന്റാണ്.'

ബൈഡനു പകരം മത്സരിക്കാൻ തയ്യാറുണ്ടോ എന്ന് കാലിഫോർണിയ ഗവർണർ ഗവിൻ ന്യൂസമിനോട് മാധ്യമങ്ങൾ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'പ്രസിഡന്റിനെ കുറിച്ച് എനിക്ക് ഏറെ അഭിമാനമുണ്ട്. ഒരു ഡിബേറ്റ് കൊണ്ട് മാറുന്ന അഭിപ്രായമല്ല അത്.'

സെനറ്റർ റഫായേൽ വെർനോക്ക് (ഡെമോക്രാറ്റ്-ജോർജിയ), റെപ്. റോബർട്ട് ഗാർഷ്യ (ഡെമോക്രാറ്റ്-കലിഫോർണിയ) എന്നിവരും ബൈഡനെ ശക്തമായി പിന്താങ്ങി.

### ശരീരഭാഷയുടെ വ്യാഖ്യാനങ്ങൾ

ബൈഡനോ ട്രംപോ പറഞ്ഞ കാര്യങ്ങളേക്കാൾ പുതുമ അവരുടെ ശരീരഭാഷയിൽ ഉണ്ടായിരുന്നുവെന്നാണ് വിദഗ്ദമതം. ബൈഡന്റെ മെയ്‌വഴക്കത്തിന്റെ കുറവും സാവകാശത്തിലുള്ള നടപ്പും അദ്ദേഹത്തിന്റെ പ്രായം കൊണ്ടുള്ള വിഷയങ്ങൾ തന്നെയാണെന്ന് വിദഗ്ദൻ മിസോ വീ പറഞ്ഞു.


ബൈഡൻ പ്രായത്തേക്കാൾ കൂടുതൽ വൃദ്ധനായതു പോലെ തോന്നിയെന്നും വീ പറഞ്ഞു.

'അദ്ദേഹത്തിനു പ്രായം കൊണ്ട് കൂടുതൽ ജ്ഞാനവും അനുഭവ സമ്പത്തും ഉണ്ടെന്നു അവകാശപ്പെടാമായിരുന്നു,' വീ പറഞ്ഞു. 'യാഥാർഥ്യത്തിൽ നിന്ന് ഒളിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല.'

മാനസികാരോഗ്യ-ശരീര-മസ്തിഷ്ക ഭാഷാ വിദഗ്ധ കരോൾ ലീബർമാൻ പറഞ്ഞു: 'ട്രംപ് ആവട്ടെ, കരുത്തുള്ള ശബ്ദത്തിൽ സംസാരിച്ചു. ശബ്ദവും രൂപവും കൊണ്ട് കൂടുതൽ അധികാരഭാവം പ്രകടമാക്കി.'

ബൈഡൻ സംസാരിക്കുമ്പോൾ ട്രംപ് കൊഞ്ഞനം കുത്തിയത് മോശമായിപ്പോയെന്നു അവർ പറഞ്ഞു. അതൊരു മോശപ്പെട്ട സന്ദേശം നൽകി.

സംസാരിക്കാത്ത നിമിഷങ്ങളിലും ബൈഡൻ മറ്റുള്ളവർ പറയുന്നത് ശ്രദ്ധിക്കേണ്ടതായിരുന്നു എന്നും അവർക്കു അഭിപ്രായമുണ്ട്.




India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th 2025, 5pm
Kochi, Kerala
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
മാധ്യമശ്രീ
മാധ്യമരത്ന
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# പത്താമത് ചാപ്റ്ററുമായി ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക; അറ്റ്ലാന്റയിൽ ആദ്യമായി മാധ്യമ കൂട്ടായ്മ

അറ്റ്ലാന്റ: രണ്ടു പതിറ്റാണ്ടിന്റെ പ്രവർത്തന പാരമ്പര്യമുള്ള വടക്കെ അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരുടെ ഏറ്റവും വലിയ കൂട്ടായ്മയായ ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കക്ക് ഏറ്റവും പുതിയ ചാപ്റ്റർ അറ്റ്ലാന്റയിൽ രൂപീകൃതമായി. പ്രസിഡന്റ് ആയി കാജൽ സക്കറിയയും, സെക്രട്ടറിയായി ബിനു കാസിമും, ട്രെഷറർ ആയി തോമസ് ജോസെഫും ചുമതലയേറ്റു.

വൈസ് പ്രസിഡന്റ് ഷൈനി അബൂബക്കർ, ജോയിന്റ് സെക്രട്ടറി അനു ഷിബു, ജോയിന്റ് ട്രെഷറർ സാദിഖ് പുളിക്കാപറമ്പിൽ എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. അമ്മു സഖറിയ, മീര പുതിയടത്തു, ഫമിന ചുക്കൻ എന്നിവർ ചാപ്റ്റർ അംഗങ്ങളായി ചാപ്റ്റർ പ്രവർത്തങ്ങൾക്ക് തുടക്കം കുറിക്കും.

പ്രസിഡന്റ് കാജൽ സഖറിയയുടെ മാധ്യമ രംഗത്തേക്കുള്ള കാൽവെയ്പ് ആകസ്മികമാണെങ്കിലും, തന്റെ ഉള്ളിന്റെ ഉള്ളിലെ ആഗ്രഹങ്ങളിൽ ഒന്ന് പ്രാവർത്തികമാകുന്നതിന്റെ ചാരിതാർഥ്യത്തോട് കൂടിയാണ് താൻ മാധ്യമ കൂട്ടായ്മയുടെ ഭാഗം ആകുന്നതെന്ന് കാജൽ പറഞ്ഞു. പ്രവാസി ചാനലിന്റെ ജോർജിയ റീജിയന്റെ ഡയറക്ടർ ആയിട്ടാണ് അദ്ദേഹം ആദ്യമായി വിഷ്വൽ മീഡിയ രംഗത്തെക്കു വന്നത്. തന്റെപ്രവർത്തന പരിചയവും, സമൂഹവുമായുള്ള സമ്പർക്കവും, പൊതുജനങ്ങ്ളുടെ സ്പന്ദനം അറിയുവാനുള്ള വ്യെഗ്രതയും കൂടുതലായി ഉപയോഗിക്കാനുള്ള അവസരവുമായാണ് കാജൽ ഇതിനെ കാണുന്നത്. മാധ്യമ കൂട്ടായ്മ തീർച്ചയായും അറ്റ്ലാന്റയിലെ മലയാളി മാധ്യമ പ്രവർത്തകർക്ക് പ്രയോജനമാകും വിധം പ്രവർത്തിക്കുമെന്നു പറഞ്ഞു. ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയെ അറ്റ്ലാന്റയിലേക്കു സ്വാഗതം ചെയ്യുന്നതിലുള്ള സന്തോഷം അദ്ദേഹം അറിയിച്ചു.

സെക്രട്ടറി ആയി തിരഞ്ഞെടുത്ത ബിനു കാസിം സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ നിറ സാന്നിധ്യമാണ്. നല്ല ഒരു എഴുത്തുകാരനും, വർഷങ്ങളായി അറ്റ്ലാന്റയിൽ നിന്നും ഈ-മലയാളിയിലേക്കു വാർത്തകൾ തയാറാക്കിയിരുന്നു. ഗ്രെയ്റ്റർ അറ്റ്ലാന്റ മലയാളി അസോസിയേഷൻ പ്രെസിഡന്റായും മറ്റു ഭാരവാഹിത്വങ്ങളും നിർവഹിച്ച ബിനു കാസിം ടെലിവിഷൻ രംഗത്തും പ്രവർത്തിച്ചിട്ടുണ്ട്. നവ്യാനുഭവത്തോടു കൂടി ഹൃദ്യമായി പുതിയ ഒരു ടെലിവിഷൻ പരമ്പര അവതരിപ്പിക്കാൻ തയ്യാറെടുക്കുകയാണ് ബിനു കാസിം ഇപ്പോൾ. ഒരു സംരംഭകനും കൂടിയായ ബിനു വളരെ സന്തോഷത്തോടെയും കൃതാർഥതയോടെയും സെക്രട്ടറി ചുമതല താൻ ഏറ്റെടുക്കുന്നു എന്ന് പറയുകയുണ്ടായി.




'മിയ മിയ' എന്ന് പറഞ്ഞാൽ അറിയാത്തവരാരും ഇന്നിപ്പോൾ നോർത്ത് അമേരിക്കയിൽ ഇല്ലാ എന്ന് തന്നെ പറയാം. ഒറ്റയാൾപ്പട്ടാളം പോലെ നവമാധ്യമത്തിൽ തന്റേതായ കയ്യൊപ്പ് ചേർത്ത തോമസ് ജോസഫ് ആണ് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്തമേരിക്ക അറ്റ്ലാന്റയുടെ ട്രെഷറർ. ഫേസ്ബുക്കിലൂടെ തന്റെ മാധ്യമ പ്രവർത്തനങ്ങൾക്ക് പുതിയ മാനം കണ്ടെത്തിയ ആളാണ് തോമസ് ജോസഫ്. അമേരിക്കയിലുടനീളം സഞ്ചരിച്ചു അദ്ദേഹം ഇപ്പോൾ നിരവധി ടെലിവിഷൻ ഡോക്യൂമെന്ററികൾ തയ്യാറാക്കുന്നുണ്ട്. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അന്താരാഷ്ട്ര കോൺഫെറൻസ് ഫ്ളോറിഡയിൽ നടന്നപ്പോൾ അതിലെ നിറസാന്നിധ്യം ആയതു ഒരിക്കലും മറക്കാൻ ആവില്ല്യ എന്നദ്ദേഹം പറഞ്ഞു.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അറ്റ്ലാന്റയിലേക്കുള്ള വരവ് ഇപ്പോഴാണെങ്കിലും വർഷങ്ങളായി ഇതിന്റെ പ്രവർത്തനങ്ങളിൽ പല രീതികളിൽ ഫ്ളവേഴ്സ് ടിവിയുടെ ഭാഗമായത് കൊണ്ട് കാണാനും അറിയാനും സാധിച്ചിരുന്നു എന്ന് വൈസ് പ്രസിഡന്റ് ആയ ഷൈനി അബൂബക്കർ പറഞ്ഞു. ഷൈനി ഫ്ളവേഴ്സ് ടിവി യു എസ് എ യുടെ അവതാരക ആണ്. എന്നെങ്കിലും അറ്റ്ലാന്റയിൽ ഒരു ചാപ്റ്റർ ഉണ്ടാകും എന്ന് വിചാരിച്ചു എന്നും, വളരെ സന്തോഷത്തെടെ ഈ വൈസ് പ്രസിഡന്റ് സ്ഥാനം ഏൽക്കുന്നതായും ഷൈനി പറഞ്ഞു. ഈ കൂട്ടായ്മയുടെ പ്രവർത്തങ്ങൾ ഉടൻ തന്നെ ആരംഭിക്കുമെന്നും ഷൈനി കൂട്ടിച്ചേർത്തു. ഐ. ടി രംഗത്ത് പ്രവർത്തിക്കുന്നു.

ജോയിന്റ് സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ട അനു ഷിബു ഏഷ്യാനെറ്റിന്റെ യു.

എസ്. വീക്കിലി റൗണ്ടപ്പിൽ അവതാരകആയി തന്റെ മാധ്യമ പ്രവർത്തങ്ങൾ തുടരുന്നു. നിരവധി വർഷങ്ങളായി മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന അനു ഷിബു നേരത്തെ മലയാളി എഫ് എം റേഡിയോയിൽ റേഡിയോ ജോക്കി ആയും പ്രവർത്തിച്ചിരുന്നു. ഐ ടി മേഖലയിൽ യിൽ പ്രോഡക്റ്റ് മാനേജർ ആയി പ്രവർത്തിക്കുന്നു. മറ്റു സാമൂഹ്യ സാംസ്കാരിക രംഗത്തും അനുവിന്റെ പ്രവർത്തങ്ങൾ സജീവമാണ്.

ജോയിന്റ് ട്രെഷറർ ആയ സാദിഖ് പുളിക്കാപറമ്പിൽ ഏഷ്യാനെറ്റിന്റെ യു.എസ്. വീക്കിലി റൗണ്ടപ്പിൽ നിർമാതാവും, എഡിറ്ററും, ക്യാമെറാമാനുമായി നിരവധി വർഷങ്ങളായി പ്രവർത്തിക്കുന്നു. മാധ്യമ കൂട്ടായ്മയുടെ അറ്റ്ലാന്റയിലെ പ്രവർത്തങ്ങളിൽ സസന്തോഷം പങ്കെടുക്കും എന്ന് അദ്ദേഹം പറഞ്ഞു.

ചാപ്റ്റർ അംഗങ്ങളായ അമ്മു സഖറിയ പ്രശസ്ത എഴുത്തുകാരിയും, നിരവധി വർഷങ്ങളായി ഈമലയാളിയിൽ വാർത്തകൾ തയ്യാറാക്കി അയക്കുന്നു. മീര പുതിയടത്തു പ്രവാസി ചാനലിന്റെ പ്രതിനിധിയും, അവതാരകയുമാണ്. മറ്റൊരു അംഗമായ ഫെമിന ചുക്കൻ കേരളത്തിലെ പ്രശസ്ത മാധ്യമമായ 'മാധ്യമം' പത്രത്തിൽ നിരവധി പംക്തികൾ തയ്യാറിക്കിയിരുന്നു. നിരവധി വർഷങ്ങളായി ഏഷ്യാനെറ്റിന്റെ യു.എസ്. വീക്കിലി റൗണ്ടപ്പിന്റെ അവതാരകയായി പ്രവർത്തിക്കുന്നു. അമേരിക്കയിൽ ബിഹേവിയറൽ തെറാപ്പിസ്റ് ആയി ജോലി ചെയുന്ന ഫെമിന ചുക്കൻ അറ്റ്ലാന്റയിലെ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിലെ സജീവസാനിധ്യമാണ്.

ഉടൻ തന്നെ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്തമേരിക്കയുടെ അറ്റ്ലാന്റ ചാപ്റ്റർ പ്രവർത്തനോദ്ഘാടനം ഉണ്ടാകുമെന്നു പ്രസിഡന്റ് കാജൽ സഖറിയ അറിയിച്ചു.



# അജിത് ചാണ്ടി ഫൊക്കാന നാഷണൽ കമ്മിറ്റി മെംബർ ആയി മത്സരിക്കുന്നു.

ന്യൂ യോർക്ക് :സജിമോൻ നേതൃത്വം നൽകുന്ന ഡ്രീം ടീമിന്റെ ഭാഗമായി ഫൊക്കാനയുടെ 2024-2026 ഭരണസമിതിയിൽ നാഷണൽ കമ്മിറ്റി മെംബെർ ആയി അജിത് ചാണ്ടി മത്സരിക്കുന്നു. ഡെൽവെയറിലെ പ്രമുഖ മലയാളീ സംഘടനയായ ഡെൽവെയർ മലയാളീ അസോസിയേഷന്റെ (DELMA) മുൻ പ്രസിഡന്റ് കൂടിയാണ് അദ്ദേഹം.

ഡെൽവെയറിലെ മലയാളികളുടെ ഏതു കാര്യങ്ങൾക്കും കൃത്യമായ ഇടപെടലുകൾ നടത്തുന്ന വെക്തിയാണ് അജിത്. 2012 ൾ ഡെൽവെയർ മലയാളീ അസോസിയേഷൻ രൂപീകരിക്കാൻ മുൻപിൽ നിന്ന് പ്രവർത്തിച്ച അജിത് അസോസിയേഷന്റെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുള്ള വെക്തി കൂടിയാണ്.

ഡെൽവെയർ ഏരിയയിലെ എല്ലാ മലയാളീകളുമായും വളരെ അധികം സുഹൃത്തുബന്ധം കാത്തു സൂക്ഷിക്കുന്ന അജിത് തന്റെ പ്രവർത്തന രീതിയിലൂടെ അമേരിക്കൻ മലയാളികൾക്ക് ഇടയിൽ സുപരിചിതനുമാണ്.

കേരളാ വിദ്യാർത്ഥി യൂണിയന്റെ പ്രവർത്തകനായി സ്കൂൾ കോളേജ് തലങ്ങളിൽ സംഘടന പ്രവർത്തനം നടത്തി നേതൃുനിരയിൽ പ്രവർത്തിച്ചു. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ കൗൺസിലർ ആയി വിജയിക്കുകയും ചെയ്ത അജിത് ഗടഡന്റെ താലൂക്ക് , ജില്ലാ ഭാരവാഹികൾ ആയും പ്രവർത്തിച്ചു. കോട്ടയം രാഷ്ട്രീയത്തിൽ തിളങ്ങി നിന്ന അജിത് , കോൺഗ്രസിന് വേണ്ടി പ്രവർത്തിച്ച പരിചയമാണ് പിന്നീട് അമേരിക്കൻ സംസ്കരിക മേഖലയിൽ പ്രവർത്തിക്കാൻ ഉണ്ടായ പ്രചോദനം.

ഹോട്ടൽ മാനേജ്മെന്റിൽ ഡിഗ്രിയുള്ള അദ്ദേഹം പ്രധാന ഹോട്ടൽസ് ആയ ലീല ഹോട്ടൽ, റെനൈസ്സൻസ് എന്നിവടങ്ങളിൽ ജോലി ചെയ്തതിനു ശേഷം ബഹറിനിൽ ഹോട്ടൽ കൺസൾട്ടന്റ് ആയും പ്രവർത്തിച്ച ശേഷമാണ് 2006 ആണ് അമേരിക്കയിൽ എത്തുന്നത്. ഒരു ചാരിറ്റി പ്രവർത്തകൻ കൂടിയായ അജിത് പല ചാരിറ്റി പ്രവർത്തങ്ങൾക്കും നേതൃത്വം നൽകിയിട്ടുള്ള വെക്തികൂടിയാണ്. ഒരുമികച്ച സംഘാടകനെന്നതിലുപരി ഒരു മികച്ച സഹകാരി കൂടിയാണ് അദ്ദേഹം . ഏതു വിഭാഗങ്ങളിലായാലും സഹായകനെന്ന നിലയിൽ അജിത്തിന്റെ കരങ്ങൾ ഉണ്ടായിരിക്കും.

ഭാര്യ ഷൈനിക്കും മക്കളായ അലൻ ചാണ്ടി ( ബ്ലൂംബെർഗ് ന്യൂ യോർക്കിൽ ജോലിചെയ്യുന്നു ) എതൻ ചാണ്ടി (സ്റ്റുഡൻറ് )എന്നിവരോടൊപ്പം ഡൽവേയറിൽ ആണ് താമസം. ഫിലാഡൽഫിയായിലെ സെന്റ് പീറ്റേഴ്സ് ചർച്ചിന്റെ മെംബർ കൂടിയാണ്.

ഫൊക്കാന ഇന്നു വരെ കണ്ടിട്ടില്ലാത്ത ഒട്ടേറെ മാറ്റങ്ങൾക്ക് തയ്യാർ എടുക്കുമ്പോൾ, അജിത് ചാണ്ടിയുടെ പ്രവർത്തന പരിചയവും യുവത്വവും സംഘടനക്ക് ഒരു മുതൽകൂട്ടാവുമെന്നും അതുകൊണ്ടു തന്നെ പെൻസൽവേനിയ റീജിയനിൽ നിന്നുള്ള ഏവരും ഒരേ സ്വരത്തിൽ അജിത് ചാണ്ടിയുടെ നോമിനേഷനെ പിൻന്താങ്ങുന്നു.

**ശ്രീകുമാർ ഉണ്ണിത്താൻ**

# ഇന്ത്യയിൽ ജനാധിപത്യം നേടിയ വിജയം യുഎസ് നഗരങ്ങളിൽ ഐ ഓ സി യുഎസ്എ ആഘോഷിച്ചു



ന്യൂ യോർക്കിലെ നാസോ കൗണ്ടിയിൽ വൈസ് പ്രസിഡന്റ് ജോൺ ജോസഫ് ചടങ്ങു നയിച്ചു. വൈസ് പ്രസിഡന്റ് ബൽദേവ് സിംഗ് രൺധാവ, ജനറൽ സെക്രട്ടറി സോഫിയ ശർമ്മ എന്നിവർ പിൻബലം നൽകി.

ന്യൂ ജേഴ്‌സിയിൽ നോർത്ത്ഈസ്റ്റ് സോൺ വർക്കിങ് പ്രസിഡന്റ് പ്രദീപ് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ നാനൂറോളം പേർ പങ്കെടുത്തു. വിനോദ പരിപാടികളും ഉണ്ടായിരുന്നു.

ലോസ് ഏഞ്ജലസിൽ വെസ്റ്റ് കോസ്റ്റ് സോൺ വർക്കിങ് പ്രസിഡന്റ് ദേവീന്ദർ എസ്. ഭുള്ളർ ചടങ്ങിനു നേതൃത്വം നൽകി. രാഹുൽ ഗാന്ധിയുടെ ജന്മദിനം അവിടെയും ആഘോഷിക്കവേ കലിഫോർണിയയിൽ കഴിഞ്ഞ വർഷം അദ്ദേഹം നടത്തിയ സന്ദർശനത്തിന്റെ ഓർമ്മകൾ പലരും പങ്കുവച്ചു.

സാൻ ഫ്രാൻസിസ്കോയിൽ വെസ്റ്റ് കോസ്റ്റ് സോൺ ചെയർമാൻ ഡോക്ടർ ഹർമേഷ് കുമാർ, ജനറൽ സെക്രട്ടറി ഗുരീന്ദർപാൽ സിംഗും ചടങ്ങുകൾ നയിച്ചു.

ഡാളസിൽ സൗത്ത് ഈസ്റ്റ് സോൺ വർക്കിങ് പ്രസിഡൻറ് ഗുർദേവ് സിംഗ് ആണ് ആഘോഷത്തിന് നേതൃത്വം നൽകിയത്. വാഷിംഗ്ടൺ ഡി സിയിൽ ചാപ്റ്റർ പ്രസിഡന്റ് ജോൺസൺ മയലിൽ നയിച്ച പരിപാടിയിൽ ഇന്ത്യയുടെ മുൻ അംബാസഡർ വേണു രാജാമണി പങ്കെടുത്തു.

ഷിക്കാഗോയിൽ കേരള ചാപ്റ്റർ പ്രസിഡന്റ് സതീശൻ നായർ ആഘോഷങ്ങൾ നയിച്ചു. തോമസ് മാത്യു ഉദ്ഘാടനം ചെയ്തു.












ROYAL ALBERT'S PALACE
N & M Photography


Discover
a New You at
TOTAL MEDICAL 360 LLC.
HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590


ഫൊക്കാന 2024 - 26 ടീം ലെഗസി
Dr. Kala Shahi
President
George Panicker
General Secretary
Rajan Samuel
Treasurer
Shaju Sam
Exe Vice President
Roy George
Vice President
Biju Jose (Thoombil)
Associate Secretary
Santhosh Ayipe
Associate Treasurer
Devassy Palatty
Addl. Associate Treasurer
Dr. Aju Oommen
Addl. Associate Secretary
Nisha Eric
Womens Forum Chair
ഡോ. കല ഷഹി ടീം മികച്ച പ്രവർത്തനങ്ങളുടെ തുടർച്ച, സംഘടനക്ക് പുതിയ മുഖം
PLEASE
VOTE FOR
Dr. Kala Shahi
Presidential Candidate
Washington, D.C.
VOTE FOR FOKANA
Team Legacy 2024 - 2026
"One FOKANA forever"

# ഡോ. കല ഷാഹിയും ടീമും ന്യു യോർക്കിൽ വന്നു, കണ്ടു, കീഴടക്കി



ന്യു യോർക്ക്: ഫൊക്കാനയുടെ ശക്തി കേന്ദ്രമായ ന്യു യോർക്കിലെ ടൈസൺ സെന്ററിൽ ടീം ലെഗസിയുടെ പ്രസിഡന്റ് സ്ഥാനാർഥി ഡോ. കല ഷാഹിയും ടീമും നടത്തിയ ജനസമ്പർക്ക പരിപാടി വലിയ പങ്കാളിത്തത്തോടെ വൻ വിജയമായി. ന്യു യോർക്കിൽ വിജയിക്കുന്നവരാണ് സംഘടനകളുടെ തലപ്പത്തെത്തുന്നതെന്ന ചൊല്ല് അന്വർത്ഥമാക്കുന്ന പിന്തുണയാണ് മീറ്റ് ആൻഡ് ഗ്രീറ്റ് പരിപാടിയെ ശ്രദ്ധേയമാക്കിയയത്.

ഡോ. കലക്കൊപ്പം മത്സരിക്കുന്ന സ്ഥാനാർഥികളിൽ നല്ലൊരു പങ്കും പങ്കെടുക്കുകയും തങ്ങളുടെ നിലപാടുകൾ അവതരിപ്പിക്കുകയും പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു.

ഡോ. കല ഷാഹി ചെയ്ത ശ്രദ്ധേയമായ പ്രസംഗത്തിൽ വിജയിച്ചാൽ എന്തൊക്കെ ചെയ്യുമെന്നത് സംബന്ധിച്ചുള്ള രൂപരേഖ ആവതരിപ്പിച്ചു. ഏറ്റവും മികച്ച സ്ഥാനാർത്ഥികളെയാണ് താൻ അവതരിപ്പിക്കുന്നതെന്നവർ പറഞ്ഞു. അവരാരും തന്റെ ബന്ധുക്കളോ ഉറ്റമിത്രങ്ങളോ ഒന്നുമല്ല. സംഘടനയോടുള്ള പ്രതിബദ്ധതയാണ് അവരെ ടീമിലെത്തിച്ചത്.

'കഴിഞ്ഞ രണ്ടു വർഷമായിട്ട് ഫൊക്കാനയെക്കുറിച്ച് ഞാൻ ശരിക്കും പഠിക്കുകയുണ്ടായി. ഈ പഠനത്തിൽ ഫൊക്കാനയിൽ അവിടവിടെയായി ചില ഗ്യാപ്സ് ഉള്ളതായി മനസിലാക്കാൻ സാധിച്ചു. ഈ വിടവുകൾ നികത്തണമെന്നാണ് ഈ കമ്മിറ്റിയുടെ തീരുമാനം,' കല ഷാഹി പറഞ്ഞു. നിങ്ങൾ ഞങ്ങളെ വിജയിപ്പിക്കുകയാണെങ്കിൽ, ഫൊക്കാന നിയമാവലിയുള്ള പോരായ്മകൾ പരിഹരിക്കും. ഭരണഘടയിൽ പലകാര്യങ്ങൾക്കും വ്യക്തതയില്ല. നിയമാവലിക്ക് വ്യക്തയുണ്ടാക്കുക എന്നതാണ് ആദ്യത്തെ ലക്ഷ്യം. അതിനായി ഒരു ജുഡീഷ്യൽ കമ്മിറ്റിയെ നിയോഗിക്കും. ഫൊക്കാനയെക്കുറിച്ച് നന്നായി അറിയുന്നവരുടെ കമ്മിറ്റി രൂപീകരിച്ച് ഫൊക്കാനയ്ക്ക് അടിത്തറ ശക്തമാക്കുക എന്നുള്ളതാണ് ആദ്യ ലക്ഷ്യം.

ഫൊക്കാന ഹെൽപ് ലൈൻ ആണ് മറ്റൊരു പ്രോജക്റ്റ്. അതിനായി വിദഗ്ധ കമ്മിറ്റി രൂപീകരിക്കും. ഡോക്ടർ, സോഷ്യൽ വർക്കേഴ്സ്, ഫൊനാൻഷ്യൽ, മാനേജ്മെന്റ് ടീം അങ്ങനെ പ്രഗൽഭരായ വ്യക്തികളുടെ ഒരു കമ്മിറ്റി. ഉദാഹരണത്തിന് ഒരു വീട്ടിൽ ഗാർഹിക പീഡനമുണ്ടായാൽ, ഒരു സ്ത്രീ ആയിരിക്കും ഇര. അവർ നമ്മളെ സമീപിക്കുകയാണെങ്കിൽ അവർക്കു വേണ്ട പിന്തുണയും ഗൈഡൻസും നൽകുവാൻ കഴിയണം.

നിരവധി പ്രശ്നങ്ങളാണ് നമ്മുടെ കമ്മ്യൂണിറ്റിയിൽ ഉള്ളത്. ഗാർഹിക പീഡനം,



ഡ്രഗ് അഡിക്ഷൻ, ഇമ്മിഗ്രേഷൻ പ്രശ്നങ്ങൾ , ജോലി സംബന്ധമായ പ്രശ്നങ്ങൾ , സാമ്പത്തിക പ്രശ്നങ്ങൾ തുടങ്ങിയുവ. ഇതിലെല്ലാം ഫൊക്കാനയ്ക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ ഇടപെടുക എന്നതാണ് ഉദ്ദേശം.

അടുത്തത് നമ്മുടെ യൂത്തിനെ എംപവർ ചെയ്യുക എന്നുള്ളതാണ്. ഇപ്പോൾ അധികം യുവജനങ്ങളൊന്നും ഫൊക്കാനയിൽ സജീവമായി വരുന്നില്ല. യൂത്തിന് ആകർഷകമായ പ്രോജക്റ്റൊന്നും നമ്മൾ നടത്തുന്നില്ല എന്നതാണ് കാരണം. അവർക്കും ആകർഷകമായ പദ്ധതികൾ കൊണ്ടുവന്ന് അവരെകൂടി ഉൾപ്പെടുത്തി പ്രോഗ്രാമുകൾ നടത്തണം. അതിനായി ഒരു യൂത്ത് ഫെസ്റ്റിവൽ ലക്ഷ്യമിടുന്നു. റീജണൽ ലെവലിൽ മത്സരങ്ങൾ നടത്തി, നാഷ്ണൽ ലെവലിൽ കൊണ്ടുവന്ന് നമ്മുടെ നാട്ടിലെ പോലെ ഒരു യുവജനോൽസവം.

യുവജനങ്ങൾക്കായി പ്രത്യേക കൺവൻഷനും ലക്ഷ്യമിടുന്നു. ഇപ്പോൾ രണ്ടു കൺവൻഷനാണ് ഫൊക്കാന നടത്തുന്നത്. കേരള കൺവൻഷനും നാഷ്ണൽ കൺവൻഷനും. മൂന്നാമത് യൂത്തിന് മാത്രമായി ഒരു കൺവൻഷൻ നടത്തും. അത് അവർ തന്നെ പ്ലാൻ ചെയ്ത് നമ്മുടെ ഗൈഡൻസോടുകൂടി നടത്തും .

അതുപോലെ യൂത്തിന് വേണ്ടി സ്പോർട്സ് മത്സരങ്ങൾ റീജണൽ ലെവലിലും നാഷ്ണൽ ലെവലിലും നടത്തും.

മിക്ക സ്ത്രീകളും സംഘടനയിലേക്ക് വരികയോ അവരെ കൊണ്ടുവരികയോ ചെയ്യുന്നില്ല. നല്ല ഉദാഹരണം, നാല്പത് വർഷത്തിനിടയിൽ ആദ്യ വനിതാ സെക്രട്ടറിയാണ് ഞാൻ എന്നാതാണ് . സ്ത്രീകൾക്ക് പ്രാതിനിധ്യം വളരെ കുറവാണ്. അതിനാൽ കമ്മിറ്റിയിൽ ആണെങ്കിലും ഒരു മുപ്പത് ശതമാനം സ്ത്രീകൾക്ക് പ്രാതിനിധ്യം എന്നതാണ് മറ്റൊരു ലക്ഷ്യം.

അത് പോലെ ഇപ്പോൾ നടക്കുന്ന എല്ലാ പ്രോജക്റ്റും തുടർന്നും ചെയ്യും. ഫൊക്കാന ഇന്റർനാഷ്ണൽ ആണ് ഒന്ന്. ഫൊക്കാനയുടെ പാരമ്പര്യം മറ്റു രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായി ഇന്റർനാഷ്ണൽ ചാപ്റ്റേഴ്സ് രൂപീകരിക്കുക എന്നത് . അഞ്ചോളം ഇന്റർനാഷ്ണൽ ചാപ്റ്റേഴ്സ് രൂപീകരിച്ചിട്ടുണ്ട്. ആ പ്രോജക്റ്റ് ഇനിയും തുടരും. ഫൊക്കാനയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും അവരുമായി നെറ്റ് വർക്കിംഗ് സംവിധാനം ഉണ്ടാക്കുകയും ചെയ്യും.

അടുത്തതായി ഫൊക്കാന പൊളിറ്റിക്കൽ ഇന്റേൺഷിപ്പ് . പൊളിറ്റിക്കൽ ഇന്റേൺഷിപ്പിന്റെ ഡയറക്ടറാണ് ചിക്കാഗോയിൽ നിന്നുള്ള നിഷ എറിക്. രാഷ്ട്രീയത്തിൽ താൽപര്യമുള്ള നമ്മുടെ യുവതലമുറയെ ഇന്റേൺഷിപ്പിനു ഫൊക്കാന സഹായിക്കും. അതിനുള്ള സ്റ്റൈപ്പഡ് ഫൊക്കാനയിൽ നിന്നും നൽകും.

അതു പോലെ ചാരിറ്റി പ്രവർത്തനങ്ങൾ, ഹൗസിംഗ് പ്രോജക്റ്റ് , സ്കോളർഷിപ്പ് , തുടങ്ങിയ എല്ലാ പ്രോജക്റ്റുകളും ഇനിയും തുടർന്നും ചെയ്യും. ഫൊക്കാനയുടെ പാരമ്പര്യം തുടരുക എന്നതാണ് ഈ പാനലിന്റെ ഉദ്ദേശം.
















'എനിക്കെതിരെ മത്സരിക്കുന്ന സ്ഥാനാർത്ഥികളെ ഞാൻ വളരെയധികം ബഹുമാനിക്കുന്നു. എന്റെ സുഹൃത്തുക്കളാണ് അവർ . അവരെല്ലാം എന്നെകുറിച്ച് വളരെ നന്നായിട്ടാണ് ഇതുവരെ പറഞ്ഞിട്ടുള്ളത്. ഇലക്ഷനിൽ നിന്നതുകൊണ്ട് എന്താണ് പറയുന്നതെന്നറിയില്ല. എന്നാലും ആ രണ്ട് സ്ഥാനാർത്ഥികളോടുള്ള ബഹുമാനവും ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇലക്ഷന് ജയിച്ചാലും തോറ്റാലും അവരുമായി ചേർന്ന് ഇനിയും പ്രവർത്തിക്കും. യാതൊരു വ്യക്തിപരമായ വിദ്വെഷവും ഇല്ല-കല വ്യക്തമാക്കി.

തുടർന്ന് പാനലിൽ നിന്നുള്ളവർ സംസാരിക്കുകയും ഈ ടീമിന്റെ പ്രത്യേകതകൾ എടുത്തുകാട്ടുകയും ചെയ്തു. തങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ടു പോകുമെന്ന് ഏവരും ഉറപ്പിച്ചു പറഞ്ഞു.

മികച്ച ഈ പരിപാടി സംഘടിപ്പിച്ച എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സ്ഥാനാർഥി കൂടിയായ ഷാജു സാം ആയിരുന്നു എംസി.

ട്രഷറർ സ്ഥാനാർഥി രാജൻ സാമുവൽ (ഫിലാഡൽഫിയ) തന്റെ മുൻകാല പ്രവർത്തനങ്ങളും ഫൊക്കാനയിലെ ലക്ഷ്യങ്ങളും വിവരിച്ചു. അസോ. സെക്രട്ടറി സ്ഥാനാർഥി ബിജു തൂമ്പിൽ (ബോസ്റ്റൺ) തന്റെ പ്രസംഗചാതുര്യമില്ലായ്മയെപ്പറ്റി നടത്തിയ പ്രസംഗം മനം കവരുന്നതായി .

അഡീഷണൽ അസോ. സെക്രട്ടറി സ്ഥാനാർഥി അജു ഉമ്മൻ, അഡീ. അസോ. ട്രഷറർ ദേവസി പാലാട്ടി എന്നിവരും ലക്ഷ്യങ്ങൾ വിവരിച്ചു.

നേരത്തെ ഫോമായിലായിരിക്കെ നടത്തിയ ചാരിറ്റി പ്രവർത്തനങ്ങൾ വിമൻസ് ഫോറം ചെയർ സ്ഥാനാർഥി നിഷ് എറിക്ക് വിവരിച്ചു. ഫൊക്കാനയാണ് തന്റെ തട്ടകമെന്നു മനസിലാക്കിയാണ് ഇവിടെ എത്തിയത്. വിജയിച്ചാൽ ഒട്ടേറെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമെന്നവർ പറഞ്ഞു.

ന്യു യോർക്കിലെ ആർ.വി.പി സ്ഥാനാർഥി റെജി വർഗീസ് (സ്റ്റാറ്റൻ ഐലൻഡ്) തന്റെ സംഘടനാ പ്രവർത്തനങ്ങളും അഞ്ചു മില്യന്റെ പള്ളി പണിയുന്നതിന് നേതൃത്വം കൊടുത്തതുമൊക്കെ വിവരിച്ചു.

നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന തോമസ് നൈനാൻ (റോക്ക് ലാൻഡ്), റോണി വർഗീസ് (ഫിലാഡൽഫിയ), സണ്ണി പണിക്കർ (ന്യു യോർക്ക്), ജോയി കൂടാലി (ബാൾട്ടിമോർ), ഡോ നീന ഈപ്പൻ (വാഷിംഗ്ടൺ, ഡി.സി), റോബർട്ട് അരീച്ചിറ (റോക്ക് ലാൻഡ്) ഷൈമി ജേക്കബ് (റോക്ക് ലാൻഡ്), എന്നിവർക്ക് പുറമെ ട്രസ്റ്റി ബോർഡിലേക്ക് മത്സരിക്കുന്ന അലക്സ് എബ്രഹാമും (റോക്ക് ലാൻഡ്) സംസാരിച്ചു.

യുവജന പ്രതിനിധി സ്നേഹ തോമസ് (ന്യു യോർക്ക്) ആയിരുന്നു സംസാരിച്ച മറ്റൊരാൾ.

ഫൊക്കാന മുൻ ജനറൽ സെക്രട്ടറി വിനോദ് കെയാർകെ സ്പെല്ലിങ് ബീ പോലെ തങ്ങളുടെ കാലത്ത് നടപ്പാക്കിയ പദ്ധതികൾ പുനരാരംഭിക്കണമെന്ന് നിർദേശിച്ചു. ഡെലിഗേറ്റുകളെ കണ്വന്ഷനിലെത്തിച്ച് വോട്ട് ലഭ്യമാക്കാൻ മറക്കരുതെന്നും അദ്ദേഹം ഉപദേശിച്ചു.

ജോസ് കുര്യപ്പുറം തുടങ്ങി ഒട്ടേറെ പേർ പങ്കെടുത്തു. ഫോമാക്കാരായ ചിലരും സൗഹൃദപ്രതിനിധികളായി എത്തി.






# 12-ഇന പരിപാടിയുമായി ടീം ഫോമാ

**ഫോമാക്ക് പുത്തൻ മുഖച്ഛായ നൽകുന്ന നൂതന പദ്ധതികളും നയപരിപാടികളുമായി പ്രസിഡന്റ് തോമസ് ടി ഉമ്മന്റെ നേതൃത്വത്തിൽ 'ടീം ഫോമാ.'**

**തോമസ് ടി ഉമ്മൻ** – പ്രസിഡന്റ്

**സാമുവൽ മത്തായി** – ജനറൽ സെക്രട്ടറി

**ബിനൂബ് ശ്രീധരൻ** – ട്രഷറർ

**സണ്ണി കല്ലൂപ്പാറ** – വൈസ് പ്രസിഡന്റ്

**ഡോ. പ്രിൻസ് നെച്ചിക്കാട്** – ജോ. സെക്രട്ടറി

**അമ്പിളി സജിമോൻ** – ജോ. ട്രഷറർ



THOMAS T OOMMEN
PRESIDENT

SAMUEL MATHAI
GENERAL SECRETARY

BINOOB SREEDHARAN
TREASURER

SUNNY KALLOOPPARA
VICE PRESIDENT

DR. PRINCE NECHIKAT DBA
JOINT SECRETARY

AMBILY SAJIMON
JOINT TREASURER

## പന്ത്രണ്ടിന പരിപാടികൾ

- മുൻ പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ ആസ്ഥാന ബിൽഡിങ് കമ്മിറ്റി; മിച്ചം തുക കമ്മിറ്റിയെ ഏൽപ്പിക്കും
- വനിതാ സംരംഭകരുടെ അന്തർദേശീയ സംഗമം
- മലയാളി ടെക്നോളജി സമ്മിറ്റ്: സിലിക്കോൺ വാലി
- നാടക, സിനിമാ കലാകാരന്മാരുടെ ക്യാമ്പ്: ഹോളിവുഡ്
- യുവജനതക്കായി ഇന്റേൺഷിപ് പ്രോഗ്രാം; ഫെഡറൽ, സ്റ്റേറ്റ്, തലങ്ങളിലും വൻകിട കോർപ്പറേഷനുകളിലും
- ഒരു മില്യൺ ഡോളറിന്റെ ചാരിറ്റി പദ്ധതി; ഇന്ത്യക്കും അമേരിക്കക്കും തുല്യപ്രാധാന്യം
- വിദ്യാഭ്യാസ സ്കോളർഷിപ് – അമേരിക്കയിലും ഇന്ത്യയിലും
- ഇരട്ട പൗരത്വത്തിനു വേണ്ടിയുള്ള പ്രവർത്തനം, അതിനായി ഗ്ലോബൽ ഇനിഷ്യേറ്റീവ്
- പ്രൊഫെഷനലുകളുടെ ആഗോള സംഗമം.
- വിമൻസ് ഫോറവും നഴ്സസ് ഫോറവും സീനിയർ ഫോറവും ശക്തിപ്പെടുത്തും
- പുതുതലമുറക്കായി ജൂനിയർ ഫോറം കാര്യക്ഷമമാക്കും.
- ഫോമായുടെ ഭവന സഹായ പദ്ധതിയുൾപ്പെടെയുള്ള വിജയകരമായ കർമ്മപരിപാടികൾ തുടരും

# ലോക കേരള സഭക്ക് സാധ്യത ഏറെ; യാഥാർത്ഥ്യബോധമുള്ള ലക്ഷ്യങ്ങൾ വേണം: ജോർജ് എബ്രഹാം



കുവൈറ്റിൽ അപ്പാർട്ട്മെന്റിന് തീപിടിച്ച് 41 മലയാളികൾ മരിച്ച വൻ ദുരന്തത്തിന്റെ ശോകമൂകമായ അന്തരീക്ഷത്തിൽ നടന്ന ലോക കേരള സഭ സമ്മേളനത്തിൽ പങ്കെടുത്ത ഓരോ പ്രതിനിധികളുടെയും മനസ്, ഉറ്റവരെ നഷ്ടപ്പെട്ട വേദനയിൽ വിങ്ങുന്ന കുടുംബങ്ങൾക്കൊപ്പമായിരുന്നു. വിനോദ പരിപാടികൾ എല്ലാം തന്നെ റദ്ദാക്കി. നിശ്ചയിച്ചിരുന്ന മീറ്റിംഗുകളുടെ രണ്ടാം ദിവസം വൈകിയാണ് ഉദ്ഘാടനച്ചടങ്ങ് നടന്നത്. മുഖ്യമന്ത്രിയും സംഘവും പ്രതിപക്ഷ നേതാവിനൊപ്പം വിമാനത്താവളത്തിലെത്തി മരിച്ചവരുടെ ഭൗതികാവശിഷ്ടങ്ങൾ ഏറ്റുവാങ്ങാനും കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാനും ശ്രമിച്ചത് തീർച്ചയായും മഹത്തായ നടപടിയായിരുന്നു.

കുവൈറ്റിൽ സംഭവിച്ച ഈ വൻ ദുരന്തം, ദൈവത്തിന്റെ സ്വന്തം നാട്ടിൽ ജോലി ലഭിക്കാതെ ദൈവങ്ങൾ ഉപേക്ഷിച്ച സ്ഥലങ്ങളിൽ പോയി ജോലി ചെയ്യാനും കുടുംബം പുലർത്താനും വിധിക്കപ്പെട്ട

കേരളത്തിലെ സാധാരണക്കാരുടെ ദുരവസ്ഥ ഒരിക്കൽ കൂടി വ്യക്തമാക്കുന്നു. മലയാളി മാനേജ്മെന്റിന് കീഴിലുള്ള കമ്പനിയാണ് തൊഴിൽദാതാക്കൾ എന്നതും അവരെ നിലവാരം കുറഞ്ഞ സാഹചര്യത്തിൽ പാർപ്പിച്ചു എന്നുള്ളതുമാണ് ഇവിടത്തെ വിരോധാഭാസം. അത് കേൾക്കുമ്പോൾ മലയാളി എന്ന നിലയിൽ സങ്കടവും ലജ്ജയും തോന്നുന്നു. ബംഗാളികളും ബീഹാറികളും കേരളത്തിൽ ദിവസേന നാലക്ക കൂലി സമ്പാദിക്കുമ്പോൾ എന്തിനാണ് നമ്മുടെ ആളുകൾ ഈ ഭയാനകമായ അവസ്ഥയിൽ പോയി പണിയെടുക്കാൻ തയ്യാറായതെന്നതും ആശ്ചര്യം ഉളവാക്കുന്നു. കേരളത്തിന്റെ പാരമ്പര്യവും ചരിത്രവും നോക്കുമ്പോൾ മാന്യമായ ജോലി എന്ന് സമൂഹം കണക്കാക്കുന്ന തൊഴിലുകളിൽ മാത്രം ഏർപ്പെടുക എന്നുള്ള ദുരഭിമാനമാണ് ഇതിലൂടെ വെളിപ്പെടുന്നത്. കേരളത്തിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ജാതി വ്യവസ്ഥയ്ക്ക് അതുമായി വളരെയധികം ബന്ധമുണ്ടാകാം, ആ പഴഞ്ചൻ സൂത്രവാക്യങ്ങൾക്കനുസൃതമായുള്ള തൊഴിലുകളുടെ വർഗ്ഗീകരണം ഇപ്പോഴും മലയാളികളുടെ തന്മാത്രകളിൽ ശക്തമായി വേരൂന്നിയിട്ടുണ്ടാകാം.

ഗവർണർ സമ്മേളനം ഉദ്ഘാടനം ചെയ്യാൻ വിസമ്മതിച്ചതിൽ അതിശയിക്കാനില്ല. ഇത്രയും കാലം അദ്ദേഹം ബിജെപിയുടെ കുതന്ത്രങ്ങൾ അനുസരിക്കുന്ന ഉപകരണമായിരുന്നു. തൽഫലമായി, വൈകുന്നേരം വൈകി തന്നെയാണ് തന്നെയാണ് യോഗം ഉദ്ഘാടനം ചെയ്തത്. സമ്മേളനം രാത്രി വൈകിയും തുടർന്നു. ഈ സമ്മേളനം പൂർണമായും ഉപയോഗശൂന്യമായ ഒരു പ്രഹസനമാണെന്ന ധാരണയോട് ഞാൻ വിയോജിക്കുന്നു. എന്നാൽ ചിലവും ഗുണഫലങ്ങളും അടിസ്ഥാനമാക്കിയുള്ള യഥാർത്ഥ വിശകലനം നടത്തിയാൽ നിലവിലെ സർക്കാരിന്റെ അതിഭാവുകത്വം സംശയം ജനിപ്പിക്കും . പ്രവാസികൾക്ക് ഒത്തുചേരാനും അവരുടെ നിരാശകൾക്ക് പരിഹാരം കാണാനും ആശങ്കകൾ പങ്കുവെക്കാനുമുള്ള മികച്ച വേദിയാണിത്. എന്നിരുന്നാലും, പ്രവാസികളിൽ നിന്ന് ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ തികച്ചും പരാജയപ്പെടുന്നു എന്നുള്ളത് ഇതിൽ പങ്കെടുത്ത ഭൂരിഭാഗം പേരും സമ്മതിക്കും.

ഇത് ഞാൻ പങ്കെടുക്കുന്ന രണ്ടാമത്തെ കോൺഫറൻസാണ്. ഒരേ നിർദ്ദേശങ്ങൾ ഞാൻ വീണ്ടും വീണ്ടും ആവർത്തിച്ചു കേൾക്കുന്നു. ഗൾഫ് രാജ്യങ്ങളിലെ ജനങ്ങൾക്ക് യഥാർത്ഥത്തിൽ ആശങ്കകൾ ഏറെയാണ്. ഈ മീറ്റിംഗുകളിൽ അവർ അവ അവതരിപ്പിക്കുന്നു. എന്നാൽ, ആ പ്രശ്നങ്ങൾക്കുള്ള പല പരിഹാരങ്ങളും ഡൽഹിയിലെ കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിലാണെന്നതാണ് പ്രശ്നം. സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്ന ഒരേയൊരു കാര്യം കടലാസ് ഡൽഹിയിലേക്ക് നീക്കി കാത്തിരിക്കുക എന്നതാണ്.

പാശ്ചാത്യ രാജ്യങ്ങളിൽ നിന്ന് പങ്കെടുത്ത ചിലർ രംഗത്തിറങ്ങുകയും സാങ്കേതിക വിദ്യകളുമായി ബന്ധപ്പെട്ട ചില വിചിത്രമായ നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. നീണ്ടകരയിൽ നിന്ന് തോറിയം എടുത്ത് ഊർജ ഉൽപ്പാദനത്തിനായി പോർട്ടബിൾ ലോ-ഗ്രേഡ് ന്യൂക്ലിയർ റിയാക്ടറുകൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് ഒരാൾ പറയുന്നത് ഞാൻ കേട്ടു! സ്വപ്നം കാണുന്നത് പ്രധാനമാണ്, എന്നാൽ , ഈ നിർദ്ദിഷ്ട പദ്ധതികളിൽ പലതും ഏറ്റെടുക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളും ആവാസവ്യവസ്ഥയും സാമ്പത്തിക സ്രോതസ്സുകളും കേരളത്തിന് ഇല്ലെന്ന്. ഏതൊരു സ്വതന്ത്ര നിരീക്ഷകനും വ്യക്തമാണ്. വാസ്തവത്തിൽ, ആണവോർജം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല.



**എല്ലാ ലോക കേരള സഭാ യോഗങ്ങളിലും, സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം കൊണ്ടുവരാൻ പ്രവാസികൾക്ക് എങ്ങനെ സഹായിക്കാനാകും എന്നതിനെക്കുറിച്ച് വലിയ ചർച്ചകൾ നടക്കുന്നു. കേരളത്തിലേക്ക് വിദേശ നിക്ഷേപം കൊണ്ടുവരണമെന്ന് നമ്മൾ ഓരോരുത്തരും എത്രത്തോളം ആഗ്രഹിച്ചാലും, ബിസിനസ്സിനോട് സൗഹൃദപരമല്ലാത്തൊരു ഭൂതകാലം പ്രവാസികളായ ഞങ്ങൾ പലരും നേരിട്ടിട്ടുണ്ടെന്ന് ഓർക്കുക.**

പഞ്ചാബ്, ഡൽഹി എന്നിവിടങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് അവരുടെ ലക്ഷ്യസ്ഥാനങ്ങളിൽ നിന്ന് കൂടുതൽ ട്രെയിൻ സർവ്വീസുകൾ ചേർക്കാൻ നിരവധി ലളിതമായ അഭ്യർത്ഥനകളുണ്ട്. അവ പോലും വാർഷിക ചർച്ചകളുടെ ഭാഗമാണ്.

ലോകകേരളസഭയ്ക്ക് വളരെയധികം സാധ്യതകളുണ്ടെന്നതിൽ ആർക്കും തർക്കമില്ല. എന്നിരുന്നാലും, കൂടുതൽ യാഥാർത്ഥ്യബോധമുള്ള ലക്ഷ്യങ്ങൾ സ്ഥാപിക്കുകയും അവ നിറവേറ്റുന്നതിനായി പ്രവർത്തിക്കുകയും ചെയ്യുന്നതാണ് നല്ലത്. ലോകകേരളസഭയെക്കുറിച്ചുള്ള ഒരു വലിയ വിമർശനം സർക്കാരിന്റെ പണം പാഴാക്കുന്നു എന്നതാണ്. അതിൽ ഒരുപാട് സത്യമുണ്ട്. പ്രതിനിധികൾ ഒന്നുകിൽ അവരുടെ മുറിക്കും ബോർഡിനും രജിസ്ട്രേഷൻ ഫീസ് മുഖേന പണം നൽകണമെന്നും അല്ലെങ്കിൽ നികുതിദായകരുടെ പണം ഉപയോഗിക്കേണ്ടതില്ലാത്ത ഫണ്ടിംഗ് സ്രോതസ്സുകൾ സർക്കാർ കണ്ടെത്തണമെന്നുമാണ് ഇക്കാര്യത്തിൽ എന്റെ നിർദ്ദേശം.

## കോവിഡ് കാലത്ത് പ്രവാസിയെ എങ്ങനെയാണ് കേരളം കണ്ടത്?

മണി ഓർഡർ എക്കണോമി എന്നത് ഇപ്പോൾ വയർ ട്രാൻസ്ഫർ ഇക്കോണമി എന്ന് നിങ്ങൾക്ക് മാറ്റി വിളിക്കാം . വിദേശത്തുനിന്ന് പണമയയ്ക്കുന്നതിന്റെ ഏകദേശം 20% കേരളത്തിലേക്കാണ്. നമ്മുടെ സമ്പദ്‌വ്യവസ്ഥ ഇതിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നതു തന്നെ. എന്നാൽ, കേരളത്തിലെ ജനങ്ങൾക്ക് ആ യാഥാർത്ഥ്യത്തെക്കുറിച്ചും പ്രവാസികളെല്ലാം മടങ്ങിയെത്തിയാൽ എന്ത് സംഭവിക്കുമെന്നതിനെപ്പറ്റിയും ധാരണയില്ല. കോവിഡ് മഹാമാരി ഇപ്പോൾ ഒരു ദൃഷ്ടാന്തമാണ്. കേരളത്തിലുടനീളം മടങ്ങിയെത്തിയ പ്രവാസികളോട് ആ സമയത്ത് കൈക്കൊണ്ട സമീപനം ഓർക്കുക. ഭ്രഷ്ട് കല്പിച്ചവരെപ്പോലെ സമൂഹം അവരെ ആട്ടിപ്പായിക്കുകയും ഒറ്റപ്പെടുത്തുകയും അസഭ്യവർഷം ചൊരിയുകയും ചെയ്തത് വിസ്മരിക്കാനാവില്ല. ഇന്ത്യയും ഏതാനും രാജ്യങ്ങളും ഒഴികെ എല്ലാ പരിഷ്കൃത രാജ്യങ്ങളും വിദേശത്തുള്ള തങ്ങളുടെ പൗരന്മാർക്ക് മഹാമാരിക്കിടെ അഭയം നൽകാൻ തയ്യാറായി.

എന്നിട്ടാണ് അവർ ഇപ്പോൾ കേരളത്തിന് പ്രവാസികൾ എത്രത്തോളം പ്രധാനമാണെന്ന് പുലമ്പുന്നത്. ആ വാക്കുകൾ ആത്മാർത്ഥമായിരുന്നെങ്കിൽ, കേരളത്തിലെ ജനങ്ങൾ അത് മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുമായിരുന്നു. പ്രവാസികളെ വന്ദിച്ചില്ലെങ്കിലും അർഹിക്കുന്ന ബഹുമാനം നൽകാനുള്ള ബോധവൽക്കരണം വിദ്യാഭ്യാസത്തിലൂടെ നൽകാൻ നോർക്ക മുൻകൈ എടുക്കുന്നത് നല്ലതായിരിക്കും.

എല്ലാ ലോക കേരള സഭാ യോഗങ്ങളിലും, സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം കൊണ്ടുവരാൻ പ്രവാസികൾക്ക് എങ്ങനെ സഹായിക്കാനാകും എന്നതിനെക്കുറിച്ച് വലിയ ചർച്ചകൾ നടക്കുന്നു. കേരളത്തിലേക്ക് വിദേശ നിക്ഷേപം കൊണ്ടുവരണമെന്ന് നമ്മൾ ഓരോരുത്തരും എത്രത്തോളം ആഗ്രഹിച്ചാലും , ബിസിനസ്സിനോട് സൗഹൃദപരമല്ലാത്തൊരു ഭൂതകാലം പ്രവാസികളായ ഞങ്ങൾ പലരും നേരിട്ടിട്ടുണ്ടെന്ന് ഓർക്കുക. ഇപ്പോൾ അധികാരത്തിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി 'സാമ്രാജ്യത്വ രാജ്യങ്ങളുമായി കച്ചവടം നടത്തുന്നതിനെ ശക്തമായി എതിർത്തിരുന്നു. വ്യവസായത്തിന്റെ ഓട്ടോമേഷൻ അല്ലെങ്കിൽ ഭരണസംവിധാനത്തിന്റെ കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെ എല്ലാറ്റിനെയും അവർ എതിർത്തു. 2005 ൽ പോലും ഇന്ത്യയ്ക്ക് അത്യാധുനിക സാങ്കേതികവിദ്യയും ഹെവി വാട്ടറും ലഭ്യമാകുമായിരുന്ന ഇൻഡോ-യുഎസ് ന്യൂക്ലിയർ കരാറിനെ സിപിഎം നഖശിഖാന്തം എതിർക്കുകയാണ് ചെയ്തത്.

ആ പാരമ്പര്യം ഇനിയും തുടച്ചുമാറ്റപ്പെട്ടിട്ടില്ല. മാത്രമല്ല, വൻകിട ഉൽപ്പാദന പ്ലാന്റുകൾ സ്ഥാപിക്കാൻ സാധിക്കുന്ന വിസ്തൃതിയുള്ള ഭൂമിയും നമുക്കില്ല. അവശേഷിക്കുന്ന ഏതാനും സാധ്യതകൾ ഐ.ടി. ഫാർമസ്യൂട്ടിക്കൽസ് പോലുള്ള രംഗങ്ങളിലാണ്. എന്നിരുന്നാലും, നിലവിലെ മോഡൽ നന്നായി മുന്നോട്ടുപോവുകയും അത് നമ്മുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകുകയും അവരെ പ്രാപ്തരാക്കി പുറത്ത് ഇറക്കുകയും ചെയ്യുന്നു. അവരാകട്ടെ, പണം സമ്പാദിക്കുന്നതോടൊപ്പം നമ്മുടെ സമ്പദ്‌വ്യവസ്ഥയെ നിലനിർത്തുകയും ചെയ്യുന്നു.

ഐബിഎമ്മിന്റെ സെന്റർ ഓഫ് എക്സലൻസ് പ്രോഗ്രാമിനായി ധാരണാപത്രത്തിന് വേണ്ടി തിരുവനന്തപുരത്ത് അധികാരത്തിന്റെ ഇടനാഴികളിലൂടെ നടന്ന ദിവസങ്ങളാണ് എനിക്ക് ഓർമ്മവരുന്നത്. ഐക്യരാഷ്ട്രസഭയുടെ ഒരു സിടിഒ എന്ന നിലയിൽ, യുഎന്നിലെ ഐ.ടി വിങ്ങിലേക്ക് ഞാൻ കേരളം ഉൾപ്പെടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നിരവധി ഉദ്യോഗാർത്ഥികളുടെ അഭിമുഖം നടത്തിയിട്ടുണ്ട്. നമ്മുടെ വിദ്യാർത്ഥികൾക്ക് അവർ പഠിച്ച വിഷയത്തിൽ ഗ്രാഹ്യമുണ്ടെങ്കിലും കൂടുതൽ ആശയവിനിമയ വൈദഗ്ധ്യവും ആത്മവിശ്വാസവും ആവശ്യമാണെന്നത് ഞാൻ ശ്രദ്ധിച്ച ഒരു കാര്യമാണ്. എന്നാൽ, ചെന്നൈയിൽ നിന്നോ ബാംഗ്ലൂരിൽ നിന്നോ ഉള്ള കുട്ടികൾ അവിടെ കൂടുതൽ മികവ് പുലർത്തി. ബാംഗ്ലൂരും ചെന്നൈയും പോലൊരു കോസ്മോപൊളിറ്റൻ നഗരം നമുക്കില്ലാത്തതിനാൽ അതിന് നമ്മുടെ കുട്ടികളെ കുറ്റപ്പെടുത്താനാവില്ല.

അഭിമുഖം നടത്തുമ്പോൾ സർവ്വകലാശാലകൾക്ക് സൗജന്യമായി വാഗ്ദാനം ചെയ്തിട്ടുള്ള ഐബിഎം-ന്റെ ഒരു സർട്ടിഫിക്കേഷൻ അവർക്ക് നൽകാറുണ്ട്. അത് പാടില്ലായിരുന്നു. അക്കാലത്തെ ബഹുമാനപ്പെട്ട മന്ത്രി അതൊരു അമേരിക്കൻ കമ്പനിയാണെന്ന് പറഞ്ഞ് അവരുമായി ബിസിനസ്സ് ചെയ്യാൻ ആഗ്രഹിക്കുന്നില്ല എന്ന പേരിൽ ആ ഓഫർ നിരസിച്ചു. ഇതാണ് ഇപ്പോൾ ഭരണചക്രം തിരിക്കുന്നവരുടെ യഥാർത്ഥ പാരമ്പര്യം.

എന്നാൽ, നിലവിലേതുപോലെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകി ഉയർന്ന ശമ്പളമുള്ള ജോലികൾക്കായി ആഗോള വിപണിയിൽ മത്സരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന കേരളത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിന് മൂല്യച്യുതി സംഭവിച്ചതുകൊണ്ടുതന്നെ കടുത്ത ഭീഷണി ഉയർന്നിരിക്കുകയാണ്.

വിദ്യാഭ്യാസ സമ്പ്രദായത്തിലെ അമിത രാഷ്ട്രീയവൽക്കരണമാണ് ഏറ്റവും വലിയ പ്രശ്നം. കുട്ടികൾ ഇപ്പോൾ വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ല. പകരം വിദ്യാർത്ഥി യൂണിയൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. അതാകട്ടെ, പലപ്പോഴും ഭീകരമായ അക്രമത്തിൽ കലാശിക്കുന്നു. എന്നാൽ, നമ്മുടെ രാഷ്ട്രീയ നേതാക്കളുടെയും സമൂഹത്തിലെ ഉന്നതരുടെയും മക്കളെ വിദേശ സർവകലാശാലകളിലേക്ക്

അയച്ച് പഠിപ്പിക്കുന്നതുകൊണ്ട് ഈ ദൗർഭാഗ്യകരമായ സംഭവവികാസം അവരെ ബാധിക്കുന്നതേയില്ല. സാധാരണക്കാരുടെ മക്കളാണ് ഇവിടെ ബലിയാടാകുന്നത്.

അക്കാദമികൾ രാഷ്ട്രീയ രക്ഷാകർതൃത്വത്താൽ നിറഞ്ഞിരിക്കുന്നു, പ്രധാന സ്ഥാനങ്ങളിലേക്കുള്ള നിയമനങ്ങൾ കൂടുതലായും പാർട്ടി ബന്ധങ്ങൾ അടിസ്ഥാനമാക്കിയാണ് നടപ്പാക്കുന്നത്. വിദ്യാഭ്യാസത്തിന്റെ സ്വാതന്ത്ര്യത്തെയും ഗുണനിലവാരത്തെയും ദുർബലപ്പെടുത്തുന്ന ഈ അപകടകരമായ പ്രവണതയിൽ നിന്ന് വിദ്യാഭ്യാസമേഖലയിലെ സ്ഥാപനങ്ങളൊന്നുംതന്നെ മുക്തമല്ല. മുൻകാലങ്ങളിൽ മികവ് മാനദണ്ഡമാക്കി സ്ഥാനങ്ങൾ നൽകിയിരുന്ന രീതി പൂർണമായും ഇല്ലാതായിരിക്കുന്നു.

ആഗോള മത്സരക്ഷമത വർദ്ധിക്കുമ്പോൾ ഗുണമേന്മയുള്ള മനുഷ്യവിഭവശേഷിയുടെ ആവശ്യകത കൂടുകയാണ്. എന്നാൽ,നമ്മുടെ കാമ്പസുകളിൽ മയക്കുമരുന്നുകളുടെ ലഭ്യത വർദ്ധിച്ചുവരുന്നത് ഇവിടെ വെല്ലുവിളിയാകുന്നു. അടുത്ത കാലം വരെ, നമ്മുടെ 100 ശതമാനത്തിനടുത്ത് വിദ്യാർത്ഥികളും 12-ാം ക്ലാസ്സിൽ വിജയിക്കാറുണ്ടായിരുന്നു എന്നാണ് ഞാൻ കേട്ടിട്ടുള്ളത്. എന്നിട്ടും പഠ്യവിഷയത്തിൽ അടിസ്ഥാന വൈദഗ്ധ്യം പോലുമില്ലാതെ ഇംഗ്ലീഷ് എഴുതാനോ വായിക്കാനോ പോലും അറിയാതെയാണ് പലരും സ്കൂളിന്റെ പടിയിറങ്ങുന്നത്.

'നിങ്ങൾ ഈ ലോകത്ത് എന്ത് മാറ്റം കാണാൻ ആഗ്രഹിക്കുന്നുവോ, അതാകണം' (ആല വേല രവമിഴല ്യീൗ ംമിേ ീ ലെല ശി വേശ ംീൃഹറ) എന്ന ഗാന്ധിജിയുടെ പ്രശസ്തമായ വാചകം ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ ഏതാനും വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടെങ്കിലും അവർക്കത് ചെയ്യാൻ കഴിഞ്ഞില്ല എന്ന് ജെ.എസ്.അടൂരിന്റെ ഒരു ലേഖനത്തിൽ അടുത്തിടെ വായിച്ചു. മാർട്ടിൻ ലൂഥർ കിംഗിനെയോ നെൽസൺ മണ്ടേലയോ അവരുടെ ചിത്രങ്ങൾ നോക്കി ആരാണെന്ന് പറയാൻ പോലും അവർക്ക് കഴിഞ്ഞില്ല.

ചാൾസ് ഡിക്കൻസിനെക്കുറിച്ചോ ഷേക്സ്പിയറിനെക്കുറിച്ചോ പിന്നെ പറയേണ്ടല്ലോ.

സെമസ്റ്റർ സംവിധാനങ്ങൾ, അന്താരാഷ്ട്ര സ്ഥാപനങ്ങളോട് കിടപിടിക്കുന്ന സിലബസുകളുടെ സർട്ടിഫിക്കേഷൻ തുടങ്ങി സർക്കാർ കൊണ്ടുവന്ന ചില പരിഷ്കാരങ്ങൾ അഭിനന്ദിക്കപ്പെടേണ്ടതാണ്. എന്നാൽ, മുഴുവൻ സമയ അധ്യാപകർക്ക് പകരം ഗസ്റ്റ് അധ്യാപകരുടെ എണ്ണം വർധിപ്പിക്കുന്ന നിയമനത്തിലെ ഏറ്റവും പുതിയ പ്രവണത വിദ്യാഭ്യാസ സംവിധാനത്തിൽ ഏറെ ദോഷം ചെയ്യും. തൽഫലമായി, കഴിവുറ്റ കൂടുതൽ കൂടുതൽ കുട്ടികൾ പഠനത്തിനായി കേരളം ഉപേക്ഷിച്ച് വിദേശത്തേക്ക് ചേക്കേറും. മികവ് മാനദണ്ഡമാക്കി മാത്രം നിയമനങ്ങൾ നടത്തുകയും ചോദ്യപേപ്പർ ചോർച്ചയും പിൻവാതിൽ വഴിയുള്ള നിയമനങ്ങളും തടയുകയും വേണം. അത്തരം കാര്യങ്ങൾ നമ്മുടെ യുവതലമുറയുടെ അവസരങ്ങൾക്ക് തുരങ്കം വയ്ക്കുക മാത്രമല്ല, മഹത്തായ ഒരു സമൂഹത്തിന്റെ അധഃപതനത്തിനും വഴിവയ്ക്കും.

കേരളത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നിരവധി നല്ല നിർദേശങ്ങൾ സമ്മേളനത്തിൽ ഉയർന്നുകേട്ടു. പേരുകേട്ട വിദേശ അക്കാദമിക് സ്ഥാപനങ്ങളുമായി സഹകരണം പ്രോത്സാഹിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കണം. പാശ്ചാത്യ ലോകത്തുടനീളം വിരമിച്ച ഒട്ടേറെ മലയാളി പ്രൊഫസർമാരും അദ്ധ്യാപകരുമുണ്ട്. വിദ്യാഭ്യാസ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള ആശയങ്ങളും പഠ്യരീതികളും സംഭാവന ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കണം. നവീകരണത്തിനും നേതൃത്വത്തിനുമുള്ള ഒരു ഇടമായി കേരളത്തെ വാർത്തെടുക്കണം എന്നുണ്ടെങ്കിൽ, സർക്കാർ ധനസഹായത്തോടെയും സ്വകാര്യ പങ്കാളിത്തത്തോടെയും സർവകലാശാലകളിൽ അടിസ്ഥാനപരമായ ധാരാളം ഗവേഷണങ്ങൾ നടക്കുന്ന അമേരിക്കൻ മോഡൽ പിന്തുടരുന്നത് നന്നായിരിക്കും.

യുഎസിലെ തെലുങ്ക് സമൂഹം അസൂയാവഹമായ രീതിയിൽ വളരുകയാണ്. അവരുടെ വിജയത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് അതിന്റെ നെറ്റ്‌വർക്കിംഗ് ആണ്. മൈക്രോസോഫ്റ്റ് സിഇഒ സത്യ നാദെല്ല മലയാളി ആയിരുന്നെങ്കിൽ, നമ്മുടെ ധാരാളം ഐടി പ്രൊഫഷണലായ ചെറുപ്പക്കാർക്ക് അവസരങ്ങൾ നൽകുന്നതിന് അദ്ദേഹത്തിന് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയുമായിരുന്നു. നമ്മുടെ യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ നൽകി സംസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകാൻ നമ്മൾ ഐ.ടി.ക്കാരുടെ ഒരു ആഗോള സഖ്യം സൃഷ്ടിക്കേണ്ടതുണ്ട്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും കൂടുതൽ കാര്യക്ഷമമായ ജോലി ചെയ്യാൻ സാങ്കേതികവിദ്യ സഹായകമാണ്. ലോകത്തിന്റെ എല്ലാ കോണിലും വിജയകിരീടം ചൂടിയ മലയാളി ഐടി പ്രൊഫഷണലുകളുണ്ട്. നമുക്ക് അത് പ്രയോജനപ്പെടുത്താം.

- ഐടി പ്രൊഫഷണലുകളുടെ ഒരു ആഗോള സഖ്യം ഉണ്ടാക്കുക.

- നമ്മുടെ ആശയങ്ങൾ പങ്കിടാൻ ഒരു കേന്ദ്ര ഡാറ്റാബേസ് സൃഷ്ടിക്കുക.

- ഞാൻ ഒരു കാര്യം കൂടി ചേർക്കാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടാണ് ഇന്ത്യ ഐ.ടി. രംഗത്തെ മഹാശക്തിയായി നിലനിൽക്കുന്നതെന്ന് അറിയാമോ? ഇംഗ്ലീഷ് കാരണം. മോഡി സർക്കാർ മുന്നോട്ട് വയ്ക്കുന്ന ത്രിഭാഷാ ഫോർമുലയെ നമ്മൾ ചെറുക്കേണ്ടതുണ്ട്. ഇംഗ്ലീഷ് ഒരു ആഗോള ഭാഷയാണ്. സാങ്കേതികതയുടെ ഭാഷയാണത്.



ഏത് ഭാഷയും പഠിക്കാൻ മലയാളികൾ മിടുക്കരാണ്. എന്നാൽ ഒരു ഭാഷയും നമ്മളുടെ മേൽ അടിച്ചേൽപ്പിക്കരുത്. ചൈന ഇംഗ്ലീഷ് പഠിപ്പിക്കാൻ ഭീമമായ തുകയാണ് ചെലവഴിക്കുന്നത്. ഡൽഹി സർക്കാർ മുന്നോട്ടുവച്ച ത്രിഭാഷാ സൂത്രവാക്യം അക്കാര്യത്തിൽ നമ്മുടെ ദൃഢനിശ്ചയത്തെ ദുർബലപ്പെടുത്തുകയേ ഉള്ളൂ. ചെറുപ്പം മുതലേ നമ്മുടെ കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിൽ ശ്രദ്ധയൂന്നാം.

## വിമർശനം ഭയക്കുന്ന നാടുവാഴി സംസ്കാരം

നാലാമത് ലോക കേരളസഭ ഇനി ചരിത്രമാണ്. ഈ സമ്മേളനത്തിന്റെ പ്രയോജനത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വരും ആഴ്ചകളിൽ അനന്തമായി ചർച്ച ചെയ്യപ്പെടും. എന്നിരുന്നാലും, നോർക്ക റൂട്ട്സിന്റെ ഇടപാടുകൾ പതിവുപോലെ തുടരും. മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള വിഭാഗം കൂടിയാലോചനകളും നിർദ്ദേശങ്ങളും ചൂണ്ടിക്കാണിക്കപ്പെട്ട അഭ്യർത്ഥനകളും പരിശോധിക്കും. എന്തെങ്കിലും ഒരു പ്രതികരണം ലഭിക്കുമെന്ന് ആരും കരുതേണ്ടതില്ല. കഴിഞ്ഞ തവണ ഞാൻ ലോക കേരളം സഭയിൽ സമർപ്പിച്ച നിർദേശങ്ങൾക്ക് ഒരു മറുപടി പോലും കിട്ടിയില്ല.

ആളുകൾ അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്ന സാങ്കേതിക സെഷനുകൾക്ക് ശേഷം, ഓരോരുത്തരെയായി ക്ഷണിച്ച് രണ്ടോ മൂന്നോ മിനിറ്റ് വീതം സംസാരിക്കാൻ അവസരം ലഭിച്ചു. എന്റെ പേര് വിളിക്കുന്നത് ഞാൻ കേൾക്കാതിരുന്നതുകൊണ്ട്, സെഷന്റെ അവസാനം, സ്പീക്കറുടെ അടുത്തെത്തി എന്നെ ലിസ്റ്റിൽ ചേർക്കാൻ ആവശ്യപ്പെട്ടു. അടുത്ത ദിവസം എന്നെ വിളിക്കാമെന്ന് അദ്ദേഹം ഉടൻ സമ്മതിച്ചു.

ഈ സമ്മേളനം വിളിച്ചതിന് എൽഡിഎഫ് സർക്കാരിന് ലഭിച്ച പ്രശംസയുടെയും നന്ദിയുടെയും കൂട്ടപ്പൊരിച്ചിലാണ് ഞാൻ ശ്രദ്ധിച്ചത് . ഒരു എതിരഭിപ്രായവും കേട്ടില്ല. പ്രസംഗകരിൽ ചിലർ പിണറായി വിജയനെയും അദ്ദേഹത്തിന്റെ സർക്കാരിനെയും പ്രശംസിക്കാൻ സമയം ചിലവഴിക്കുക മാത്രമല്ല, മാധ്യമങ്ങളെ കുത്തി പറയാനും മടി കാണിച്ചില്ല. 2026 ൽ യു.ഡി.എഫ് ഭരണത്തിന് കീഴിലെ അടുത്ത ലോകകേരള സഭയിൽ ഇക്കൂട്ടർ എന്ത് പറയും? ഭരണം മാറുമ്പോൾ ഇവരുടെ നിറവും മാറുമോ?

ഒടുവിൽ, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രകടിപ്പിക്കാൻ എന്നെ പോഡിയത്തിലേക്ക് വിളിച്ചു. സമ്മേളനത്തെക്കുറിച്ചുള്ള നിയമാനുസൃതമായ വിമർശനങ്ങളെ അവഗണിക്കരുതെന്നും പകരം അതിന്റെ യുക്തിയും ലക്ഷ്യവും പൊതുജനങ്ങൾക്ക് വിശദീകരിച്ച് സമ്മേളനം വിജയിപ്പിക്കുകയാണ് വേണ്ടതെന്നുമുള്ള എന്റെ ആത്മാർത്ഥമായ അഭിപ്രായം ഞാൻ ആദ്യമേ പ്രകടിപ്പിച്ചു. ജനാധിപത്യം ഒരു ഭൂരിപക്ഷ ഭരണമല്ലെന്നും വിയോജിപ്പുള്ള ശബ്ദങ്ങളും ന്യൂനപക്ഷ വീക്ഷണങ്ങളും നാം ശ്രദ്ധിക്കേണ്ടതുണ്ടെന്നും പരാമർശിക്കാനും ഞാൻ മറന്നില്ല. പ്രതിപക്ഷ നേതാക്കൾ ഹാജരാകാത്തത് നിർഭാഗ്യകരമാണെന്നും ഞാൻ കൂട്ടിച്ചേർത്തു. ഭാവിയിൽ കൂടുതൽ വിജയകരമായ ഒരു സമ്മേളനത്തിനായി എല്ലാവരെയും ഒരുമിച്ച് കൊണ്ടുവരാൻ ശ്രമിക്കണമെന്ന് ഞാൻ സ്പീക്കറോട് അഭ്യർത്ഥിച്ചു.



സമ്മേളനത്തിൽ എന്നെ അമ്പരപ്പിച്ച മറ്റൊരു കാര്യം നോർക്കയുടെ യഥാർത്ഥ പൈതൃകം അംഗീകരിക്കുന്നതിൽ നിലവിലെ നേതൃത്വത്തിനുണ്ടായ വീഴ്ചയാണ്. ഇന്ത്യയുടെ വികസനത്തിന് മാറിമാറി വരുന്ന കോൺഗ്രസ് സർക്കാരുകളുടെ സംഭാവനകളെ ഒരിക്കലും അംഗീകരിക്കാത്ത നരേന്ദ്രമോഡിയുടെ തന്ത്രമാണ് ഓർമ്മവന്നത്. പ്രവാസി മലയാളികളെ സഹായിക്കാൻ മുൻ യുഡിഎഫ് സർക്കാർ ചെയ്തതൊന്നും സ്പീക്കറും കൂട്ടരും ഒരിക്കലും പരാമർശിക്കില്ല. അതിനാൽ, 1996-ൽ ഇന്ത്യയിൽ തന്നെ ആദ്യമായി എൻആർഐ മന്ത്രാലയം രൂപീകരിച്ചത് യു ഡി എഫ് സർക്കാരാണെന്ന് പറഞ്ഞുകൊണ്ട് എന്റെ പ്രസ്താവനയിൽ ഒന്നോ രണ്ടോ വരികൾ ചേർക്കാൻ ഞാൻ തീരുമാനിച്ചു.

എം എം ഹസ്സന്റെയും ജിജി തോംസണിന്റെയും നേതൃത്വത്തിലുള്ള സംഘം വിദേശ നിക്ഷേപം തേടി അമേരിക്കയിലേക്ക് നടത്തിയ ആദ്യ സന്ദർശനത്തിൽ ഞാൻ അവരെ സഹായിച്ച കാര്യവും പരാമർശിച്ചു. ഞാൻ പറഞ്ഞു നിർത്തും മുൻപേ മണി മുഴങ്ങി, എന്റെ പ്രസ്താവന അവസാനിപ്പിക്കാനുള്ള സൂചനയായിരുന്നു അത്. ആ സമ്മേളനത്തിൽ അത്തരം കാര്യമല്ലാതെ മറ്റെന്തെങ്കിലും സംസാരിക്കണമെന്ന് സ്പീക്കർ ആഗ്രഹിച്ചിരിക്കാം. ബെൽ അടിച്ചെങ്കിലും, ഞാൻ പെട്ടെന്ന് ചില നിർദ്ദേശങ്ങൾ കൂടി ചേർത്തശേഷമാണ് പോഡിയം വിട്ടത്.

അപ്പോഴെല്ലാം മണി മുഴങ്ങിക്കൊണ്ടിരുന്നു. ഈ സമീപനത്തിലും കീഴ്വഴക്കത്തിലും ഒട്ടും ആശ്ചര്യമില്ല. അവർക്ക് വിമർശനം ദഹിക്കില്ല. അവരുടെ ഭരണത്തിന്റെ ധാർഷ്ട്യമാണ് സമ്മേളനത്തിലുടനീളം പ്രകടമായത്. മുഖ്യമന്ത്രി പിണറായിയുടെ വരവും പോക്കും നിരീക്ഷിച്ചാൽ, പല സിനിമകളിലും വരച്ചുകാട്ടുന്ന പഴയ മഹാരാജാവിന്റെ വരവാണ് ഓർമ്മവരുന്നത്. ഇവിടെ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവ് ഒരുതരം രാജവാഴ്ച്ചപോലെ പെരുമാറുന്നു. സുരക്ഷാ ഭടന്മാർ തികഞ്ഞ ബഹുമാനത്തോടെയും ഭയത്തോടെയും അകമ്പടി സേവിക്കുന്നു. ഓരോ തവണയും അദ്ദേഹം ഹാളിൽ പ്രവേശിക്കുമ്പോൾ സദസ്സ് എഴുന്നേറ്റു നിന്ന് തൊഴുന്നു.

അവിടെ ഇരിക്കുമ്പോൾ, തിരുമനസ്സിന് മുന്നിൽ മുഖം കാണിക്കാൻ ചെന്ന പ്രജകളാണോ ഞങ്ങൾ എന്ന് തോന്നി. ഞാൻ പോഡിയത്തിൽ നിന്ന് പുറത്തുകടക്കുന്നതിന് മുമ്പ്, ഒരു കാര്യം കൂടി അവരുടെ ശ്രദ്ധയിൽപ്പെടുത്തി. എനിക്കത് വിശദീകരിക്കാൻ സമയമുണ്ടെന്ന് ഉറപ്പില്ലായിരുന്നു. പക്ഷേ ഇനിപ്പറയുന്നവ ഞാൻ രണ്ട് വാക്യങ്ങളിൽ ഒതുക്കിപ്പറഞ്ഞു. മണി മുഴങ്ങിക്കൊണ്ടിരുന്നപ്പോൾ ഞാൻ ചേർത്ത അവസാന ഭാഗമാണ് ഇനിപ്പറയുന്നത്. എനിക്ക് സമയമുണ്ടെങ്കിൽ ഞാൻ പ്രസ്താവിക്കുമായിരുന്നത് ചുവടെയുണ്ട്.

'നമുക്കറിയാവുന്നതുപോലെ, ഇന്ത്യൻ ഡയസ്പോറയിൽ 31 മില്യൺ ആളുകളുണ്ട്. ഞങ്ങൾ പ്രാഥമികമായി ലോകമെമ്പാടുമുള്ള അവസരങ്ങൾ തേടുന്ന സാമ്പത്തിക അഭയാർത്ഥികളാണ്. എവിടെ പോയാലും ഞങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും ഞങ്ങളുടെ മതം അനുഷ്ഠിക്കാനും വിവേചനമില്ലാതെ ജീവിക്കാനുമുള്ള സ്വാതന്ത്ര്യം ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ രാജ്യത്ത് മതന്യൂനപക്ഷങ്ങൾക്കും ദളിതർക്കും ന്യായമായ പരിഗണന ലഭിക്കാത്ത സാഹചര്യത്തിൽ ആതിഥേയ രാജ്യങ്ങളിൽ നിന്നുള്ളവരോട് നമുക്കത് എങ്ങനെ ആവശ്യപ്പെടാനാകും? പ്രവാസികളോ ഇന്ത്യൻ സർക്കാരോ നീതി ആവശ്യപ്പെടുന്ന ധാർമ്മികമായി ഉയർന്ന തലം എവിടെയാണ്?

ഇവിടെയാണ് കേരളം സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ശക്തമായ ശബ്ദമായി മാറേണ്ടത്. ഇന്ത്യയിൽ എവിടെയെങ്കിലും ദുർബല വിഭാഗങ്ങൾക്കെതിരെ ആക്രമണം ഉണ്ടാകുമ്പോൾ, സമാധാനവും ഐക്യവും പ്രോത്സാഹിപ്പിക്കുന്ന കേരളം അവരുടെ ശബ്ദമായി നിലകൊള്ളണം.

നാം ഭൗതികമായി എന്തൊക്കെ നേടിയാലും,ആത്യന്തികമായി നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടാൽ, നമ്മുടെ ജീവിതം അർത്ഥശൂന്യമാകും. അതിനാൽ, അവനവന്റെ വ്യക്തി സ്വാതന്ത്ര്യത്തെ നാം സംരക്ഷിക്കേണ്ടതുണ്ട്. രാഷ്ട്രീയമോ സാമ്പത്തികമോ മതപരമോ ആയ എല്ലാ സ്വാതന്ത്ര്യങ്ങളും വ്യക്തി സ്വാതന്ത്ര്യത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. അത് സ്വതസിദ്ധവും ദൈവദത്തവും മാറ്റാനാവാത്തതുമാണ്. അത് എടുത്തുകളയാൻ സർക്കാർ ഉൾപ്പെടെ ആർക്കും അവകാശമില്ല.അതിനാൽ, സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നതിൽ കേരളം മുൻപന്തിയിലായിരിക്കട്ടെ.'



# പി.ടി. ഉഷ ഷഷ്ടിപൂർത്തി നിറവിൽ


**സനിൽ പി. തോമസ്**

ഇന്ത്യയുടെ ഒരേയൊരു പി.ടി.ഉഷയ്ക്ക് ഇന്ന് അറുപത്. രാജ്യസഭാംഗവും ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ പ്രസിഡന്റുമായ ഉഷയ്ക്ക് ജന്മദിന ആശംസകൾ. ഒളിംപിക് അസോസിയേഷൻ സാരഥിയെന്ന നിലയിൽ പാരിസ് ഒളിമ്പിക്സ് ഒരു മാസം മാത്രം അകലെ നിൽക്കെ ഉഷയുടെ ശ്രദ്ധയത്രയും ഇന്ത്യൻ സംഘത്തിന് മികവു കാട്ടാൻ അവസരമൊരുക്കുക എന്നതിലായിരിക്കും. ടോക്കിയോ ഒളിംപിക്സിൽ ഒരു സ്വർണ്ണം ഉൾപ്പെടെ ഏഴു മെഡൽ നേടിയ ഇന്ത്യയുടെ മെഡൽ നേട്ടം ഇക്കുറി രണ്ടക്കത്തിൽ എത്തിയാൽ ചരിത്രസംഭവമാകും.

1984 ലെ ലൊസാഞ്ചലസ് ഒളിംപിക്സിൽ 400 മീറ്റർ ഹർഡിൽസിൽ സെക്കൻഡിന്റെ നൂറിലൊന്നിന്റെ വ്യത്യാസത്തിൽ വെങ്കല മെഡൽ നഷ്ടമായ പി.ടി.ഉഷയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ ഏറ്റവും വലിയ നഷ്ടവും അതുതന്നെയായിരിക്കും. ഏറ്റവും വലിയ നേട്ടം 1985ൽ ജക്കാർത്ത ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ(അന്ന് ഏഷ്യൻ ട്രാക്ക് ആൻഡ് ഫീൽഡ്) അഞ്ചു സ്വർണ്ണം നേടിയതും 1986 ൽ സോൾ ഏഷ്യൻ ഗെയിംസിൽ നാലു സ്വർണം നേടിയതും തന്നെ. 1990 ലെ ബെയ്ജിങ്ങ് ഏഷ്യൻ ഗെയിംസിനു ശേഷം വിരമിക്കൽ പ്രഖ്യാപിച്ച പി.ടി.ഉഷ 1994 ൽ മടങ്ങിയെത്തി. ഫുക്കുവോക്ക ഏഷ്യൻ അത്‌ലറ്റിക്സിലും ഹിരോഷിമ ഏഷ്യൻ ഗെയിംസിലും മെഡൽ നേടി. പക്ഷേ, 1996 ൽ അറ്റ്ലാന്റ ഒളിംപ്കിസിൽ 4ംത400 മീറ്റർ റിലേ ടീമിൽ ഉഷ തഴയപ്പെട്ടു. പകരം ബീനാമോൾ ഓടി. 1998 ൽ ബാങ്കോക്ക് ഏഷ്യൻ ഗെയിംസിൽ 4ത400 മീറ്റർ റിലേ ടീമിലും ഉഷയെ ഉൾപ്പെടുത്തിയില്ല. പകരം ജിൻസി ഫിലിപ് ഓടി. ഒരു മെഡലുമായി ഏഷ്യൻ ഗെയിംസിനോട് വിടപറയാനുള്ള പി.ടി. ഉഷയുടെ മോഹം തെന്നിമാറുകയായിരുന്നു.

സോൾ ഏഷ്യാഡിലെ ഉജ്ജ്വല നേട്ടത്തിനുശേഷം നാടെങ്ങും സ്വീകരണം ഏറ്റുവാങ്ങി പയ്യോളിയിലെ വീട്ടിൽ എത്തിയ ഉഷയെ സ്വീകരിക്കാൻ അന്നവിടെ ഈ ലേഖകനും ഉണ്ടായിരുന്നു. അറ്റ്ലാന്റയിലും ബാങ്കോക്കിലും ഉഷ തഴയപ്പെട്ടപ്പോൾ അതിനും സാക്ഷിയായി. ഒടുവിൽ 2018 ലെ ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ ഉഷയുടെ അനുഭവം ശിഷ്യ ജിസ്ന മാത്യുവിനും ഉണ്ടായി. റിലേ ടീമിൽ അവസാന നിമിഷം ജിസ്ന തഴയപ്പെട്ടു. പകരം വി.കെ. വിസ്മയ ഓടി. അതിനും സാക്ഷിയായി. താൻ തഴയപ്പെട്ടപ്പോൾ പുഞ്ചിരിയോടെ സംസാരിച്ച ഉഷ പക്ഷേ, ശിഷ്യക്കു ടീമിലെത്താൻ കഴിയാതെ പോയപ്പോൾ വിതുമ്പിയോ? ഉഷയുടെ കണ്ണുകൾ നിറഞ്ഞു കണ്ടത് അന്നു മാത്രം. തലേ വർഷം ഭുവനേശ്വർ ഏഷ്യൻ അത്‌ലറ്റിക്സിൽ റിലേയിൽ ഇന്ത്യ സ്വർണ്ണം നേടിയത് ജിസ്നയുടെ മിടുക്കുകൊണ്ടായിരുന്നു. ബാറ്റൻ കൈവിട്ടുപോകാതെ ഇന്ത്യയെ രക്ഷിച്ചത് ജിസ്നയുടെ ഏകാഗ്രതയാണ്. ഇക്കാര്യം പറഞ്ഞ് ജിസ്നയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചത് ഓർക്കുന്നു.

ഏറ്റവും ഒടുവിൽ, കഴിഞ്ഞ വർഷം ഹാങ്ചോ ഏഷ്യൻ ഗെയിംസ് വേളയിൽ കാണുമ്പോൾ പി.ടി.ഉഷ ഇന്ത്യൻ ഒളിംപിക് അസോസിയേഷന്റെ ചരിത്രത്തിലെ ആദ്യത്തെ വനിതാ സാരഥിയായി കഴിഞ്ഞിരുന്നു. മത്സരരംഗം വിട്ടിട്ടും താരങ്ങൾക്കൊപ്പം വെയിലും മഴയും സഹിച്ച്, അവരിൽ ഒരാളായി സ്റ്റേഡിയത്തിൽ കാണുന്ന പി.ടി.ഉഷയെ അന്ന് ആദ്യമായി യഥാർത്ഥ വി.വി. ഐ.പി.യായി കണ്ടു. പക്ഷെ, സംസാരിക്കുമ്പോൾ പഴയ ഉഷ തന്നെ. ഒട്ടേറെ തവണ ഉഷയെ പ്രശംശിച്ചും ഏതാനും തവണ വിമർശിച്ചും എഴുതിയിട്ടുണ്ട്. ഉഷയുടെ പരിഭവം എന്നും താൽക്കാലികമായിരുന്നു. നേരിൽ കാണുമ്പോൾ ഉള്ളിലെ സ്നേഹം പുറത്തുവരും. അതാണ് ഉഷ. ഇന്ത്യയുടെ അഭിമാനതാരത്തിന് ജന്മദിന ആശംസകൾ.


LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
One App for All Media Outlets
MediaAppUSA
amazon fireTV
Amazon fireTV
ROKU
ROKU TV
tv
Apple TV
Google TV
GoogleTV
Samsung SMART TV
Samsung TV
LG Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'



# നാട് , തിരിഞ്ഞു നോക്കണം

**തോമസ് കളത്തൂർ**

കുവൈറ്റിൽ സംഭവിച്ച അഗ്നി ബാധയും, അനേകം ഇന്ത്യക്കാരായ തൊഴിലാളികളുടെ ദാരുണ മരണവും , ലോകത്തെ ആകെ കണ്ണീരിൽ ആഴ്ത്തിയിട്ടുണ്ടാവും. തങ്ങളുടെയും കുടുംബത്തിന്റെയും ഭാവി സുരക്ഷിതം ആക്കാനായി ഇറങ്ങി പുറപ്പെട്ട ഈ മനുക്ഷ്യർ അനുഭവിച്ച ജീവിതാന്ത്യം മനുക്ഷ്യ മനസ്സുകളെ പിടിച്ചു കുലുക്കുന്നതാണ്. ഇന്ത്യയിൽ നിന്നും ഇത്ര അധികം ജനങ്ങൾ എന്ത് കൊണ്ടാണ് മറു നാടുകളിലേക്ക് ജോലി അന്വേഷിച്ചു പോകാൻ ഇടയാകുന്നത് ? ചിലർ ജീവൻ പോലും പണയപ്പെടുത്തി 'ലോഞ്ചിലും' മറ്റും നിയമവിരുദ്ധമായും കടൽ കടക്കുന്നു. ഇന്ത്യയുടെ സാമ്പത്തീക സ്ഥിതി ഇത്ര മോശമാണോ? എങ്ങനെ ഈ നിലയിലെത്തി ? ഇന്നും ഈ നില തുടരാൻ എന്തൊക്കെ ആണ് കാരണങ്ങൾ എന്ന അന്വേഷണം, ഇന്ത്യ രാജ്യത്തിന്റെ രാഷ്ട്രീയ, മത സംസ്കാരങ്ങളെ യും, അവയുടെ കാലാ കാലങ്ങളിലെ ഉയർച്ച താഴ്ച കളെയും അവലോകനം ചെയ്യേണ്ടിയിരിക്കുന്നു.

ചരിത്രത്തിന്റെ താളുകൾ മറിക്കുമ്പോൾ കാണുന്ന ഇന്ത്യാ മഹാരാജ്യം, സമ്പന്നമായ ഒരു സംസ്കാര പൈതൃകത്തിന്റെ ചാലുകളിലൂടെ സഞ്ചരിച്ചിരുന്നു. തത്വശാസ്ത്രവും ജ്ഞാനന്വേഷണവും, ക്രിസ്തുവിന്റെ ജനനത്തിനും അനേക നൂറ്റാണ്ടുകൾ മുൻപേ ഇന്ത്യയിൽ വളർന്നു വന്നു. ആത്മീയ ശാസ്ത്രീയ തത്വങ്ങളെ, തപസ്സിരുന്നു ചിന്തിച്ചു, ലോക നന്മക്കായി പഠിപ്പിച്ചു ജീവിച്ച , സാരോ പദേശകർ ഇന്ത്യയിൽ ധാരാള മുണ്ടായിരുന്നു. ജ്ഞാനോദയം നേടിയ ഗൗതമ ബുദ്ധൻ, രാഷ്ട്രീയ സാമ്പത്തീക വിഷയങ്ങളിൽ അതി നിപുണനും, ജൈന മതത്തിലെ ആത്മീയ ഗുരുവും ആയിരുന്ന മഹാവീർ, മഹത്തായ ' അദ്വൈത സിദ്ധാന്ത' ത്തിനുടമയായ ആദി ശങ്കരൻ, ശൂന്യതാ വാദവുമായി നാഗാർജുന, ആര്യ ഭട്ട, വരാഹമിഹര, ജിദ്ദുകൃഷ്ണമൂർത്തി, സ്വാമി വിവേകാനന്ദാ, തുടർന്ന് സി.വി. രാമനും, നമ്മുടെ പ്രസിഡന്റ് ആയിരുന്ന എ.പി.ജെ.അബ്ദുൽകലാം ..... ഇങ്ങനെ തുടർന്ന് പോകുകയാണ് ഇന്ത്യൻ സംസ്കാര സമ്പത്തു. പിന്നെ എന്തു സംഭവിച്ചു? എങ്ങനെ ഈ രാജ്യവാസികളിൽ അനേകർ പട്ടിണിയുടെയും പരിവട്ടത്തിന്റെയും ദിശകളിലൂടെ ഇന്നും സഞ്ചരിക്കേണ്ടി വരുന്നു? സുരക്ഷിതത്തിനായി മറു നാടുകളിൽ കൂലി വേല ചെയ്യുന്നു? ഈ സാഹചര്യങ്ങൾ എങ്ങനെ സൃഷ്ടിക്കപ്പെട്ടു? ഇതിനു ത്തരവാദികൾ ആരൊക്കെയാണ്? സമൂഹത്തിൽ എവിടെയൊക്കെ, എന്തൊക്കെ മാറ്റങ്ങളാണ് ആവശ്യം? പ്രധാനമായും ഇന്ന് വ്യക്തികളെ സ്വാധീനിക്കുന്നത് , മതവും, രാക്ഷ്ട്രീയവും ആണ്. കലാ-സാഹിത്യ-മാധ്യമ വേദികളും ഇവരണ്ടുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

മറ്റുള്ളവരോട് 'കരുണ' കാണിക്കണെമെന്നു ബുദ്ധമതം അനുശാസിക്കുന്നു. മറ്റുള്ളവരെ സ്നേഹിക്കണമെന്നു പഠിപ്പിച്ച ക്രിസ്തു, സ്വർഗ്ഗ സമാനമായ ഒരു ഭൂമിയെ അഥവാ സമൂഹത്തെ അങ്ങനെ സൃഷ്ടിക്കാനായി സ്വന്തം ജീവൻ വരെ മറു വിലയായി നൽകി. ധാർമ്മീകതയുടെ ഉപദേശങ്ങൾ പ്രകീർത്തനം ചെയ്യുന്നു ഹിന്ദു മതവും. ഇസ്ലാമീക പഠിപ്പിക്കലുകളും, ജൈന വിശ്വാസികൾക്കു ഉറുമ്പിനോട് പോലും ഉള്ള കരുതലുകളും നിലവിലുണ്ട്. എല്ലാം, നാം മറ്റുള്ളവരെ അഥവാ അന്യോന്യം സ്നേഹിക്കുകയും കരുതുകയും ചെയ്യേണ്ട കാര്യങ്ങളാണ്. എന്നാൽ മതങ്ങൾ വിശ്വാസ സംഹിതകളുണ്ടാക്കി, ചിന്തിക്കാൻ മിനക്കെടാത്ത, കാലുറപ്പിക്കാൻ മണ്ണില്ലാത്ത ഭൂരിപക്ഷത്തെ ഭയ പ്പെടുത്തിയും അനുനയിപ്പിച്ചും അവരുടെ മേൽ കെട്ടിവെച്ചു, അതിനെ എല്ലാം മനുക്ഷ്യന്റെ ഉള്ളിന്റെ ഉള്ളിലേക്ക് താഴ്ത്തി പതിപ്പിക്കാനായി ആചാരങ്ങളെയും പ്രഖ്യാപിച്ചു. സ്ത്രീജനങ്ങളെ അശുദ്ധരും പുരുഷന്മാരുടെ അടിമകളും ആക്കി. ധാർമീകതയ്ക്കോ ആത്മീകതയ്ക്കോ പ്രാധാന്യം നൽകാതെ, സ്ഥാപന വത്കരണത്തിൽ ശ്രദ്ധിച്ചു. ജാതിസമ്പ്രദായം നടപ്പിലാക്കി. 'മേലനങ്ങി പണി ചെയ്യുന്നവരെ' നികൃഷ്ട ജീവികളായി മുദ്ര കുത്തി...., പാർശ്വവത്കരിച്ചു. അങ്ങനെ 'മറ്റുള്ളവരെ' (ഫോർ/അദർ പീപ്പിൾ) എന്ന പ്രധാനപ്പെട്ട 'ആത്മീകത/അദ്വൈതം' അർത്ഥ ശൂന്യമാക്കി. അങ്ങനെ

നൈപുണ്യം ഉള്ളവർ, അത്താഴത്തിനു വേണ്ടി കഠിനാദ്ധ്വാനം ചെയ്തു, അർദ്ധ പട്ടിണിക്കാരായി ജീവിച്ചു.

വിയർക്കാതെ അപ്പം തിന്നുന്ന ന്യൂനപക്ഷം, തങ്ങളുടെ ആഡംബര ജീവിതത്തിനു ഭൂരിപക്ഷത്തെ ' മാടുകളെ' പോലെ ഉപയോഗിച്ചു. ചിന്തയും വ്യക്തിത്വവും നഷ്ടപ്പെട്ട ഭൂരിപക്ഷം, ഭയചകിതരായി ജീവിച്ചു. വിദ്യാഭ്യാസം പോലും അവർക്കു നിഷിദ്ധമായിരുന്നതിനു ഉദാഹരണമാണല്ലോ, 'വേദം പഠിച്ച ധിക്കാരി ആയ 'എഴുത്തച്ചൻ' എന്ന ശൂദ്രനെ', ശേഷ കാലം ചക്കാട്ടി ജീവിക്കാൻ, സാമൂതിരി ശിക്ഷിച്ചത്. അറിവിനെയും സാന്മാർഗീകതയെയും എല്ലാം തുറങ്കിലടച്ച ആചാരങ്ങൾ, പുരോഗമനത്തിനു വിലങ്ങു തടിയായി നിന്നു.

' രാഷ്ട്രീയം അഥവാ ഭരണ നേതൃത്വം', വിയർപ്പൊഴുക്കാതെ അപ്പം തിന്നാൻ പറ്റിയ ഒരു സംവിധാനമായി കണ്ടു കൊണ്ട് പലരും, എങ്ങനെ എങ്കിലും, ആരുടെ വിഴുപ്പു അലക്കിയും, ചുമന്നും ....നേതൃസ്ഥാനം തട്ടിയെടുക്കുന്നു. പ്രത്യയശാസ്ത്രങ്ങളോ, പ്രമാണങ്ങളോ ധാർമീകതയോ ഒന്നും അവർ കണക്കിലെടുക്കുന്നില്ലെങ്കിൽ, നാടിനു പുരോഗമനമോ, അധോഗമനമോ ഫലം? ഒരു ജനാധിപത്യ സംവിധാനത്തിൽ, 'ഫോർ ദി പീപ്പിൾ' എന്ന പ്രധാന ഭാഗം ജനാധിപത്യത്തിന്റെ നിർവ്വചനത്തിൽ (government of the people, by the people , for the people) നിന്നും മായ്ച്ചുകൊണ്ടോ, മറന്നു കൊണ്ടോ ഭരിക്കുന്നത്, സമൂഹനാശത്തിനു വഴി തെളിക്കും. അഴിമതിയും അക്രമവും വിളയാടും. ദാരിദ്ര്യവും, അപര്യാ പ്തമായ അടിസ്ഥാന സൗകര്യങ്ങളും, മനുക്ഷ്യരെ പ്രബുദ്ധരാക്കാൻ കഴിയാത്ത സാഹിത്യവും മാധ്യമങ്ങളും എല്ലാം പുരോഗമനത്തിനു വിലങ്ങു തടിയായി നിൽക്കുന്നു. കമ്മ്യൂണിസ്റ് പാർട്ടിയും, ഈ. എം. എസ്സും., മുണ്ടശ്ശേരിയും, വയലാറും, കെ.പ i.എ.സി.യും എല്ലാം, നവോദ്ധാനത്തിനു ആരംഭമിട്ട ഒരു കാലയളവ് പ്രതീക്ഷകൾ നൽകി. എന്നാൽ അധികം താമസിയാതെ തന്നെ തുടർച്ചക്കാരുടെ പ്രവണത മാറി മറിഞ്ഞു. പ്രത്യയ ശാസ്ത്രങ്ങളെ അവഗണിച്ചു, ലാസ്യ സുഖവും ആഡംബരവും കൂടുതൽ അഭികാമ്മ്യം ആയി തോന്നിയിരിക്കാം. അങ്ങനെ 'ഫോർ ദി പീപ്പിൾ' എന്ന തല വാചകം പാടെ മറന്നു.

തിരിഞ്ഞു നോക്കണം, വ്യക്തികളിലും സമൂഹത്തിലും മാറ്റങ്ങൾ വരുത്തണം. ഗവണ്മെന്റ് നിയമങ്ങൾ കർശനമാക്കണം. പക്ഷെ, ഭൂതദയയോ, സ്നേഹമോ, അന്യോന്യമുള്ള കരുതലോ നിയമത്താൽ, മനുക്ഷ്യ മനസ്സുകളിൽ എത്തിക്കാനാവില്ലല്ലോ. അതിനാൽ മതങ്ങൾ തങ്ങളെ തന്നെ ശുദ്ധീകരിക്കണം. മറന്നു പോയ ''ആത്മീകതയെ'. പുനഃസ്ഥാപിക്കണം, സ്ഥാപനവത്കരണത്തിനും ഉപരിയായി, പ്രഥമമായി. അങ്ങനെ, ജന്മം തന്ന മാതാപിതാക്കളോടും, ജനിച്ചു വീണ നാടിനോടും ഉള്ള ബന്ധത്തെ ഉറപ്പിക്കാൻ, ഏല്ലാവരെയും സഹോദരരായി കാണാൻ, നല്ല രാക്ഷ്ട്രീയ ഭരണകർത്താക്കളെ ലഭിക്കാൻ, സ്നേഹത്തിന്റെയും കരുണയുടെയും പരസ്പര്യത്തിന്റെയും അനുഭൂതി ലഭിക്കാൻ, ഈശ്വരൻ നമ്മളെ സഹായിക്കട്ടെ.

# മുൻ മാസ്കോൺ പ്രസിഡന്റ് റ്റിജോ ജോഷ് ഫൊക്കാന നാഷണൽ കമ്മിറ്റി മെംബർ ആയി മത്സരിക്കുന്നു

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂ യോർക്ക് :സജിമോൻ നേതൃത്വം നൽകുന്ന ഡ്രീം ടീമിന്റെ ഭാഗമായീ ഫൊക്കാനയുടെ 2024-2026 ഭരണസമിതിയിൽ നാഷണൽ കമ്മിറ്റി മെമ്പർ ആയി, കണക്ടിക്കട്ടിലെ പ്രമുഖ മലയാളീ അസോസിയേഷനായ മാസ്കോണിന്റെ മുൻ പ്രസിഡന്റ് റ്റിജോ ജോഷ് മത്സരിക്കുന്നു.


കരുത്തുറ്റ നേതാവ്, ആരുമായും സഹകരിച്ചുപോകുന്ന മികച്ച സംഘടനാ പാടവമുള്ള റ്റിജോ എന്ന നേതാവിന്റെ പ്രവർത്തന പാടവം കണക്റ്റികട്ട് ഏരിയായിൽ ഫൊക്കാനക്ക് ഒരു മുതല്കൂട്ടാവുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ഏൽപ്പിക്കുന്ന ചുമതലകൾ കൃത്യമായും ഭംഗിയായും നിർവ്വഹിക്കുന്ന സംഘാടകൻ ആണ് റ്റിജോ. കലയേയും ,കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്ന ഒരു വ്യക്തികൂടിയാണദ്ദേഹം.

ഫോർച്ചുൺ 400 കമ്പനിയുടെ സീനിയർ ഡയറക്ടർ ആയി ജോലി ചെയ്യുന്ന റ്റിജോ, സെൻറ് ഫിലിപ്പ്സ് ആർ സി ചർച്ചിന്റെ പാരിഷ് കൗൺസിൽ മെംബേർ ആയും പ്രവർത്തിക്കുന്നു.

കേരളത്തിൽ ജനിച്ചു ഗുജറാത്തിൽ വളർന്ന റ്റിജോ, ഭാര്യ ഡോട്ടി, മക്കൾ - ഇസബെൽ & ഡാനിയേൽ എന്നിവരൊപ്പം കണക്ടിക്കട്ടിലെ വെസ്റ്റണിൽ താമസിക്കുന്നു.

ഫോക്കാനക്കും ഡ്രീം ടീമിനും എല്ലാവിധ പിന്തുണയും മാസ്കോൺ എസ്ക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു. പ്രസിഡന്റ് ശ്രീജിത്ത് മാമ്പറത്ത് ,വൈസ് പ്രസിഡന്റുമാരായ ജയാ ജിബി , ജേക്കബ് മാത്യു , സെക്രട്ടറി രശ്മി പാറക്കൽ , ജോയിൻറ് സെക്രെട്ടറി ജോബിൻ ജോർജ്ജ് , ട്രഷറർ ജോസ് കളരിക്കൽ , ജോയിൻറ് ട്രഷറർ ഉണ്ണി തോയക്കാട്ട് ,ബോർഡ് ഓഫ് ഡയറക്ടർസും പ്രതിനിധികളും ഡ്രീം ടീമിന് എല്ലാവിധ പിന്തുണയും അറിയിച്ചു.






# സണ്ണി കല്ലൂപ്പാറയ്ക്ക് ജി തിയേറ്റർ ന്യൂയോർക്കിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്

ന്യൂയോർക്ക്: കലാ-സാംസ്കാരിക-സാമൂഹിക രംഗങ്ങളിൽ സമാനതകളില്ലാത്ത അംഗീകാരങ്ങൾ കരസ്ഥമാക്കിയ സണ്ണി കല്ലൂപ്പാറ എന്ന സണ്ണി പി നൈനാന് മറ്റൊരു പൊൻതൂവൽകൂടി. ജി തിയേറ്റർ ന്യൂയോർക്കിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് കരസ്ഥമാക്കി സണ്ണികല്ലൂപ്പാറ. ഫോമാ 2024-2026 ഭരണസമതി വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥികൂടിയാണ് അദ്ദേഹം.

ശബരിനാഥ് സംവിധാനം ചെയ്ത പൊൻചിലമ്പ് എന്ന നാടകം നടക്കുന്നതിനോടനുബന്ധിച്ചാണ് ഈ ചടങ്ങ് നടന്നത്. സിനിമയുടെ ഷൂട്ടിംഗുമായി ബന്ധപ്പെട്ട് സണ്ണി കല്ലൂപ്പാറ നാട്ടിലായതിനാൽ അദ്ദേഹത്തിന്റെ പ്രതിനിധിയായി പി. റ്റി. തോമസ് ആണ് അവാർഡ് ഏറ്റുവാങ്ങിയത്.

സിനിമ-നാടക-സീരിയൽ നടനും രചയിതാവും മാധ്യമ പ്രവർത്തകനുമെന്ന നിലയിൽ ബഹുമുഖ വ്യക്തിത്വത്തിനുടമയായ സണ്ണി കല്ലൂപ്പാറയുടെ ജനപക്ഷമുഖമാണ്, 1984-ൽ അമേരിക്കയിലെത്തിയ അദ്ദേഹത്തെ ഏവർക്കും സ്വീകാര്യനാക്കുന്നത്. അമേരിക്കൻ മലയാളികളുടെ ആശയും അഭിനിവേശവുമായ ഫോമായുടെ ഇതുവരെയുള്ള മിക്കവാറും കൺവൻഷനുകളുടെ മൂന്നും നാലും കമ്മിറ്റികളിൽ സജീവമായി പ്രവർത്തിച്ച വ്യക്തിയാണ് സണ്ണി കല്ലൂപ്പാറ. അവയുടെയൊക്കെ ചരിത്ര വിജയത്തിന് പിന്നിലെ ഇദ്ദേഹത്തിന്റെ ക്രിയാത്മക പങ്കാളിത്തത്തെപ്പറ്റി ഫോമായുടെ മുൻകാല പ്രസിഡന്റുമാർക്കും നിലവിലുള്ള പ്രസിഡന്റിനുമൊക്കെ അറിയാവുന്നതാണ്.

സ്കൂൾ, കോളേജ്, ഇന്റർ കോളേജ് നാടക മത്സരങ്ങളിൽ മികച്ച നടനുള്ള പുരസ്കാരം നേടിയ സണ്ണി കല്ലൂപ്പാറ. അഖില കേരള ബാലജനസഖ്യം കലാ പ്രതിഭ പട്ടം അലങ്കരിച്ചിട്ടുണ്ട്. അമേരിക്കയിൽ എത്തിയ ശേഷം കലാ-സാംസ്കാരിക-സാമൂഹിക-സംഘടനാ തലങ്ങളിൽ സജീവമായ സണ്ണി കല്ലൂപ്പാറ മലയാളി അസോസിയേഷൻ ഓഫ് റോക്ക്ലാൻഡ് കൗണ്ടിയുടെ (മാർക്) പ്രസിഡന്റായി. നിലവിൽ സംഘടനയുടെ വൈസ് പ്രസിഡന്റാണ്.

ഫോമാ നാഷണൽ കമ്മിറ്റി അംഗമായി രണ്ടുവട്ടം പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം തന്റെ നിസ്തുലമായ സംഘാടന മികവിന്റെ സുതാര്യതയോടെയാണ് ഇപ്പോൾ ജനവിധി തേടുന്നത്. പ്രസിഡന്റ് സ്ഥാനാർത്ഥിയായി മൽസരിക്കുന്ന പ്രമുഖ സംഘാടകൻ തോമസ് ടി ഉമ്മൻ, സണ്ണി കല്ലൂപ്പാറയുടെ സ്ഥാനാർത്ഥിത്വം ഫോമായുടെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുമെന്ന് അറിയിച്ചു.



ഫോമായുടെ എമ്പയർ റീജിയൻ ട്രഷററായിരുന്ന സണ്ണി കല്ലൂപ്പാറ ഫോമാ ചിക്കാഗോ കൺവൻഷനിൽ നാടക മത്സരത്തിന്റെ ചെയർ പേഴ്സൺ ഉൾപ്പെടെ നാല് കമ്മറ്റികളിൽ പ്രവർത്തിച്ചു. ഫിലാഡൽഫിയ കൺവൻഷനിലെ കോ-ഓഡിനേറ്ററായും തിളങ്ങി. ഫോമാ ഷിക്കാഗോ കൺവൻഷൻ ബെസ്റ്റ് കപ്പിൾ മൽരത്തിന്റെ ജഡ്ജായിരുന്നു. ഫ്ളോറിഡാ കൺവൻഷനിലെ നാടക മത്സരത്തിൽ മികച്ച നടനുള്ള പുരസ്കാരം നേടിയിട്ടുണ്ട്. 'ആരും പറയാത്ത കഥ' എന്ന നാടകത്തിലെ അഭിനയ മികവിനായിരുന്നു ഈ അംഗീകാരം.

സണ്ണി കല്ലൂപ്പാറ ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് ഏറ്റവും കൂടുതൽ വോട്ടുകൾ നേടി തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ്. ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് (യോങ്കേഴ്സ്) യുവജന സഖ്യം സെക്രട്ടറിയായും സംഘടനയുടെ വൈസ് പ്രസിഡന്റ്, നോർത്ത് ഈസ്റ്റ് റീജണൽ സെക്രട്ടറി, ഭദ്രാസന അസംബ്ലി മെമ്പർ, നോർത്ത് അമേരിക്ക ഭദ്രാസന യുവജനസഖ്യം ആദ്യ ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. സഭയുടെ നോർത്ത് അമേരിക്ക-യൂറോപ്പ് അസംബ്ലി അംഗമാണ്.

ന്യൂയോർക്കിലെ ക്രോമലോയിയിൽ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടറായി ജോലി ചെയ്യുന്ന സണ്ണി കല്ലൂപ്പാറ തന്റെ ഔദ്യോഗിക തിരക്കുകൾക്കിടയിലും അഭിനയത്തെ നെഞ്ചോട് ചേർക്കുന്ന തികഞ്ഞ കലാകാരനാണ്. അപ്പൂപ്പന് 100 വയസ്, നന്മകൾ പൂക്കും കാലം, പ്രവാസി തുടങ്ങി 200-ൽ അധികം വേദികൾ പിന്നിട്ട ഇരുപതിലധികം പ്രൊഫഷണൽ നാടകങ്ങളിലൂടെ ഒട്ടനവധി ജനസദസുകളിൽ ഇന്നും സജീവമായി നാടകങ്ങൾ അവതരിപ്പിച്ചു വരുന്നു.

ഫിലഡൽഫിയയിലെ മാനുഷി നാടകോത്സവത്തിൽ വ്യുവേഴ്സ് ചോയിസ് ബെസ്റ്റ് ആക്റ്ററായി. വെസ്റ്റ്ചെസ്റ്ററിലെ യൂണിഫെസ്റ്റ് 91ൽ കലാപ്രതിഭയായും തിരഞ്ഞെടുക്കപ്പെട്ടു. വാഷിങ്ടൺ ഡി.സിയിൽ നടന്ന ഇന്റർനാഷണൽ ഫിലിംഫെസ്റ്റ് വേദിയിൽ നിന്ന് ബെസ്റ്റ് ആക്ടർ അവാർഡും സ്വന്തമാക്കി.



പ്രവാസി, അക്കരക്കാഴ്ച, അവർക്കൊപ്പം, ലോക്ക്ഡ് ഇൻ തുടങ്ങിയ സിനിമകളിൽ ശ്രദ്ധേയമായ വേഷങ്ങൾ ചെയ്തു. കൂടാതെ ഏഷ്യാനെറ്റ്, സൂര്യ തുടങ്ങിയ ചാനലുകളിലെ ജനപ്രിയ പരമ്പരകളായ മനസ്സറിയാതെ, വേളാങ്കണ്ണിമാതാവ്, ഞങ്ങൾ സന്തുഷ്ടരാണ്, കുങ്കുമപ്പൂവ്, അൽഫോൺസാമ്മ, അക്കരക്കാഴ്ച്ച, ഹരിചന്ദനം, ഇത് രുദ്രവീണ, പ്രവാസി, ഗ്രീൻ കാർഡ്, ഫെയ്സ് ബുക്ക് ജോപ്പൻ, തുടങ്ങിയ പത്തിൽ അധികം സീരിയലുകളിൽ മികച്ച കഥാപാത്രങ്ങളെ അവതരിപ്പിച്ച് പ്രേക്ഷക പ്രശംസ നേടിയിട്ടുണ്ട്. ലോക്ക്ഡ് ഇൻ ആണ് സണ്ണി ഒടുവിൽ അഭിനയിച്ച മലയാള ചിത്രം.

അമേരിക്കൻ മലയാളികളെ ചിരിപ്പിച്ചും ചിന്തിപ്പിച്ചുമുള്ള ജനപ്രിയ കഥാപാത്രങ്ങളുടെ വേഷപ്പകർച്ചയുമായാണ് സണ്ണി കല്ലൂപ്പാറ ജൈത്രയാത്ര തുടരുന്നത്. പ്രേക്ഷക ഹൃദയങ്ങൾ കീഴടക്കിയ സൂപ്പർ ഹിറ്റ് സീരിയൽ 'ഫെയ്സ്ബുക്ക് ജോപ്പ'നിലെ മുഴുനീള കഥാപാത്രമായ ജോപ്പനും 'നാടൻ വൈബ്സി'ലെ വർക്കിയും 'കപ്പ ആന്റ് ക്രൊയ്സാന്റ്സി'ലെ ചാക്കോയും അരങ്ങ് തകർത്താടിയവയാണ്. നിത്യജീവിതത്തിൽ നാം കണ്ടുമുട്ടുന്ന ഈ വ്യത്യസ്ത മുഖങ്ങളെ തൻമയത്വത്തോടെ സണ്ണി കല്ലൂപ്പാറ അവതരിപ്പിക്കുമ്പോൾ അവർ സ്വാഭാവിക വ്യക്തികളായി മാറുന്നു.



തിരുവല്ലയ്ക്കു സമീപം കല്ലൂപ്പാറ പേരാലുംമൂട്ടിൽ കുടുംബാംഗമായ സണ്ണി നൈനാൻ കർമ്മ ഭൂമിയിലെ തന്റെ സംഘടനാ പ്രവർത്തനങ്ങൾക്കും കലാ ജീവിതത്തിനും കൈത്താങ്ങായി നിന്ന എല്ലാ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു. നാളിതുവരെയുള്ള തന്റെ കലാസപര്യയിലൂടെ നേടിയ പണം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് സണ്ണി കല്ലൂപ്പാറ വിനിയോഗിച്ചത്. ഇനിയും ആ സഹജീവി സ്നേഹത്തിന്റെ പാതപിന്തുടരുമെന്ന് അദ്ദേഹം വ്യക്തമാക്കി.

അമേരിക്കൻ മലയാളി സമൂഹത്തിലെ മുതിർന്ന സംഘടനാ നേതാവ് തോമസ് ടി ഉമ്മൻ പ്രസിഡന്റ് സ്ഥാനാർഥിയായിട്ടുള്ള പാനലിലാണ് സണ്ണി കല്ലൂപ്പാറ വൈസ് പ്രസിഡന്റായി മത്സരിക്കുന്നത്. സാമുവേൽ മത്തായി (ജനറൽ സെക്രട്ടറി), ബിനൂബ് ശ്രീധരൻ (ട്രഷറർ), ഡോ. പ്രിൻസ് നെച്ചിക്കാട്ട് ഡി.ബി.എ (ജോയിന്റ് സെക്രട്ടറി), അമ്പിളി സജിമോൻ (ജോയിന്റ് ട്രഷറർ), എന്നിവരാണ് മറ്റ് സ്ഥാനാർഥികൾ.

പെമോണയിൽ നേഴ്സ് മാനേജരായിരുന്ന ജെസി ആണ് സണ്ണി കല്ലൂപ്പാറയുടെ ഭാര്യ. ഇപ്പോൾ റോക്ക്ലാൻഡ് സൈക്യാട്രി സെന്ററിൽ ജോലി ചെയ്യുന്ന ജെസിക്ക് കൊറോണക്കാലത്തെ സേവനങ്ങൾ മാനിച്ച് ന്യൂയോർക്ക് സ്റ്റേറ്റിലെ ഏറ്റവും മികച്ച നേഴ്സിനുള്ള പുരസ്കാരം ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളായ ജെയ്സൺ, ജോർഡൻ, ജാസ്മിൻ എന്നിവർ മക്കൾ.


1st Annual
AAPI WORLD HEALTH CONGRESS
AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN AAPI
Dive into the future of healthcare at the 1st AnnualAAPI World Health Congress, a pivotal event bringing together the brightest minds and hearts in healthcare
July 18-22
Marriott Marquis | New York
Anjana Samadder, MD
President, AAPI
Sumul Raval, MD
Secretary | Convention Treasurer
Achintya Moulick, MD
Convention Chair
Empowering Health Bridging Communities
Exploring Confluence: 'AI and Medicine'
'Literary & Film Seminar
Invited Dignitaries
Donald Trump
45th U.S. President
Amit Shah
Minister of Home Affairs of India
Sri Sri Ravishankar
World Spiritual Leader
Bernie Sanders
United States Senator
Michelle Obama
Former First Lady of U.S.
Dr. Mansukh Mandivya
Minister of Health and Family Welfare
Dr. Jesse Ehrenfeld
President of AMA
Dr. Vivek Murthy
U.S. Surgeon General
Eearly Bird Special
Discount Available Now!
Register now at aapiworldhealthcongress.org
More Info: 1-630-990-2277 | eMail: convention@aapiusa.org

hanover bank



# SBA & USDA Solutions for Financing










## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

**Contact us**

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

**Visit our location**

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

Member FDIC    EQUAL OPPORTUNITY LENDER

*SBA 7a Loan Program    **USDA B&I Loan Program
© 2024 Hanover Community Bank. All rights reserved.

04/24

# തിരഞ്ഞെടുപ്പ് ഫലം ജനങ്ങളുടെയും ജനാധിപത്യത്തിന്റെയും വിജയം: അംബാസഡർ വേണു രാജാമണി



വാഷിങ്ടൺ ഡി സി: ഇന്ത്യൻ ഭരണഘടനയും ജനാധിപത്യവും സംരക്ഷിക്കാനുള്ള ജനങ്ങളുടെ നിശ്ചയദാർഢ്യത്തിന്റെ വ്യക്തമായ പ്രകടനമാണ് ലോക്സഭാ തെരഞ്ഞെടുപ്പിലെ ജനവിധിയെന്ന് അംബാസഡർ വേണു രാജാമണി പറഞ്ഞു.

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് വാഷിംഗ്ടൺ ഡിസി ചാപ്റ്റർ സംഘടിപ്പിച്ച വിജയാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

മതത്തിന്റെയും ക്ഷേത്രത്തിന്റെയും പേരിൽ വോട്ട് നേടാനുള്ള ശ്രമങ്ങൾ നിരാകരിക്കുന്നതാണ് ജനവിധിയിൽ പ്രതിഫലിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ദാരിദ്ര്യം, തൊഴിലില്ലായ്മ, പണപ്പെരുപ്പം, സാമ്പത്തിക അസമത്വം തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങളാണ് പൊതുജനങ്ങളെ ഏറെ ആശങ്കപ്പെടുത്തുന്നതെന്നും ഇത് എടുത്തുകാണിക്കുന്നു.

രാമക്ഷേത്രം സ്ഥിതി ചെയ്യുന്ന ഫൈസാബാദിലെ ബിജെപിയുടെ പരാജയവും റായ്ബറേലിയിലും വയനാട്ടിലും രാഹുൽ ഗാന്ധിയുടെ വൻ ഭൂരിപക്ഷത്തിനു വിപരീതമായി വാരണാസിയിൽ മോദിയുടെ ഭൂരിപക്ഷത്തിലുണ്ടായ ഇടിവും എറെ ശ്രദ്ധേയമാണ്.

ജനങ്ങളുടെ ക്ഷേമത്തിലും സുസ്ഥിരവും തുല്യവുമായ വികസനത്തിലും ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്ന് രാജാമണി പറഞ്ഞു. ഭരണഘടന ഉറപ്പു നൽകുന്ന പൗരസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും മതനിരപേക്ഷതയും സംരക്ഷിക്കപ്പെടുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന അന്തരീക്ഷത്തിലാണ് ഇത് നേടിയെടുക്കേണ്ടത്.

ഈ ലക്ഷ്യം കൈവരിക്കുന്നതിന് രാജ്യത്തെ ശക്തിപ്പെടുത്തുന്നതിന് അമേരിക്കയിലെ പ്രവാസികൾക്ക് വിലപ്പെട്ട സംഭാവനകൾ നൽകാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് വാഷിംഗ്ടൺ ഡിസി ചാപ്റ്റർ പ്രസിഡന്റ് ജോൺസൺ മ്യാലിൽ അധ്യക്ഷത വഹിച്ചു.

ബി.ജെ പി ക്കു വേണ്ടി വലിയ സാമ്പത്തിക സ്രോതസ്സുകൾ, തുറന്ന പിന്തുണ നൽകിയ മാധ്യമങ്ങൾ, ദുരുപയോഗിക്കപ്പെട്ട അന്വേഷണ ഏജൻസികൾ, സർക്കാർ സംവിധാനങ്ങൾ, കൂറുപുലർത്തുന്ന തിരഞ്ഞെടുപ്പ് കമ്മീഷൻ, ജുഡീഷ്യറി എന്നിവയെല്ലാം ഉണ്ടായിരുന്നിട്ടും ഇന്ത്യയിലെ ജനങ്ങൾ അവർക്ക് കേവല ഭുരിപക്ഷം നിഷേധിച്ചത് കോൺഗ്രസ്സിന്റെയും ഇൻഡ്യ മുന്നണിയുടെയും വിജയമാണെന്ന് ജോൺസൺ പറഞ്ഞു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് 100% സീറ്റ് വർധിപ്പിച്ചു എന്നതും ശ്രദ്ധേയമായ തിരഞ്ഞെടുപ്പ് നേട്ടമാണ്. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യുഎസ്എ സെക്രട്ടറി ജനറൽ ഹർബച്ചൻ സിംഗ്, പ്രമുഖ ജീവകാരുണ്യ പ്രവർത്തകനും കമ്യൂണിറ്റി നേതാവുമായ ഡോ. ഫ്രാങ്ക് ഇസ്ലാം, രോഹിത് ത്രിപാഠി, പ്രതാപ് സിംഗ്, മുഹമ്മദ് താഹിർ, വികാസ് ചൗധരി, ജോർജ് മണലേൽ, നിജോ എബ്രഹാം എന്നിവർ ചടങ്ങിൽ സംസാരിച്ചു.

ഐഒസി ചാപ്റ്റർ സെക്രട്ടറി വിപിൻ രാജ് സ്വാഗതവും ട്രഷറർ വിജയ് നരുള നന്ദിയും പറഞ്ഞു.



Blue Ocean Wealth Solutions

A member of the MassMutual Financial Group



## PHILIPOSE SAMUEL

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.

## PERSONAL NEEDS

**FAMILY PROTECTION**

- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Long-Term Care Insurance
- Estate Conservation & Charitable Planning Strategies
- Medicare Supplement & Advantage Plans*
- Medicare Part D*
- Homeowner's Insurance*
- Auto Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

Financial Services Representative Financial Advisor
O: (516) 326-7028
C: (516) 312-2902
psamuel@financialguide.com | www.blueocean.us.com

# എസ്. എം. സി. സി. ഫാമിലി കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്ക് ഓഫ് ചെയ്തു





**ജോസ് മാളേയ്ക്കൽ**

ഫിലാഡൽഫിയ: സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്. എം. സി. സി.) രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 2024 സെപ്റ്റംബർ 27 മുതൽ 29 വരെ ദേശീയ തലത്തിൽ ഫിലാഡൽഫിയയിൽ നടക്കുന്ന സീറോമലബാർ കുടുംബസംഗമത്തിന്റെ രജിസ്ട്രേഷൻ ചിക്കാഗൊ സീറോമലബാർ രൂപതയുടെ ചാൻസലറും, ഫിലാഡൽഫിയ സീറോമലബാർ ഇടവക വികാരിയുമായ റവ. ഡോ. ജോർജ് ദാനവേലിൽ കോൺഫറൻസ് ചെയർപേഴ്സൺ ജോർജ് മാത്യുവിൽനിന്നും ആദ്യരജിസ്ട്രേഷൻ സ്വീകരിച്ചുകൊണ്ട് കിക്ക് ഓഫ് ചെയ്തു.

തുടർന്ന് കോ-ചെയർപേഴ്സൺ ഡോ. ജയിംസ് കുറിച്ചി, സെക്രട്ടറി ജോസ് മാളേയ്ക്കൽ, ട്രഷറർ ജോർജ് വി. ജോർജ്, നാഷണൽ കോർഡിനേറ്റർ ജോജോ കോട്ടൂർ, ഇടവക കൈക്കാരന്മാർ, സബ്കമ്മിറ്റി ചെയർപേഴ്സൺസ്, ഇടവകാംഗങ്ങൾ എന്നിവരും സ്റ്റാറ്റൻ ഐലന്റ് സീറോമലബാർ മിഷനിൽനിന്നുള്ള തോമസ് തോമസ് പാലാത്ര, സൗത്ത്ജേഴ്സി സീറോമലബാർ ഇടവകയിൽനിന്നും അനീഷ് ജയിംസ് എന്നിവരും രജിസ്ട്രേഷനുകൾ നൽകി. ആദ്യദിവസം തന്നെ അമ്പതിലധികം കുടുംബങ്ങൾ രജിസ്റ്റർ ചെയ്തു.

കോൺഫറൻസ് രജിസ്ട്രേഷൻ സംബന്ധിച്ച എല്ലാവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. വെബ്സൈറ്റ്: www.smccjubilee.org

ആകർഷകമായ പാക്കേജുകൾ രജിസ്ട്രേഷന് ലഭ്യമാണ്. കോൺഫറൻസിൽ രജിസ്റ്റർ ചെയ്യുന്നതിന് ജൂബിലി വെബ്സൈറ്റു വഴി സാധിക്കും.







ചിക്കാഗൊ സെ. തോമസ് സീറോമലബാർ രൂപതാ ബിഷപ് മാർ ജോയ് ആലപ്പാട്ടിന്റെ ആത്മീയനേതൃത്വത്തിൽ നടക്കുന്ന ദേശീയ കുടുംബസംഗമം വടക്കേ അമേരിക്കയിലെ സീറോമലബാർ കത്തോലിക്കരുടെ ഏറ്റവും വലിയ ഒത്തുചേരലായിരിക്കും. അമേരിക്കയിലെ എല്ലാ സീറോമലബാർ ഇടവകകളുടെയും, മിഷനുകളുടെയും സഹകരണത്തോടെ നടത്തപ്പെടുന്ന ഈ കുടുംബ സംഗമത്തിൽ സഭാപിതാക്കന്മാരും, വൈദികരും, സന്യസ്തരും, അത്മായനേതാക്കളും, അമേരിക്കയിലെ എല്ലാ സീറോമലബാർ ഇടവകകളിൽനിന്നുമുള്ള കുടുംബങ്ങളും പങ്കെടുക്കും. മൂന്നുദിവസത്തെ സമ്മേളനത്തോടനുബന്ധിച്ച് എല്ലാദിവസവും ആഘോഷമായ ദിവ്യബലി, യുവജന സമ്മേളനം, വൈവിദ്ധ്യമാർന്ന കലാപരിപാടികൾ, നസ്രാണിതനിമയിലുള്ള പൈതൃകഘോഷയാത്ര, ദാമ്പത്യജീവിതത്തിൽ 25/50 വർഷങ്ങൾ പിന്നിടുന്ന ദമ്പതികളെ ആദരിക്കൽ, മതാദ്ധ്യാപകസംഗമം, ബൈബിൾ സ്കിറ്റ് മൽസരം, ബാങ്ക്വറ്റ് എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

കുടുംബമേളക്ക് ആതിഥ്യമരുളുന്നതിനുള്ള നിയോഗം 1999 ൽ അമേരിക്കയിലെ ആദ്യത്തെ സീറോമലബാർ നാഷണൽ



കൺവൻഷനും, 2009 ൽ എസ്. എം. സി. സി. യുടെ ദശവൽസരാഘോഷങ്ങളും വൻ ജനപങ്കാളിത്തത്തോടെ നടത്തി മാതൃകയായ ഫിലാഡൽഫിയായ്ക്ക് തന്നെ.

ബിഷപ് മാർ ജോയ് ആലപ്പാട്ട് മുഖ്യ രക്ഷാധികാരിയും, എസ്. എം. സി. സി. നാഷണൽ സ്പിരിചൽ ഡയറക്ടർ റവ. ഫാ. ജോർജ് എളംബാശേരിൽ; ആതിഥേയ ഇടവക വികാരിയും, എസ്. എം. സി. സി. ഫിലാഡൽഫിയ ചാപ്റ്റർ സ്പിരിചൽ ഡയറക്ടറുമായ റവ. ഡോ. ജോർജ് ദാനവേലിൽ എന്നിവർ രക്ഷാധികാരികളും; ജോർജ് മാത്യു സി.പി.എ. ചെയർമാനുമായി രൂപീകരിച്ചിട്ടുള്ള വിപുലമായ ജൂബിലി കമ്മിറ്റിയിൽ എസ്. എം. സി. സി. നാഷണൽ കമ്മിറ്റി അംഗങ്ങളും, റീജിയണൽ കോർഡിനേറ്റർമാരും, ഉപദേശകസമിതിയംഗങ്ങളും ഉൾപ്പെടുന്നു.

1970 കളിൽ അമേരിക്കയിലെ വിവിധ നഗരങ്ങളിൽ കുടിയേറി പ്രതികൂല സാഹചര്യങ്ങളും, തികച്ചും വ്യത്യസ്തമായ ജീവിതരീതികളും, ജോലിസാഹചര്യങ്ങളും ധീരമായി തരണം ചെയ്ത്, പൈതൃകമായി ലഭിച്ച തങ്ങളുടെ അചഞ്ചലമായ വിശ്വാസം കൈവിടാതെ മക്കളെ വിശ്വാസത്തിൽ നല്ലരീതിയിൽ വളർത്തി അവിടങ്ങളിലെ സീറോമലബാർ സമൂഹങ്ങളുടെ ഉന്നമനത്തിനും, പടിപടിയായുള്ള വളർച്ചക്കും തുടർന്ന് സീറോമലബാർ പള്ളികളുടെ സ്ഥാപനത്തിനും, വളർച്ചക്കും വളരെയധികം സംഭാവനകൾ നൽകി ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന സീറോമലബാർ കാരണവന്മാരെ ഈ കോൺഫറൻസിൽ ആദരിക്കുന്നു എന്നുള്ളത് മറ്റൊരു പ്രത്യേകതയാണ്.



കൂടുതൽ വിവരങ്ങൾക്ക്

ജോർജ് മാത്യു സി.പി.എ. +1 267 549 1196

ജോസ് മാളേയ്ക്കൽ +1 215 873 6943

ഡോ. ജയിംസ് കുറിച്ചി +1 856 275 4014

സിബിച്ചൻ ചെമ്പ്ളായിൽ, രജിസ്ട്രേഷൻ ചെയർപേഴ്സൺ +1 215 869 5604

എന്നിവരുമായി ബന്ധപ്പെടുക.


ഫോട്ടോ: ജോസ് തോമസ്

# പാസ്റ്റർ കെ.എം.ചാക്കോയുടെ ജീവചരിത്ര ഗ്രന്ഥം 'ചെറുകര മുതൽ ഒക്കലഹോമവരെ' പ്രകാശനം ചെയ്തു

ഒക്കലഹോമ: ഒക്കലഹോമ സിറ്റിയിലെ ആദ്യകാല മലയാളി പെന്തെക്കോസ്ത് ശുശ്രൂഷകരിലൊരാളായ പാസ്റ്റർ കെ.എം.ചാക്കോയുടെ ജീവചരിത്ര ഗ്രന്ഥം- 'ചെറുകര മുതൽ ഒക്കലഹോമവരെ ' - പ്രകാശനം ചെയ്തു. ഹാലേലൂയ്യാ പത്രാധിപരും ഗ്രന്ഥകാരനുമായ സാംകുട്ടി ചാക്കോ നിലമ്പൂരാണ് പുസ്തകരചന നിർവ്വഹിച്ചിരിക്കുന്നത്. തിരുവല്ല ഹാലേലൂയ്യ ബുക്സാണ് പ്രസാധകർ

ജൂൺ- 23 ന് ഒക്കലഹോമയിലെ പ്രെയ്സ് ടാബർനാക്കിൾ ചർച്ചിൽ നടന്ന പ്രകാശന ചടങ്ങുകൾക്ക് പാസ്റ്റർ ജോസ് ഏബ്രഹാം അദ്ധ്യക്ഷതവഹിച്ചു. പാസ്റ്റർ സാംകുട്ടി ചാക്കോ മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർ ജോസ് ഏബ്രഹാമിൽ നിന്ന് പാസ്റ്റർ സന്തോഷ് കോശി ഈശോ പ്രഥമ കോപ്പി ഏറ്റുവാങ്ങി. പാസ്റ്റർ കെ.എം.ചാക്കോ മറുപടി പ്രസംഗവും വർഗീസ് ജോസഫ്, സാബു വർഗീസ് എന്നിവർ ആശംസാ പ്രസംഗങ്ങളും നടത്തി. മക്കളായ കെ.സി. മാത്യു (ജെയിംസ്), പ്രസാദ് ജേക്കബ് എന്നിവർ കൃതജ്ഞത രേഖപ്പെടുത്തി.


റാന്നി ഏഴോലി സ്വദേശിയായ കെ.എം. ചാക്കോ ബാംഗ്ലൂർ SABC യിലെ ദൈവശാസ്ത്ര പഠനാനന്തരം അസംബ്ലീസ് ഓഫ് ഗോഡിലെ ആദ്യകാല സി.എ. പ്രസിഡന്റും ബഥേൽ ബൈബിൾ കോളജ് അധ്യാപകനുമായി പ്രവർത്തിച്ചു. 1970-ൽ അമേരിക്കയിലേക്ക് കുടിയേറി. ഒക്കലഹോമയിലെ ആരംഭകാല മലയാളി പെന്തെക്കോസ്ത് പാസ്റ്ററും സഭാ സ്ഥാപകനുമാണ് ഇദ്ദേഹം. സയോൺ പെന്തെക്കോസ്ത് സഭയുടെ സ്ഥാപകരിലൊരാളും ദീർഘകാലം സീനിയർ ശുശ്രൂഷകനുമായിരുന്നു.




പുസ്തകത്തിന്റെ കോപ്പികൾ തിരുവല്ലയിലെ ഹാലേലൂയ്യാ ഓഫീസിൽ നിന്നും അമേരിക്കയിൽ പി.സി.എൻ.എ.കെ, എ.ജി ഫാമിലി കോൺഫ്രൻസ് എന്നിവിടങ്ങളിലെ ഹാലേലൂയ്യ സ്റ്റാളുകളിലും ലഭിക്കും. കോപ്പികൾക്ക്:+15167875214

വാർത്ത: നിബു വെള്ളവന്താനം





പ്രവർത്തന വീഥിയിലൂടെ മുന്നോട്ട്...
കരുത്തോടെ.... ദിശാബോധത്തോടെ....
ഫോമയോടൊപ്പം
UNITY
OUR STRENGTH
Happy Father's Day
FOMAA
TEAM UNITED
2024 - 2026
PAUL P JOSE
FOMAA
Joint Secretary
Candidate
2024 - 2026
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE
PALACKALODY
for Treasurer
SHALU MATHEW
PUNNOOSE
for Vice President
PAUL P JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer

# തൃശൂർ രൂപതയുടെ സഹായ മെത്രാൻ മാർ ടോണി നീലങ്കൽ കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ കത്തോലിക്കാ പള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു




ഡാളസ്: കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ കാത്തോലിക്കാ പള്ളിയിൽ ജൂൺ 22ാം തീയതി ഞായറാഴ്ച തൃശൂർ രൂപതാ സഹായ മെത്രാൻ ടോണി നീലങ്കൽ പരിശുദ്ധ കുർബ്ബാന അർപ്പിച്ചു. അദ്ദേഹത്തിന്റെ കൂടെ ഫാദർ ജിമ്മി എടക്കുളത്തിൽ, പാലനാ ഇൻസ്റ്റിററൂട്ട് ഓഫ് മെഡിക്കൽ സയൻസ് പാലക്കാട് ഡയറക്ററർ ഫാദർ വാൾട്ടർ തേലാപ്പള്ളി സി.എം.ഐ( ദേവഗിരി പ്രെവിൻസ്) എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

അമേരിക്കയിൽ പിതാവിന്റെ പ്രഥമ സന്ദർശനമായിരുന്നു. സഭയുടെ ഒരു വലിയ ഭാഗം ഇൻഡ്യക്കു പുറത്താണ് അതുപോലെ സീറോമലബാർ സഭയുടെ ആദ്യത്തെ രൂപതയായ ഷിക്കാഗോ സന്ദർശിക്കാൻ സാധിച്ചതിൽ അത്യധികം സന്തോഷം പങ്കു വച്ചു കൊണ്ടാണ് കുർബാന മധ്യേ ഉള്ള അദ്ദേഹത്തിന്റെ പ്രബാഷണം തുടങ്ങിയത്.

ദൈവത്തിന്റെ പദ്ധതിയിൽ ഒരു ശിശുവിന് അമ്മയുടെ ഉദരത്തേക്കാട്ടിലും സുരക്ഷിതമായ സ്ഥലം വേറെയില്ല. അമ്മയുടെ ജീവരസം ആണ് ആ കുഞ്ഞ് ഭക്ഷിക്കുന്നത് അതുപോലെ സഭയേയും ഉദരമായി കാണാം. അവിടെ നമ്മൾക്ക് ആന്മീയ പരിഭോഷണം കിട്ടുന്ന സ്ഥലം ആണ്. കർത്താവ് തന്നെ തന്റെ ശരീര രക്തം നമുക്ക് ആന്മീയ ഭക്ഷണമായി തന്ന് നമ്മെ പരിപോഷിപ്പിക്കുന്ന ഈ ഇടവക കൂട്ടായ്മ നമുക്ക് അനുഗ്രഹമായി മാറട്ടെ നമ്മുടെ കുട്ടികൾക്കും കുടുംബത്തിലുള്ള വർക്കും ഈ ഒരു ബോധ്യം ഉണ്ടാകുവാൻ ഇടയാകട്ടെ.

അന്ധരായവരെ സുഖപ്പെടുത്തിയ ബൈബിൾ വചനത്തിൽ നിന്ന് പിതാവ് വളരെ വിജ്ഞാനപ്രദമായ വിശദീകരണം തന്നു. യേശുവിന്റെ സ്വരം കേട്ടപ്പോഴേ അന്ധരായ അവർ തന്റെ രക്ഷകനാണ് എന്ന് തിരിച്ചറിഞ്ഞു. എന്നാൽ കണ്ണുള്ളവർ യേശുവിനെ തിരിച്ചറിഞ്ഞില്ല. നമ്മുടെ ആന്മീയ അന്ധത മാറാൻ പ്രാർത്ഥിക്കണം. ആന്മീയ കാഴ്ച ദൈവത്തിന്റെ കൃപയാണ് എന്ന് നാം തിരിച്ചറിയണം. ഗ്രീക്ക് ഫിലോസഫർ പ്ലേറേറായുടെ കാഴ്ചയെ കുറിച്ചുള്ള കാഴ്ചപ്പാട്, അതുപോലെ സ്പാനിഷ് കത്തോലിക്കാ സ്ത്രി അമ്മയും അപ്പൻ സൗത്ത് ഇൻഡ്യൻ നായർ തറവാട്ടിലെ രാമുണ്ണി പണിക്കർ, രസതന്ത്രത്തിലും ദൈവശാസ്ത്രത്തിലും ഫിലോസഫിയിലും മൂന്നിലും ഡോക്ററേററ് നേടിയ റെയ്മൻ പണിക്കർ എന്ന സ്പാനിഷ് കത്തോലിക്കാ പുരോഹിതനെയും പരിചയപ്പെടുത്തിതന്നു. ഇതുപോലുള്ള മഹത് വ്യക്തികളെയും അവരുടെ കാഴ്ചപാടിനേയും ഉൾപ്പെടുത്തികൊണ്ടുള്ള പ്രസംഗം വളരെ വേറിട്ട ഒരു അനുഭവമായിരുന്നു.

നമ്മൾ മുൻകൂട്ടി കരുതി വച്ചിരിക്കുന്ന തനുസരിച്ച് ആരേയും വിധിക്കരുത്. വിധി ദൈവത്തിന് വിട്ടു കൊടുക്കുക. കംപാഷൻ അല്ലങ്കിൽ അനുകമ്പ എന്ന വാക്കിന്റെ അർത്ഥം വളരെ വ്യക്തമായി തന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കൂടി മനസിലാക്കി തന്നു. മററുള്ളവരുടെ വേദന അല്ലങ്കിൽ നിസഹായവസ്ഥ കണ്ട് സഹായിക്കുന്നിടത്താണ് അനുകമ്പ ഉണ്ടാകുന്നത്. കുർബാനക്കു ശേഷം വിശ്വാസികൾ അദ്ദേഹത്തെ നേരിൽ കണ്ട് സ്നേഹവും സൗഹൃദവും പങ്കു വച്ചു.

വാർത്ത: ലാലി ജോസഫ്

# ബിജു ജോൺ കൊട്ടാരക്കരയെ ഫൊക്കാന ട്രസ്റ്റീ ബോർഡ് മെംബെർ ആയി ന്യൂയോർക്ക് മലയാളി അസോസിയേഷൻ [നൈമാ] നാമനിർദ്ദേശം ചെയ്തു

ന്യൂയോർക്ക്: ഫൊക്കാനയുടെ പ്രമുഖ നേതാവും സാമൂഹ്യ സാംസ്‌ക്കാരിക രംഗത്തെ നിറസാന്നിദ്ധ്യവുമായ ബിജു ജോൺ കൊട്ടാരക്കരയെ ഫൊക്കാനയുടെ 2024 -26 ഭരണസമിതിയിൽ ട്രസ്റ്റീ ബോർഡ് മെംബെർ ആയി ന്യൂയോർക്ക് മലയാളി അസോസിയേഷൻ (നൈമാ) ജനറൽ ബോഡി നാമനിർദ്ദേശം ചെയ്തു.

ഫൊക്കാനയുടെ കരുത്തുറ്റ നേതാവും മികച്ച സംഘാടകനുമായ ബിജു ജോൺ കൊട്ടാരക്കര സാമൂഹ്യ - സാംസ്കാരിക - രാഷ്ട്രീയ-സാമുദായിക മേഖലകളിലെല്ലാം തന്നെ സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. എല്ലാത്തരം ആളുകളെയും കൂട്ടിയിണക്കുന്നതിള്ള അസാമാന്യ നയപാടവവും കഴിവും മറ്റുള്ള നേതാക്കളിൽ നിന്ന് ബിജുവിനെ വ്യത്യസ്തനാക്കുന്നു. ഫൊക്കാനയുടെ 2022-24 ഭരണസമിതിയുടെ ട്രഷററായിരിക്കെ അസാധാരണമായ സാമ്പത്തിക കാര്യനിർവഹണവും സംഘടനാ വൈദഗ്ധ്യവുമാണ് അദ്ദേഹം കാഴ്ച് വെച്ചിട്ടുള്ളത്. നാളിതുവരെയുള്ള പ്രവർത്തന മികവിനും നേതൃപാടവത്തിനുമുള്ള അംഗീകാരമായാണ് ട്രസ്റ്റീ ബോർഡ് സ്ഥാനാർഥിത്വം ബിജു ജോൺ കൊട്ടാരക്കരയ്ക്ക് നാമനിർദ്ദേശം ചെയ്തിട്ടുള്ളത്.

ജീവിതത്തിൽ ലാളിത്യവും ദീർഘവീക്ഷണവും മികച്ച സംഘടനാ പാടവവും വച്ചു പുലർത്തുന്ന സർവസമ്മതനായ വ്യക്തി എന്ന നിലയിൽ അമേരിക്കൻ മലയാളി സമൂഹത്തിനിടയിൽ സുപരിചിതനായ ബിജു ജോണിന്റെ ട്രസ്റ്റീ ബോർഡ് സ്ഥാനാർഥിത്വത്തിന് ഫൊക്കാനയിലെ മുതിർന്ന നേതാക്കളുടെ അംഗീകാരവും മെമ്പർ അസ്സോസിയേഷനുകൾക്കിടയിൽ വൻപിച്ച സ്വീകാര്യതയും ലഭിച്ചിട്ടുണ്ട്.

ഫൊക്കാനയുടെ മുൻ അഡിഷണൽ അസോസിയേറ്റ് ട്രഷറർ ആയി പ്രവർത്തിച്ചപ്പോൾ ഫ്ലോറിഡ കൺവെൻഷന്റെ ചുക്കാൻ പിടിച്ചതു ബിജുവിൻറെ സംഘടനാ പാടവത്തിന്റെ ഉത്തമ ഉദാഹരണമാണ്. ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമെന്ന നിലയിൽ ഫൊക്കാനയുടെ നിരവധി പരിപാടികളിൽ സജീവ സാന്നിധ്യം തെളിയിച്ച അദ്ദേഹം വിവിധ സ്റ്റേറ്റുകളിലും ഇന്ത്യയിലും യാത്ര ചെയ്ത് ഫൊക്കാനയുടെ പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. വാഷിംഗ്ടൺ ഡി സി, ഒർലാണ്ടോ കൺവെൻഷന്റെ വിജയത്തിനായി അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിലായി നടന്ന റീജിയണൽ മീറ്റിങ്ങുകൾ, രെജിസ്ട്രേഷൻ കിക്ക് ഓഫ് ചടങ്ങുകൾ തുടങ്ങിയവ അദ്ദേഹം നേരിട്ട് പങ്കെടുത്തിരുന്നു.



നിലവിൽ ലോക കേരള സഭാംഗമായ ബിജു ജോൺ കൊട്ടാരക്കര ഒരു എഴുത്തുകാരനും അറിയപ്പെടുന്ന മാധ്യമ പ്രവർത്തകനുമാണ്. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐ.പി.സി.എൻ.എ) യുടെ ന്യൂയോർക്ക് ചാപ്റ്റർ ഭാരവാഹിയായിരുന്ന അദ്ദേഹം ഫൊക്കാനയുടെ ത്രൈമാസികയായ ഫൊക്കാന ടുഡേയുടെ ചീഫ് എഡിറ്ററായും കൺവെൻഷൻ മാഗസിൻ ചീഫ് എഡിറ്ററായും, കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂ യോർക്ക് സിൽവർ ജൂബിലി സുവനീർ ചീഫ് എഡിറ്ററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നിലവിൽ കേരളാ എഞ്ചിനീയറിംഗ് ഗ്രാഡുവേറ്റ് അസോസിയേഷൻ ഇൻ നോർത്ത് അമേരിക്കയുടെ (കീൻ) ന്യൂസ് ലെറ്റർ ആൻഡ് പബ്ലിക്കേഷൻസ് കോർഡിനേറ്റർ ആണ്. കീൻ ലോങ്ങ് ഐലൻഡ് റീജിയണൽ വൈസ് പ്രസിഡന്റ്, പബ്ലിക് റിലേഷൻ കോർഡിനേറ്റർ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.



എൻജിനീയറിങ്, എം.ബി.എ എന്നീ ബിരുദങ്ങൾ കരസ്ഥമാക്കിയ ബിജു ജോൺ കൊട്ടാരക്കര വളരെ ചെറുപ്പത്തിൽ തന്നെ സാമൂഹിക, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായിരുന്നു. സ്കൂൾ കോളേജ് പഠന കാലത്തു കേരള സ്റ്റുഡന്റ്സ് യൂണിയൻ, സ്കൗട്ട്, നാഷണൽ കേഡറ്റ് കോർപ്സ് എന്നീ സംഘടനകളിൽ പ്രവർത്തിക്കുകയും പൊതുജീവിതത്തിൽ സമൂഹത്തോടു നന്മചെയ്യാനുള്ള പ്രതിബദ്ധത വളർത്തിയെടുക്കുകയും ചെയ്തിരുന്നു. ചെറുപ്പത്തിൽ സ്വായത്തമാക്കിയ സാമൂഹിക, ജീവകാരുണ്യ പ്രവർത്തനങ്ങൾ അമേരിക്കയിലെത്തിയ ശേഷവും തുടരാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഫൊക്കാനയിൽ സജീവമായതോടെയാണ് തന്റെ പ്രവർത്തന മേഖലയ്ക്ക് ഒരു പുതിയ ദിശാ ബോധം കൈവരിച്ചതെന്ന് ബിജു സാക്ഷ്യപ്പെടുത്തുന്നു. വളരെ ചെറുപ്പം മുതലേ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ബിജുവിന് തന്റെ ജീവിതത്തിലുടെനീളം അത് പ്രാവർത്തികമാക്കാൻ സാധിച്ചത് അദ്ദേഹത്തിന്റെ പൊതുസേവനരംഗത്ത് ശ്രദ്ധേയമായ നേട്ടമാണ്. അമേരിക്കൻ രാഷ്ട്രീയ രംഗത്തേക്ക് കടന്നു വന്ന മലയാളികൾ ഉൾപ്പെടെയുള്ള നിരവധി ഇന്ത്യക്കാർക്ക് കക്ഷി രാഷ്ട്രീയ ഭേദമന്യേ പിന്തുണ നൽകിയിട്ടുള്ള അദ്ദേഹം നിരവധി സ്ഥാനാർത്ഥികളുടെ പ്രചാരണത്തിൽ സജീവമായി പങ്കെടുക്കുകയും തെരെഞ്ഞെടുപ്പ് ഫണ്ടിലേക്കുള്ള ധനസമാഹരണത്തിനു ചുക്കാൻ പിടിക്കുകയും ചെയ്തിട്ടുണ്ട്.




ചലനാത്മകവും പ്രതികരണശേഷിയുള്ളതുമായ ഒരു ഭരണസംവിധാനത്തിന് തിരഞ്ഞെടുപ്പ് സമയത്തെ മത്സരം അനിവാര്യമാണെങ്കിലും, ഫലപ്രദമായ ഭരണത്തിനും സംഘടനയുടെ വികസനത്തിനും തിരഞ്ഞെടുപ്പിന് ശേഷമുള്ള സഹകരണം ഏറെ നിർണായകമാണ് എന്ന തത്വത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ആളാണ് ബിജു ജോൺ കൊട്ടാരക്കര. ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വത്തിലുള്ള ഭരണ സമതിയിൽ ട്രഷറർ എന്ന നിലയിൽ ബിജു നടത്തിയ പ്രവർത്തനം എതിരാളികളുടെ പോലും പ്രശംസ പിടിച്ചു പറ്റുന്നതായിരുന്നു.

ബിജു ജോൺ കൊട്ടാരക്കരയുടെ മികച്ച നേതൃപാടവവും പ്രവർത്തന പരിചയവും എല്ലാവരെയും ഏകോപിപ്പിച്ചു മുന്നോട്ട് കൊണ്ടുപോകാനുള്ള കഴിവും സത്യവും നീതിയും അടിസ്ഥാനമാക്കിയുള്ള പ്രവർത്തന ശൈലിയും ഫൊക്കാനാ ട്രസ്റ്റി ബോർഡിന്റെ പ്രവർത്തനങ്ങക്ക് ഏറെ മുതൽക്കൂട്ടായിരിക്കും. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ കർമ്മനിരതരായ വ്യക്തിത്വങ്ങൾക്ക് മാത്രം പ്രാധാന്യം നൽകിക്കൊണ്ടുള്ള സജിമോൻ നേതൃത്വം നൽകുന്ന ഡ്രീം ടീം ഫൊക്കാന ബിജു ജോണിന്റെ ട്രസ്റ്റീ ബോർഡ് സ്ഥാനാർഥിത്വത്തെ സ്വാഗതം ചെയ്തു.



FOMAA
Team United 2024-2026
VOTE
FOR
BAIJU
VARGHESE
For FOMAA
General Secretary
കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ പ്രസിഡന്റ്
ഫോമാ മിഡ് അറ്റ്ലാന്റിക് റീജിയണിന്റെ 2020 – 2024 ലെ ശക്തനായ റീജിയണൽ വൈസ് പ്രസിഡന്റ് (RVP)
ഫോമാ 2022 Cancun കൺവെൻഷന്റെ നാഷണൽ രജിസ്ട്രേഷൻ കോർഡിനേറ്റർ
ഫോമാ 2018 ചിക്കാഗോ കൺവെൻഷന്റെ നാഷണൽ രജിസ്ട്രേഷൻ കമ്മിറ്റി മെമ്പർ
ഫോമാ ഹെല്പിങ് ഹാൻഡ്സ്, സാന്ത്വന സംഗീതം കോർഡിനേറ്റർ
പുതിയ ആശയങ്ങൾ...
ഉപാധികളില്ലാത്ത സൗഹൃദം...
മികച്ച സംഘാടനം
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE PALACKALODY
for Treasurer
SHALU PUNNOOSE
for Vice President
PAUL P. JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer

# ഡാളസ്സിലെ ദേശീയ വടംവലി മാമാങ്കത്തിൽ ന്യൂയോർക് കിങ്സ് ചാമ്പ്യൻസ്




പി പി ചെറിയാൻ

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാലസും ഇന്ത്യ കൾച്ചറൽ എജുക്കേഷൻ സെൻററും സംയുക്തമായി സംഘടിപ്പിച്ച വടംവലി മാമാങ്കത്തിൽ ന്യൂയോർക് കിങ്സ് ചാമ്പ്യൻസ് ട്രോഫി കരസ്ഥമാക്കി.ആവേശം തിരതല്ലിയ ,അവസാന നിമിഷം വരെ സസ്പെൻസ് നിലനിർത്തിയ ഫൈനൽ മത്സരത്തിൽ സെവൻസ് ചിക്കാഗോ ടീമിനെ പരാജയപ്പെടുത്തിയാണ് ന്യൂയോർക് കിങ്സ് ചാമ്പ്യൻസ് ട്രോഫി കരസ്ഥമാക്കിയത്. ഹൂസ്റ്റൺ കൊമ്പൻസ്, ആഹാ ഡാളസ് എന്നീ ടീമുകൾ യഥാക്രമം മൂന്നും നാലും സ്ഥാനങ്ങൾ നേടി.

വനിതാ വിഭാഗത്തിൽ ഡാളസ് ഡാർലിംഗ്സിനെ പരാജയപ്പെടുത്തി ഹൂസ്റ്റനിൽ നിന്നെത്തിയ പെൺപുലികൾ ഹൂസ്റ്റൺ വാരിയേഴ്സ് ട്രോഫി നേടി.

ഇന്റർ നാഷണൽ റ്റഗ് ഓഫ് വാർ റഫറിയായ റോയി ജേക്കബ് മറ്റപ്പള്ളിയായിരുന്നു മുഖ്യ റഫറി. ചാക്കോച്ചൻ അമ്പാട്ട് , ഷിബു ജോൺ, രാധാകൃഷ്ണൻ, മാത്യു ഒഴുകയിൽ എന്നിവരും വിവിധ മത്സരങ്ങളിൽ റഫറിമാരായി.

1976 ആരംഭിച്ച കേരള അസോസിയേഷൻ ആദ്യമായി സംഘടിപ്പിച്ച നാഷണൽ വടംവലി മത്സരത്തിന്റെ ഉദ്ഘാടനം അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിൻറെ അധ്യക്ഷതയിൽ ജൂൺ 22 ശനിയാഴ്ച രാവിലെ 9 മണിക് ഗാർലാൻഡ് സിറ്റിയിലുള്ള സെൻറ് തോമസ് കാത്തലിക്ക് ചർച്ച് ഓഡിറ്റോറിയത്തിൽ നടന്നു. ഗാർലാൻഡ് സിറ്റി മേയർ സ്കോട് ലെമ ,അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ കൌൺസിൽ





അംഗം മാർഗരറ്റ് ലോട്, മെഗാ സ്പോൺസർ ഡോ. ഷിബു സാമുവേൽ, സെക്രട്ടറി മൻജിത് കൈനിക്കര തുടങ്ങിയവർ നിലവിളക്കു കൊളുത്തി ഉദ്‌ഘാടനം നിർവഹിച്ചു.

അസോസിയേഷന്റെ ചരിത്രത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന വടം വലിമാമാങ്കത്തിൽ പുരുഷന്മാരുടെ 9 ടീമുകളും വനിതകളുടെ മൂന്ന് ടീമുകളുമാണ് മാറ്റുരയ്ക്കുന്നതെന്നും ന്യൂയോർക്ക് ചിക്കാഗോ തുടങ്ങി മറ്റു പല സ്റ്റേറ്റുകളിൽ നിന്നുള്ള ടീമുകൾ ആവേശകരമായ മത്സരത്തിൽ പങ്കുകൊള്ളുന്നതെന്നും അധ്യക്ഷ പ്രസംഗത്തിൽ പ്രദീപ് നാഗനൂലിൽ (പ്രസിഡന്റ്) പറഞ്ഞു. തുടർന്ന് സെന്റ് തോമസ് പള്ളി പാർകിംഗ് ലോട്ടിൽ പ്രത്യേകമായി സജ്ജീകരിച്ച വേദിയിലേക്ക് ബൈക്ക് റാലി, ചെണ്ടമേളം എന്നിവയുടെ അകമ്പടിയോടെ വിശിഷ്ടാതിഥികളെ ആനയിച്ചു. മേയർ സ്കോട്ട് ലിമേ മസ്തരാർത്ഥികൾക്ക്  വടം കൈമാറി. സുബി ഫിലിപ്പ്, നിഷാ മാത്യൂസ് എന്നിവർ ഉദ്‌ഘാടന പരിപാടികൾ നിയന്ത്രിച്ചു.






ചർച്ച്  പാർക്കിംഗ് ലോട്ടിൽ രാത്രി 9 മണി വരെ നീണ്ട 46 റൌണ്ട് മത്സരത്തിൽ പുരുഷന്മാരുടെ 9 ടീമുകളും വനിതകളുടെ മൂന്ന് ടീമുകളുമാണ് മാറ്റുരച്ചത്. വടം വലി മത്സരത്തിൽ പങ്കെടുത്ത ഓരോ ടീമിനും ആവേശകരമായ പിന്തുണയാണ് ഗ്രൗണ്ടിൽ തടിച്ചുകൂടിയ സ്പോർട്സ് പ്രേമികൾ നൽകിയത്. ഹരിദാസ് തങ്കപ്പൻ, സിബി തലക്കുളം, ജിജി പിസ്കറിയാ, ദീപ്തി സഖറിയാ എന്നിവരുടെ തത്സമയ വിവരണം മസ്തരങ്ങളിൽ ആവേശമേകി. മരിയൻ ചെണ്ടമേളം ടീമിന്റെ വനിതാ ചെണ്ടമേളക്കാർ വാദ്യാഘോഷങ്ങളുമായി കാണികളുടെ ആർപ്പുവിളികൾക്കു കൊഴുപ്പേകി.



കേരള അസോസിയേഷൻ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ  ഇന്ത്യ കൾച്ചറൽ ആൻഡ് എജുക്കേഷൻ സെൻറർ പ്രസിഡണ്ട് ഷിജു എബ്രഹാം എന്നിവർ രക്ഷാധികാരികളായി സെക്രട്ടറി മഞ്ജിത്







കൈനിക്കര, ട്രഷറർ ദീപക് നായർ ജനറൽ കോർഡിനേറ്റർമാരായ സാബു അഗസ്റ്റിൻ ,വിനോദ് ജോർജ് , ജോസി ആഞ്ഞിലിവേലിൽ, അനശ്വർ മാംമ്പിള്ളി, സുബി ഫിലിപ്പ്, ജെയ്സി രാജു ,ടോമി നെല്ലുവേലിൽ, ജിജി സ്കറിയ , ഹരിദാസ് തങ്കപ്പൻ, സാബു മാത്യു എന്നിവരുടെ നേതൃത്വത്തിൽ 70 വളണ്ടിയർമാരും കേരള അസോസിയേഷൻ ,ട്രസ്റ്റി ബോർഡ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്ന വിപുലമായ ഒരു കമ്മിറ്റിയാണ് മത്സരത്തിന് നേതൃത്വം നൽകിയത് .

മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി 3000 ഡോളറും ട്രോഫിയും ഹിമാലയൻ വാലി ഫുഡ്സ്, രണ്ടാം സമ്മാനമായി 2000 ഡോളറും ട്രോഫിയും ഫെറ്റി റൈഡ്, മൂന്നാം സമ്മാനമായി 1000 ഡോളറും ട്രോഫിയും ബുക്ക് ഓ ട്രിപ്പ്, നാലാം സമ്മാനമായി 500 ഡോളറും ട്രോഫിയും സ്കൈലൈൻ റൂഫിംഗ് വനിതാ വിഭാഗം ഒന്നാം സമ്മാനമായി 750 ഡോളറും ട്രോഫിയും ഡോൾഫിൻ ഡിജിറ്റൽ മീഡിയ, രണ്ടാം സമ്മാനമായ 500 ഡോളറും ട്രോഫിയും കുമാർസ് റസ്റ്ററൻറ് , അഞ്ചു മുതൽ ഒൻപതു വരെ സ്ഥാനക്കാർക്കുള്ള ട്രോഫി ഷിജു എബ്രഹാം എന്നിവരാണ് സ്പോൺസർ ചെയ്തിരുന്നത്.

മെഗാ സ്പോൺസർ ഡോ. ഷിബു സാമുവേൽ, ഹിമാലയൻ വാലി ഫുഡ്സ് ഡയറക്ടർ ഫ്രിക്സ്മോൻ മൈക്കിൾ, ,ഗാർലാൻഡ് സിറ്റി സീനിയർ ഫോറം കമ്മീഷ്ണർ പി സി മാത്യു, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് പ്രസിഡന്റ് സണ്ണി മാളിയേക്കൽ എന്നിവർ മത്സരത്തിന് ആശംസകൾ അറിയിച്ചു.



പ്രിയ സുഹൃത്തേ,

ഫൊക്കാന നേതൃത്വത്തിലേക്ക് ഈ വർഷം നടക്കുന്ന തെരെഞ്ഞെടുപ്പിൽ വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് ഞാൻ മത്സരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി ഫൊക്കാനയുടെ വിവിധ തലങ്ങളിലും മലയാളി സമൂഹവുമായി ബന്ധപ്പെട്ട മറ്റ് പല മേഖലകളിലും സജീവമായി പ്രവൃത്തിക്കുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്.

ഈ കാലങ്ങളിലൊക്കെ, തങ്ങളുടെയും മറ്റുള്ളവരുടെയും സഹായത്താൽ, സമൂഹത്തിന്റെയും മറ്റുള്ളവരുടെയും നന്മക്കു വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ ഞാൻ പരിശ്രമിച്ചിട്ടുണ്ട്.

അമേരിക്കയിലും കാനഡയിലും ഉള്ള മലയാളി സമൂഹത്തിന്റെ എക്കാലത്തെയും മഹത്തായ പ്രസ്ഥാനം ഫൊക്കാനയ്ക്ക് വരും നാളുകളിൽ നൂതനമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ, കർമനിരതനായ സജിമോൻ ആന്റണിയ്ക്കും ടീമിനും നിങ്ങളുടെ സഹകരണവും പിന്തുണയും കൂടിയേ തീരൂ.



നിങ്ങളുടെ വിലപ്പെട്ട വോട്ടുകൾ നൽകി വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് എന്നെയും സജിമോൻ ആന്റണിയുടെ പാനലിൽ മത്സരിക്കുന്ന മറ്റുള്ളവരെയും വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങളോടൊപ്പം നിങ്ങളിൽ ഒരുവനായി എന്നും ഞാൻ ഉണ്ടാകുമെന്നു ഉറപ്പ് നൽകുന്നു.

വാഷിങ്ടണിൽ എത്തുമ്പോൾ നമുക്കു നേരിൽ കാണാം.

സ്നേഹപൂർവം,

Vipin Raj

വിപിൻ രാജ്








അമേരിക്കയിലെ സാംസ്കാരിക-കായിക നഗരമായ ഡാളസിൽ, കേരള അസോസിയേഷൻ ഓഫ് ഡാളസും, ഇന്ത്യൻ കൾച്ചറൽ ആന്റ് എഡ്യൂക്കേഷൻ സെന്ററും സംയുക്തമായി സംഘടിപ്പിച്ച അഖില അമേരിക്ക വടംവലി മത്സരത്തിന് പ്രദീപ് നാഗനൂലിൽ (KAD, പ്രസിഡന്റ് ) ഷിജു എബ്രഹാം (ICEC, പ്രസിഡന്റ് ) രക്ഷാധികാരികൾ,ജനറൽ കോർഡിനേറ്റേഴ്സ്:കോർഡിനേറ്റെഴ്സ് ദീപക് നായർ (KAD, ട്രഷറർ ഫ്രാൻസിസ് തോട്ടത്തിൽ (KAD, ജോയിന്റ് സെക്രട്ടറി ) സാബു മുക്കാലടിയിൽ സ്പോർട്സ് ഡിറക്ടർ ) വിനോദ് ജോർജ് (KAD, മെമ്പർഷിപ് ഡിറക്ടർ) ജോസി ആഞ്ഞിലിവേലിൽ വോളന്റീയർ കോർഡിനേറ്റർ: അനശ്വർ മാമ്പള്ളി (KAD, വൈസ് പ്രസിഡന്റ് ) ഫിനാൻസ് കോർഡിനേറ്റെഴ്സ് ദീപക് നായർ (KAD, ട്രഷറർ ഫ്രാൻസിസ് തോട്ടത്തിൽ (KAD, ജോയിന്റ് സെക്രട്ടറി ) സേഫ്റ്റി ആൻഡ് ഹോസ്പിറ്റാലിറ്റി കോർഡിനേറ്റെഴ്സ് : ജേക്കബ് സൈമൺ (ICEC, സെക്രട്ടറി ) മാത്യു നൈനാൻ ഫുഡ് ആൻഡ് റിഫ്രെഷ്മെന്റ് കോർഡിനേഷൻ ടോമി നെല്ലുവേലിൽ (ICEC Treasurer ) സാബു മാത്യു ( KAD Recreation Director) പ്രോഗ്രാം മാനേജ്മെന്റ് : സുബി ഫിലിപ്പ് (KAD ആർട്സ് ഡിറക്ടർ ) ജോസി ആഞ്ഞിലിവേലിൽ ഗെയിം മാനേജ്മെന്റ്: മാത്യു ഒഴുകയിൽ നെബു കുര്യക്കോസ് ടീം മാനേജ്മെന്റ് വിനോദ് ജോർജ് ജിജി പി സ്കറിയ Venue മാനേജ്മെന്റ് : സിബി വർക്കി രഞ്ജിത്ത്

കമന്ററി മാനേജ്മെന്റ് ഹാരിദാസ് തങ്കപ്പൻ (KAD ബോർഡ് ഓഫ് Trustee Member) നിഷാ മാത്യൂസ് (KAD Joint Treasurer ) മെഡിക്കൽ ടീം കോർഡിനേഷൻ : ജയ്സി ജോർജ് (KAD സോഷ്യൽ സർവീസ് ഡിറക്ടർ ) ഡിംപിൾ ജോസഫ് (KAD Education Director) രെജിസ്ട്രേഷൻ കോർഡിനേഷൻ : ഡാനിയേൽ കുന്നേൽ (KAD, Board of Trustee Chairman ) ജോർജ് ജോസഫ് വിലങ്ങോലിൽ (KAD Board of Trustee Member) ഗതാഗത നിയന്ത്രണം : റോബിൻ ബേബി (KAD, യൂത്ത് ഡിറക്ടർ ) അവാർഡ്സ് ആൻഡ് ട്രോഫീസ് കോർഡിനേഷൻ : ബേബി കൊടുവത്ത്(KAD Library Director ) ദീപു രവീന്ദ്രൻ (KAD, Publication Director ) ലൈവ് അപ്ഡേഷൻ:- പവർ വിഷൻ, സിജു വി ജോർജ്, എന്നിവർ ഉൾപ്പെടുന്ന വിപുലമായ ഒരു കമ്മിറ്റിയാണ് മത്സരത്തിന് നേതൃത്വം നൽകിയത്.

അടുത്തവർഷം കൂടുതൽ ടീമുകളെ ഉൾപ്പെടുത്തി മത്സരം കൊഴുപ്പിക്കുമെന്നും എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർഥിക്കുന്നുവെന്നും .മത്സരത്തിൽ ഉടനീളം സജീവ സാന്നിധ്യമായിരുന്ന അസ്സോസിയേഷൻ സെക്രട്ടറി മൻജിത് കൈനിക്കര പറഞ്ഞു. തുടർന്നു എല്ലാവർക്കും നന്ദി രേഖപ്പെടുതുകയും ചെയ്തു





Vote For FOKANA
Dream Team 2024 - 2026
A TEAM WITH NEW VISION & DIRECTION
SAJIMON ANTONY
MILLY PHILIP
VOTE FOR
MILLY
PHILIP
for
FOKANA
ADDI. ASSO.
TREASURER
"Together We Are Stronger"
ഫൊക്കാനയ്ക്ക് പുതിയ പ്രൊഫഷണൽ മുഖം

# ഹൃദ്യമായ കലാവിരുന്നായി 'പൊൻചിലമ്പ്'

## ഗൃഹാതുരത്വമായി നാടക ഗാനങ്ങൾ



ന്യു യോർക്ക്: മധുരമനോജ്ഞമായ ഒരു സായാഹ്നം മലയാളിക്ക് സമ്മാനിച്ച് കൊണ്ട് തീയറ്റർ ജി യും സാരഥി ശബരി നാഥ് നായരും ഒരിക്കൽ കൂടി ആസ്വാദക മനം കവർന്നു. ക്വീൻസിലെ പി എസ് 115 സ്കൂൾ അങ്കണം വിടുമ്പോൾ പരിപാടികൾ പെട്ടെന്ന് തീർന്ന പ്രതീതി.

ഒരുപറ്റം ഗായകർ അവതരിപ്പിച്ച പഴയ നാടക ഗാനങ്ങൾ കോർത്തിണക്കിയ 'മധുരിക്കും ഓർമ്മകൾ' ആയിരുന്നു ആദ്യപരിപാടി. 1952 ലെ നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി നാടകം മുതൽ 70 കളിലെ നാടകങ്ങളിൽ വരെയുള്ള ഗാനങ്ങൾ കരഘോഷത്തോടെ എതിരേറ്റ സദസ്, ഒരു കാലഘട്ടത്തിന്റെ പുനരാവിഷ്കരണത്തിനു സാക്ഷികളായി.

അടിച്ചമർത്തപ്പെട്ടവരുടെ ഉയിർപ്പിനു ഏറെ സഹായിച്ച നാടകത്തിന്റെ സുവർണ്ണ കാലത്തേക്കുള്ള ഒരു തിരിച്ചുപോക്കായിരുന്നു ഈ സംഗീത വിരുന്ന് .സിബി ഡേവിഡ് ആയിരുന്നു എംസി.

ഒരു പറ്റം കലാകാരന്മാരെ അവാർഡ് നൽകി ആദരിച്ചതായിരുന്നു അടുത്ത പരിപാടി.

നാടകം നാട്ടിൽ അന്യം നിൽക്കുന്ന പശ്ചാത്തലത്തിലാണ് ശബരീനാഥ് എഴുതി സംവിധാനം ചെയ്ത നൃത്ത സംഗീത നാടകം 'പൊൻചിലമ്പ്' അവതരിപ്പിച്ചത്. കഥയും പശ്ചാത്തലവും അഭിനയവും ചേർത്തൊരുക്കിയ ഹൃദ്യമായ കലാവിരുന്നായിരുന്നു അത്. നാടകത്തിനു മാത്രം കഴിയുന്ന ജീവസുറ്റ കഥാപാത്രങ്ങളും ആധുനിക സാങ്കേതിക വിദ്യ ഒരുക്കിയ കൊട്ടാരങ്ങളും വയലേലകളും നഗരവും അരങ്ങിൽ സംഗമിച്ചപ്പോൾ കാണികളും ആ ലോകത്തിൻറെ ഭാഗമായി. സെറ്റ് കാണാൻ തന്നെ എന്ത് മനോഹരം. ഓരോ രംഗവും സിനിമയിലെന്ന പോലെ മാറിമാറി വരുന്നു. ഒരു രംഗം കഴിഞ്ഞ് കണ്ണിനു ഇടവേള കൊടുക്കും മുൻപ് അടുത്തത് തുടങ്ങിയിരിക്കും. ഇരുത്തം വന്ന സംവിധായക മികവ് അവിടെയൊക്കെ ദൃശ്യമായിരുന്നു.

സംഘകാല കൃതി 'ചിലപ്പതികാരം' അടിസ്ഥാനമാക്കി ശബരിനാഥ് രചിച്ചതാണ് 'പൊൻചിലമ്പ്.' തിയേറ്റർ ജി ന്യൂയോർക്കിനൊപ്പം സെന്റര് ഓഫ് ലിവിങ്ങും കൂടി ചേർന്നാണ് നാടകം അവതരിപ്പിച്ചത് .

ചിലപ്പതികാരത്തിന്റെ കഥ ഇന്നത്തെ മാനുഷിക കുടുംബ ബന്ധങ്ങളുമായി ഇഴ ചേർത്താണ് നാടക ആഖ്യാനമെന്ന് ശബരീനാഥ് ചൂണ്ടിക്കാട്ടുന്നു. സ്ത്രീയുടെയും പുരുഷന്റെയും ശക്തി ദൗർബല്യങ്ങളും അവ വിളിച്ചു വരുത്തുന്ന ജീവിത സംഘർഷങ്ങളും ചിത്രീകരിക്കുന്നു.

കാവേരി പൂമ്പട്ടണത്തിലെ സുന്ദരിയായ കണ്ണകി, കോവലനെ വരിക്കുന്നതും പിന്നീടുണ്ടാവുന്ന ദുരന്തങ്ങളും കൊടുങ്ങല്ലൂരമ്മയായുള്ള മാറ്റവുമെല്ലാം ആണ് കഥ. കണ്ണകിയായ് സ്മിത ഹരിദാസും, കോവലനായി കിരൺ പിള്ളയും പ്രേക്ഷക മനം കവർന്നു. കോവലൻ മയങ്ങിപ്പോയ നർത്തകി മാധവിയായി ന്യൂ ജേർസിയിലെ പ്രശസ്ത നർത്തകി റുബീന സുധർമൻ അരങ്ങു നിറഞ്ഞു. കൂടാതെ ബാഹുലേയൻ രാഘവൻ, മാത്യു ജോഷ്വ , മധു ചെറിയടത്ത് , സഞ്ജീവ് കുമാർ , ബിന്ദു രവി മേനോൻ , സന്ദീപ് അരപ്പൊയ്കയിൽ, ജോയ് പാങ്ങാട്ട്, വിനോദ് പ്രീത് , രാധാമണി നായർ, ഗോപിനാഥകുറുപ്പ്, പുരുഷോത്തമ പണിക്കർ, മുരളി പണിക്കർ, ഡോ .ഉണ്ണികൃഷ്ണൻ തമ്പി, വനജ നായർ, രഘുവരൻ നായർ എന്നിവർ പ്രധാന വേഷങ്ങളിൽ അരങ്ങിൽ എത്തുന്നു .സാധാരണ വ്യക്തികളെ നടീനടന്മാരാക്കിയ കാലാവിരുതും ശ്രദ്ധിക്കപ്പെട്ടു

കലാമേനോൻ സഹ സംവിധാനവും , സുധാകരൻ പിള്ള കലാ സംവിധാനവും നിർവഹിച്ചു .മേക്കപ്പ് ഹേമ ശർമ്മ . നൃത്ത സംവിധാനം റിയ ബേസിൽ , റുബീന സുധർമ്മൻ

# Got into an accident?
# NEVER TO WORRY





CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!







PRESENTS



THEATER G NEWYORK
PRESENTS

PRESENTS

PRESENTS

PRESENTS

# ഫോമാ അഡ്വൈസറി ബോർഡ് ചെയർ സ്ഥാനത്തേക്ക്

# തോമസ് ജോസ്



**ഫോമായുടെ ആരംഭകാല നേതാവ്**
**നിഷ്പക്ഷതയും എല്ലാവരുമായും സൗഹൃദവും**
**ആദ്യ മലയാളം ഫോണ്ട് 'ജോസ്കുട്ടി ഫോണ്ട്**
**രൂപം കൊടുത്ത ഭാഷാസ്നേഹി**

# തീയറ്റർ ജി അവാർഡുകൾ: ദേവസ്സി പാലാട്ടി, സണ്ണി കല്ലൂപ്പാറ, സ്മിത ഹരിദാസ്, ഗുരു ആർ.എൽ.വി ആനന്ദ്




ന്യു യോർക്ക്: പ്രശസ്ത കലാകാരൻ ശബരീനാഥ് നായർ നേതൃത്വം നൽകുന്ന ' തീയറ്റർ ജി ന്യു യോർക്കിന്റെ കലാപരിപാടികളുടെ വേദിയിൽ പ്രസാദ കലാകാരന്മാരെ ആദരിച്ചു.

**ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്**
**ദേവസ്സി പാലാട്ടി**
**സണ്ണി കല്ലൂപ്പാറ**

**ഹാൾ ഓഫ് ഫെയിം അവാർഡ്**
**സ്മിത ഹരിദാസ്**

തിയേറ്റർ ജിയുടെ ആദ്യ നൃത്തശ്രീ അവാർഡ്
**ഗുരു ആർ.എൽ.വി ആനന്ദ്.**

**കൊറിയോഗ്രാഫി അവാർഡുകൾ**
**റുബീന സുധർമൻ**
**റിയ ബേസിൽ**
**ബിന്ദിയ ശബരിനാഥ്**
**പ്രവീണ മേനോൻ**

മികച്ച കലാസംവിധായകനുള്ള പുരസ്കാരം
**സുധാകരൻ പിള്ള**

തിയേറ്റർ ജി ന്യൂയോർക്കിന്റെ തുടക്കം മുതൽ കൂടെയുണ്ടായിരുന്ന മൂന്ന് കലാകാരന്മാരെയും ആദരിച്ചു.

**കലാ മേനോൻ: സഹ സംവിധായക**

അഭിനേതാക്കൾ: **കിരൺ പിള്ള, ബാഹുലേയൻ രാഘവൻ, രാധാമണി നായർ**

## ദേവസി പാലാട്ടി

ഹൈസ്കൂൾ മുതൽ നാടക മത്സരങ്ങളിൽ പങ്കെടുക്കുവാൻ തുടങ്ങി. കേരള സ്റ്റേറ്റ് നാടകമത്സരങ്ങളിൽ

പല പ്രാവശ്യം പങ്കെടുത്തു ഏറ്റവും നല്ല നടനുള്ള അവാർഡുകൾ പലതവണ കരസ്ഥമാക്കി.

1983ൽ അമേരിക്കയിൽ എത്തി. അമേരിക്കയിൽ ഉടനീളം പ്രൊഫഷണൽ നാടകങ്ങൾ അവതരിപ്പിച്ചു. മനീഷി എല്ലാ വർഷവും നടത്തി വരാറുള്ള ഏകാങ്ക നാടക മത്സരത്തിൽ ഏറ്റവും നല്ലസംവിധായകൻ, ഏറ്റവും നല്ല നടൻ, ഏറ്റവും നല്ല നാടകം എന്നിവക്ക് പലപ്രാവശ്യം അവാർഡുകൾ വാരിക്കൂട്ടി. അക്കരക്കാഴ്ചകൾ, അമേരിക്കൻ സ്വീറ്റ്







ഡ്രീംസ് എന്നീ സീരിയലുകളിൽ നിറസാന്നിധമാണ്.

ഇപ്പോൾ സ്വർഗ്ഗത്തിലെ ജയിൽ എന്ന ടെലിഫിലിമിൽ അഭിനയിച്ചുകൊണ്ടിരിക്കുന്നു.

വീണ്ടും ഒരു പ്രൊഫഷണൽ നാടകത്തിന്റെ തിരക്കിലാണ്.

## സണ്ണി കല്ലൂപ്പാറ

ഇരുപതിലധികം നാടകങ്ങളിലും ടെലിസിനിമകളിലും വേഷമിട്ടു . നാലോളം സിനിമളിലും അഭിനയിച്ചു. സ്വത സിദ്ധമായ അഭിനയ ശൈലി കൊണ്ട് അഭിനയ ലോകത്തു മിന്നി തിളങ്ങുന്ന പ്രതിഭ. 1984 ൽ അമേരിക്കയിലെത്തിയ അദ്ദേഹം ഉള്ളിലെ അഭിനയത്തിന്റെ ജ്വാല കെടാതെ സൂക്ഷിച്ചു .മികച്ച നടനായി നിരവധി തവണ തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം അക്കര കാഴ്ച , അവർക്കൊപ്പം, പ്രവാസി , ലോക്ഡ് ഇൻ എന്നീ സിനിമകളിലും അഭിനയിച്ചിട്ടുണ്ട്.. ഇതിൽ കഴിഞ്ഞ വർഷം പുറത്തിറങ്ങിയ ലോക്ഡ് ഇൻ ലെ അദ്ദേഹത്തിന്റെ ആന്റണി എന്ന വില്ലൻ വേഷം ചലച്ചിത്ര പ്രേക്ഷകരുടെ മുക്ത കണ്ഠം പ്രശംസക്ക് പാത്രമായി .

ഇവരെ കൂടാതെ തിയേറ്റർ ജി ന്യൂയോർക്കിന്റെ തുടക്ക കാലം മുതൽ വിവിധ നാടകങ്ങളിലൂടെ വെത്യസ്ത വേഷങ്ങൾ കൈകാര്യം ചെയ്തു ശ്രദ്ധ നേടിയ കിരൺ പിള്ള , ബാഹുലേയൻ രാഘവൻ, രാധാമണി നായർ എന്നിവരെ പ്രത്യേകം ആദരിക്കുകയുണ്ടായി .

കൊറിയോഗ്രഫി അവാർഡുകൾ

### റിയ ബേസിൽ (നാടകം: പൊൻ ചിലമ്പ്)

കലാകുടുംബത്തിൽ ജനിച്ച റിയയ്ക്ക് അച്ഛൻ കലാമണ്ഡലം കെഎം ജോണും അമ്മ കലാതരംഗിണി മേരി ജോണും ആയിരുന്നു പ്രചോദനം. 3 വയസ്സു മുതൽ കഥകളി, മോഹിനിയാട്ടം, കുച്ചിപ്പുടി, ഭരതനാട്യം, ഓട്ടംതുള്ളൽ തുടങ്ങി വിവിധ കലാരൂപങ്ങൾ പഠിച്ചു. കലാമണ്ഡലം ഹൈമവതി, കലാതരംഗിണി മേരി ജോൺ എന്നിവരുടെ













ശിക്ഷണത്തിൽ മോഹിനിയാട്ടം അഭ്യസിച്ചു. കലാമണ്ഡലം പ്രഷീജ, കലാമണ്ഡലം ശ്രീദേവി ഗോപിനാഥ്, ആർഎൽവി ആനന്ദ്, ആർഎൽവി ഉണ്ണികൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ ഭരതനാട്യവും കുച്ചിപ്പുടിയും പഠിച്ചു. 1999 മുതൽ 300 ഓളം വ്യത്യസ്ത വേദികളിൽ നൃത്തം അവതരിപ്പിച്ചിട്ടുണ്ട്. പൊൻ ചിലമ്പ് എന്ന നാടകത്തിന് റിയ നൃത്തം രൂപപ്പെടുത്തി

### റുബീന സുധർമൻ (നാടകം: പൊൻ ചിലമ്പ്)

ഭരതനാട്യം, മോഹിനിയാട്ടം, കഥകളി, കുച്ചിപ്പുടി എന്നിവയിൽ പരിശീലനം നേടിയ റുബീന സുധർമൻ, കൃത്യമായ കാൽവെയ്പ്പ്, വ്യക്തമായ അംഗശുദ്ധി, സൂക്ഷ്മമായ അഭിനയം എന്നിവയിലൂടെ അപൂർവമായ കഴിവും അർപ്പണബോധവുമുള്ള നർത്തകിയാണ്. ഭരതനാട്യത്തിൽ ബിരുദാനന്തര ബിരുദം നേടിയ അവർ ന്യൂജേഴ്സിയിലെ വേദിക പെർഫോമിംഗ് ആർട്സിന്റെ കലാസംവിധായകയുമാണ്. സിംഗപ്പൂരിലും ഇന്ത്യയിലും ന്യൂജേഴ്സിയിലുമായി 18 വർഷമായി വിവിധ പ്രായത്തിലുള്ള നിരവധി വിദ്യാർത്ഥികളെ അവർ പരിശീലിപ്പിച്ചിട്ടുണ്ട്. ശ്രീമതി പല്ലവി കൃഷ്ണന്റെ ശിഷ്യയാണ്.

2016 ലെ ഗ്ലോബൽ അച്ചീവേഴ്സ് അവാർഡും 2017 ലെ ആര്യഭട്ട ഇന്റർനാഷണൽ അവാർഡും നേടി. നൃത്തവുമായി ബന്ധപ്പെട്ട ലേഖനങ്ങളും അവർ എഴുതുന്നുണ്ട്.

റുബീന ശാസ്ത്രീയ നൃത്തം ചെയ്യുകയും പൊൻ ചിലമ്പ് നാടകത്തിലെ 'മാധവി' എന്ന കഥാപാത്രത്തെ അവതരിപ്പിക്കുകയും ചെയ്തു.

### ഗുരു ബിന്ദിയ ശബരിനാഥ് (നാടകം: ഛത്രപതി)

ക്ലാസിക്കൽ പാരമ്പര്യങ്ങളുടെ ശുദ്ധമായ വ്യാഖ്യാനത്തിന് അംഗീകാരങ്ങൾ

നേടിയ പ്രശസ്ത ഭരതനാട്യം നർത്തകി. പൂർണതയ്ക്കുള്ള അഭിനിവേശത്തിന്റെ പ്രതിഫലനമാണ് ബിന്ദിയ നൃത്തസംവിധാനം. അഞ്ചാം വയസ്സിൽ അമ്മ ശ്രീമതി കൃഷ്ണവേണിയാണ് ഭരതനാട്യം പരിചയപ്പെടുത്തിയത്. പ്രമുഖ ഗുരുക്കന്മാരുടെ കീഴിൽ പരിശീലനം നേടിയ അവർ ചെന്നൈയിലെ കലാക്ഷേത്രയിൽ പഠിച്ചു. നിരവധി പ്രൊഡക്ഷനുകൾ സംവിധാനം ചെയ്യുകയും പല രാജ്യങ്ങളിലും നൃത്തം അവതരിപ്പിക്കുകയും ചെയ്തു. 2001-ൽ മയൂര സ്കൂൾ ഓഫ് ആർട്സ് യുഎസ്എ ബ്രാഞ്ച് സ്ഥാപിച്ചു. ഇപ്പോൾ ന്യൂയോർക്ക് സ്റ്റേറ്റ് ഏജൻസി ഓഡിറ്ററായി പ്രവർത്തിക്കുന്നു. 3 കുട്ടികളുടെ അമ്മ. ന്യൂജേഴ്സിയിൽ സ്ഥിരതാമസമാണ്.

### പ്രവീണ മേനോൻ - (ഛത്രപതി)

പ്രഗത്ഭ അവതാരകയും പരിശീലനം ലഭിച്ച നർത്തകിയും, ബോളിവുഡ്, സമകാലിക, ഫ്രീസ്റ്റൈൽ നൃത്തരൂപങ്ങളിൽ വൈദഗ്ദ്ധ്യം നേടിയ കൊറിയോഗ്രാഫറുമാണ് പ്രവീണ മേനോൻ. രണ്ട് പതിറ്റാണ്ടിലേറെയായി എല്ലാ പ്രായ വിഭാഗങ്ങളിലുമുള്ള നർത്തകരെ പരിശീലിപ്പിക്കുന്നു. സാംസ്കാരിക സംഘടന മിത്രാസ് ആർട്സിൽ നൃത്തസംവിധായികയുമാണ്. കൂടാതെ നൃത്യകൽപന എന്ന പേരിൽ ഒരു നൃത്തസംഘം നടത്തുകയും ചെയ്യുന്നു. പ്രൊഫഷണൽ അവതാരകയായ പ്രവീണ ഇന്ത്യയിലും യുഎസിലുമുള്ള ചാനലുകൾക്കായി സ്റ്റേജ് ഷോ ൾ മുതൽ ലൈവ്, റെക്കോർഡ് ചെയ്ത ടിവി ഷോകൾ വരെയുള്ള നിരവധി പരിപാടികൾ അവതരിപ്പിച്ചു . രണ്ട് ആൺകുട്ടികളുടെ അമ്മ. ഒഡെൽ ടെക്നോളജീസിലെ ഗ്ലോബൽ അലയൻസസിന്റെ സീനിയർ എക്സിക്യൂട്ടീവ് .

### കല മേനോൻ (അസി. ഡയറക്ടർ -സ്റ്റേജ് മാനേജർ)

തിയേറ്റർ ജി യുടെ സ്റ്റേജ് മാനേജരും സഹ സവിധായികയും മികച്ച നർത്തകിയും ആയ കല മേനോൻ നിരവധി നാടകങ്ങൾക്ക് നൃത്തം സംവിധാനം ചെയ്യുകയും അഭിനയിക്കുകയും ചെയ്തിട്ടുണ്ട് . അണിയറ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിൽ കല മേനോന്റെ കഴിവ് ഏറെ പ്രശംസനീയമാണ് .തിയേറ്റർ ജി ന്യൂയോർക്കിലെ പ്രൊഡക്ഷനുകളെല്ലാം മനോഹരമാക്കുന്നതിൽ കല മേനോന്റെ പങ്കു വളരെ വലുതാണ് . പത്തു വർഷത്തിലേറെ ആയി തിയേറ്റർ ജിയുടെ അമരക്കാരിൽ ഒരാളാണ് കല മേനോൻ .

### സുധാകരൻ പിള്ള (മികച്ച കല സംവിധായകൻ )

കല ജീവവായു ആയി കൊണ്ട് നടക്കുന്ന കലാകാരൻ . തിയേറ്റർ ജി യുടെ എല്ലാ നാടകങ്ങളുടെയും ആർട്ട് ഡയറക്ടർ .

സെറ്റ് വർക്കുകളും , ശില്പങ്ങളും ഒക്കെ നിർമ്മിക്കുന്നതിനപ്പുറം നോർത്ത് അമേരിക്കയിലെ നിരവധി കൺവെൻഷൻ വേദികൾ രൂപ കൽപ്പന ചെയ്യുന്നതിലും ഇദ്ദേഹം പ്രശസ്തനാണ് .

### സ്മിത ഹരിദാസ് (ഹാൾ ഓഫ് ഫെയിം അവാർഡ്)

തിയേറ്റർ ജി ന്യൂയോർക്കിന്റെ ഏഴോളം നാടകങ്ങളിലെ നായിക. ഏതു കഥാപാത്രത്തെയും രംഗത്ത് ശക്തമായി അവതരിപ്പിക്കാനുള്ള പാടവം .മികച്ച നർത്തകി .ഇവയെല്ലാം തന്നെ സ്മിത ഹരിദാസ് എന്ന കലാകാരിയെ വേറിട്ട് നിറുത്തുന്നു .വടക്കേ അമേരിക്കയിലെ കല സാംസ്കാരിക രംഗത്ത് സുപരിചിതയായ സ്മിത , നർത്തകി, മോഡൽ , അഭിനേത്രി തുടങ്ങിയ നിലകളിൽ പ്രശസ്തയാണ് . മോഹിനിയാട്ടത്തിലും , ഭരത നാട്യത്തിലും നിരവധി വേദികൾ പിന്നിട്ട സ്മിത പ്രശസ്ത അദ്ധ്യാപിക കലാമണ്ഡലം സരസ്വതിയുടെ ശിഷ്യയാണ് . പൊൻ ചിലമ്പിലെ ''കണ്ണകിയായി'' സ്മിത ഹരിദാസ് അരങ്ങു നിറയുന്നു .

### ആർ എൽ വി ആനന്ദ് (തിയേറ്റർ ജി ന്യൂയോർക്കിന്റെ ആദ്യ നൃത്തശ്രീ പുരസ്കാരം)

നാട്യാചാര്യൻ ആർ എൽ വി ആനന്ദ് പ്രശസ്ത കളരി കുടുംബത്തിൽ നിന്നുള്ളയാളാണ്. തൃപ്പൂണിത്തുറയിലെ R.L.V കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സിൽ നിന്ന് ഭരതനാട്യത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടി. 18-ാം വയസ്സിൽ തന്നെ തന്റെ ആദ്യ നൃത്തം കോറിയോഗ്രാഫ് ചെയ്തു . ഇന്ത്യയിലും വിദേശത്തുമായി 10,000-ത്തിലധികം വിദ്യാർത്ഥികളെ പരിശീലിപ്പിച്ചു. നൃത്തസംവിധാനത്തിനും നാടകങ്ങൾക്കും ഏറെ പ്രശംസ നേടി. യദുകുല നാട്യഗ്രഹം എന്ന നൃത്തവിദ്യാലയത്തിന്റെ സ്ഥാപകനും ചെയർമാനുമാണ്.

സംഗീത നാടക അക്കാദമി അവാർഡ് , നാട്യാചാര്യ രത്നം , ആചാര്യ ചൂഢാമണി തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചു.











# ഫോമാ അഡ്വൈസറി ബോർഡ് ചെയർ സ്ഥാനത്തേക്ക്

# ഷിനു ജോസഫ്



**ഫോമായിൽ വിവിധ തലങ്ങളിൽ**
**മികവ് പ്രകടിപ്പിച്ച പ്രവർത്തനങ്ങൾ**

**സംഘടനയുടെ നന്മക്കായുള്ള നിലപാടുകൾ**

# കുവൈറ്റിൽ തീപിടുത്ത ദുരന്തത്തിൽ മരിച്ച 24 മലയാളികളുടെ കുടുംബങ്ങൾക്ക് ഫൊക്കാന രണ്ട് ലക്ഷം വീതം സഹായം കൈമാറി







**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് : കുവൈറ്റിലെ മാൻഗഫ് തീ പിടുത്ത ദുരന്തത്തിൽ മരിച്ച 24 മലയാളികളുടേയും കുടുംബത്തിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ കൈമാറി. ഇരുപത്തിനാല് കുടുംബങ്ങളിലേയും ഉത്തരവാദിത്വ പെട്ട കുടുംബാംഗത്തിന്റെ പേരിൽ എഴുതിയ ചെക്ക് നോർക്ക സി.ഇ. ഒ അജിത്ത് കൊലശ്ശേരിക്ക് നൽകി. നോർക്ക ഓരോ കുടുംബത്തിനും ചെക്ക് കൈമാറുമെന്ന് ഡോ. ബാബു സ്റ്റീഫൻ അറിയിച്ചു.

ലോക കേരള സഭയുടെ നാലാം സമ്മേളനത്തിന്റെ ഔദ്യോഗിക ഉദ്ഘാടന വേദിയിൽ വെച്ചായിരുന്നു കുവൈറ്റ് തീ പിടുത്ത ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ ഫൊക്കാനയുടെ സഹായം പ്രഖ്യാപിച്ചത്. തീപിടുത്ത ദുരന്തത്തിൽ ജീവൻ പൊലിഞ്ഞവരുടെ കുടുംബത്തിന്റെ ദുഃഖത്തിൽ ലോക മലയാളികൾക്കൊപ്പം ഫൊക്കാനയും പങ്കുചേരുകയാണ് ചെയ്തത്. ആശയറ്റ കുടുംബങ്ങൾക്ക് ഫൊക്കാനയെ കൊണ്ട് ചെയ്യാൻ പറ്റുന്നത് ചെയ്യുക . അവർക്ക് ഇപ്പോൾ നമ്മുടെയൊക്കെ സഹായമാണ് വേണ്ടത്. ഒപ്പം ചേർത്ത് നിർത്തുകയും വേണമെന്ന് ഡോ ബാബു സ്റ്റീഫൻ പറഞ്ഞു. ആ വിയോഗങ്ങൾ നികത്താവുന്നതിനും അപ്പുറമാണ്. കേരളത്തിന് പുറത്ത് ജോലി തേടി പോകുന്ന ഓരോ പ്രവാസിയും ഇത്തരം നിരവധി പ്രതിസന്ധികളിലൂടെയാണ് കടന്നു പോകുന്നത്. ഈ ദുരന്തം കേരള ജനതയ്ക്ക് താങ്ങാനാവുന്നതല്ലെന്നും അദ്ദേഹം പറഞ്ഞു.

ഫൊക്കാന ജനറൽ സെക്രട്ടറി ഡോ. കല ഷഹി, ട്രഷറാർ ബിജു ജോൺ കൊട്ടാരക്കര, കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ, വുമൺസ് ചെയർ ബ്രിഡ്ജറ്റ് ജോർജ്, ബോർഡ് വൈസ് ചെയർമാൻ സണ്ണി മറ്റമന, ഇലക്ഷൻ കമ്മിഷണർ ഫിലിപ്പോസ് ഫിലിപ്പ്, അഡീഷണൽ അസ്സോസിയേറ്റ് സെക്രട്ടറി സോണി അമ്പൂക്കൻ, ചാരിറ്റി കോർഡിനേറ്റർ ജോയി ഇട്ടൻ, കൺവെൻഷൻ കോർഡിനേറ്റർ വിജോയ് പട്ടമ്പാടി, മുൻ ഫൊക്കാന പ്രസിഡന്റ് അനിരുദ്ധൻ നായർ, മന്മഥൻ നായർ തുടങ്ങിയ ഫൊക്കാനയുടെ ലോക കേരള സഭാ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിലായിരുന്നു ഡോ. ബാബു സ്റ്റീഫൻ ഈ സഹായം പ്രഖ്യാപി ച്ചത്.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഇത്തരത്തിലുള്ള അവശ്യ സന്ദർഭങ്ങളിലും ഫൊക്കാന എക്കാലവും മറ്റ് പ്രവാസി സംഘടനകളിൽ നിന്നും വേഗത്തിൽ പ്രവർത്തിക്കുന്ന രീതിയാണ് ഫൊക്കാനയുടെ ആരംഭം മുതൽ ഉണ്ടായിട്ടുള്ളത്. ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ട് വർഷമായി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇതിനോടകം നടത്തിക്കഴിഞ്ഞു. അപ്രതീക്ഷിതമായ കേരളത്തെ ഞെട്ടിച്ച ഈ ദുരന്തത്തിൽപ്പെട്ടവർക്ക് അമേരിക്കൻ മലയാളികളുടെ സഹായമായി ഫൊക്കാന താങ്ങും തണലുമായത് ലോക മലയാളി സമൂഹത്തിന് തികച്ചും അഭിമാനകരം തന്നെ.


FOMAA TEAM UNITED
2024-26
VOTE
UNITY
OUR
STRENGTH
ANUPAMA KRISHNAN
FOR
JOINT TREASURER
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE
PALACKALODY
for Treasurer
SHALU MATHEW
PUNNOOSE
for Vice President
PAUL P JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer
Made with PosterMyWall.com





# ലോക കേരള സഭ: വെറും വെറുതേ

(രാജു മൈലപ്രാ)

പണ്ടൊക്കെ ചില ഡോഗ്സ്, മാർക്കറ്റിൽ പോകുന്ന ഒരു പരിപാടിയുണ്ടായിരുന്നു. കാര്യമൊന്നുമില്ല, വെറുതെ ഒന്ന് കറങ്ങി അടിച്ചു പോരാൻ- ഇടയ്ക്ക് മീൻ ചന്തയിലും, ഇറച്ചി കടയിലും ഒന്ന് തല കാണിക്കും- ഒരു മീന്തലയോ, എല്ലിൻകഷണമോ കിട്ടിയാൽ കിട്ടി- അത്ര തന്നെ !

'പട്ടിക്ക് ഒരു ജോലിയും ഇല്ല, നിൽക്കാൻ ഒട്ടും നേരവും ഇല്ല', എന്ന് പറഞ്ഞതു പോലെയാണ് ചില സ്വയം പ്രഖ്യാപിത 'അമേരിക്കൻ മലയാളി നേതാക്കന്മാർ, ഇടയ്ക്കിടെ കേരളത്തിൽ പോയി മന്ത്രിമാരോടൊപ്പമുള്ള ഫോട്ടോയെടുത്ത്, അമേരിക്കൻ മലയാളികളുടെ ചില അടിയന്തര പ്രശ്നങ്ങൾ വനം വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി; ഈ പ്രശ്നങ്ങളിൽ അടിയന്തരമായി ഇടപെടും എന്ന് അദ്ദേഹം ഉറപ്പു നൽകി' എന്ന തരത്തിലുള്ള വാർത്തകൾ പ്രസിദ്ധീകരിച്ച് സായൂജ്യമടയുന്നത്.

'ലോക കേരള സഭ' യിൽ പങ്കെടുക്കുവാൻ പോകുമ്പോൾ ഫോട്ടോയോടൊപ്പം തങ്ങളുടെ എന്തെല്ലാം ക്വാളിഫിക്കേഷൻസിന്റെ വിവരങ്ങളാണ് ചേർക്കുന്നത്. തിരിച്ചു വരുമ്പോൾ എല്ലാത്തിന്റെയും അണ്ണാക്കിൽ പഴം തിരുകി വെച്ചിരിക്കുകയാണ്. ഒന്നിനും മിണ്ടാട്ടമില്ല.

പക്ഷേ അമേരിക്കൻ മലയാളികൾ നിരാശപ്പെടരുത്. കേരളീയ തനത് കലകളുടെ പ്രചരണാർത്ഥം ഉടൻതന്നെ മന്ത്രിമാരുടെ ലോകപര്യടനം ഉണ്ട്. ആദ്യത്തെ നറുക്കു വീണത് ന്യൂയോർക്കിനാണ്. കഥകളി, പുലിക്കളി, കസേരകളി, തുടങ്ങിയ വിവിധ കളികൾ ന്യൂയോർക്കിലെ ടൈംസ് സ്ക്വയറിൽ പൗര പ്രമുഖൻമാരുടെ സാന്നിധ്യത്തിൽ നടത്തപ്പെടും. അസംബ്ലിയിലെ ഡെസ്ക് നൃത്തം, കസേര മറിച്ചിടൽ തുടങ്ങിയ അഡിഷണൽ അട്രാക്ഷൻസും ഉണ്ടാവും. ഇത് കഴിയുമ്പോൾ കേരളത്തിന്റെ വിനോദ മേഖല വീണ്ടും വികസിക്കും. ചാർട്ടേർഡ് ഫ്ലൈറ്റുകളിൽ സായിപ്പന്മാർ കേരളത്തിലേക്ക് കുതിക്കും.

(കഥകളി എന്ന കലാരൂപത്തിന് ഇന്നും കേരളത്തിൽ പോലും കാണികളില്ല. കുറേ ശുംഭന്മാർ പണ്ഡിതനാണെന്ന ഭാവേന അവിടെ ഉറക്കംതൂങ്ങി ഇരിക്കുന്നത് കാണാം).

ഏതാണ്ട് നേരത്തെ സൂചിപ്പിച്ച ശ്വാനന്മാരുടെ ഗതികേടാണ് കേരളത്തിലെ എംപിമാർക്ക്. ഹിന്ദിയും അറിയില്ല, ഇംഗ്ലീഷും അറിയില്ല, വെറുതെ വായും പൊളിച്ച് ഇരിക്കും. രാഹുൽഗാന്ധി ചിരിക്കുമ്പോൾ കൂടെ ചിരിക്കും. ചിലപ്പോൾ വെറുതെ കാര്യമറിയാതെ ഡെസ്കിലിട്ടിടിക്കും. 'മേം' കർത്താവായി വരുമ്പോൾ 'ഹും' മാലാഖയായി വരും, തുമാരാ നാം ക്യാ ഹൈ ?, അച്ഛാ, അരേ സാലേ തുടങ്ങിയ ബേസിക് ഹിന്ദി എങ്കിലും പഠിച്ചിട്ട് വേണ്ടേ പോകാൻ ?

അല്ലെങ്കിൽ നല്ല മണി മണി പോലെ ഇംഗ്ലീഷ് കാച്ചിവിടുന്ന ചിന്താ ജെറോമിനെയോ, ബിന്ദു ടീച്ചറയോ ശ്രീമതി ടീച്ചറയോ പാർലമെൻറിലേക്ക് അയക്കണമായിരുന്നു. ഇവരുടെയൊക്കെ ഇംഗ്ലീഷ് പ്രഭാഷണങ്ങൾ കേൾക്കുമ്പോൾ, ഹിന്ദിക്കാരന്റെ ചെവിയിൽ അമിട്ട് പൊട്ടിയേനേ!

യാതൊരുവിധ ആരോപണങ്ങളും ഇന്നുവരെ കേൾപ്പിച്ചിട്ടില്ലാത്ത, മാന്യനും, മര്യാദക്കാരനും, മുൻമന്ത്രിയും, സ്പീക്കറുമായ കെ. രാധാകൃഷ്ണനെ, മന്ത്രി സ്ഥാനം രാജി വെപ്പിച്ചിട്ട്, ആലത്തൂരിൽ നിന്നും വടക്കോട്ട് വണ്ടി കയറ്റി വിട്ടിട്ടുണ്ട്. മാന്യനും, മര്യാദക്കാരനെന്നുമുള്ളതൊന്നും ഒരു പാർലമെൻറ് അംഗം ആകുവാനുള്ള ക്വാളിഫിക്കേഷൻ ഒന്നുമല്ല. ആ പാവത്തിന് ഹിന്ദിയും അറിയില്ല, ഇംഗ്ലീഷും അറിയില്ല. നേരത്തെ പറഞ്ഞതുപോലെ രാഹുൽ ഗാന്ധി ചിരിക്കുമ്പോൾ കൂടെ ചിരിക്കാം. അസംബ്ലിയിൽ അവർ കീരിയും പാമ്പും ആണെങ്കിൽത്തന്നെ, പാർലമെൻറിൽ അവർ മച്ചാനും മച്ചാനും ആണല്ലോ !

ഇതിനിടെ ബ്രാഹ്മണ കുടുംബത്തിൽ പിറന്ന ഐ.എ.എസ് കാരി ദിവ്യ അയ്യർ, പിന്നോക്ക സമുദായത്തിൽപ്പെട്ട രാധാകൃഷ്ണൻ സാറിനെ കെട്ടിപ്പിടിച്ചു സ്നേഹ പ്രകടനം നടത്തിയത് വാർത്തകളിൽ ഇടം പിടിച്ചിട്ടുണ്ട്. നിർദോഷമായ ഒരു സ്നേഹ പ്രകടനം, എന്നാൽ മറിച്ച് രാധാകൃഷ്ണൻ, ദിവ്യ അയ്യരെ കെട്ടിപ്പിടിച്ച് സ്നേഹ പ്രകടനം നടത്തിയിരുന്നെങ്കിൽ കാണാമായിരുന്നു കളി. പാവം സുരേഷ് ഗോപി, ഒരു പെൺകൊച്ചിന്റെ തോളത്ത് ഒന്നു തോട്ടത്തിന് പെട്ട് പങ്കപ്പാട് എന്റമ്മോ ! ഓർമ്മിപ്പിക്കരുതേ ! (ഒരു 'നർമ്മ സാഹിത്യകാരൻ' എന്ന ലേബൽ എനിക്ക് നൽകാൻ പ്രമുഖ പങ്കു വഹിച്ചിട്ടുള്ള ശ്രീ ജോർജ്ജ് എബ്രഹാമുമായുള്ള ബന്ധം 'ലോക കേരള സഭയ്ക്ക് സാധ്യതകൾ' ഏറെ എന്ന് അദ്ദേഹം പ്രസ്താവിച്ചതോടുകൂടി ഞാൻ ഉപേക്ഷിക്കുകയാണ്. ബി.ജെ.പി.യിൽ ചേർന്ന പത്മജയുമായുള്ള ബന്ധം മുരളിയേട്ടൻ മുറിച്ചതു പോലെ !


ഫോമാ നാടകോത്സവം
മികച്ച നടൻ
സണ്ണി കല്ലൂപ്പാറ
ഫോമാ
പ്രവർത്തനങ്ങളിൽ മാത്രമല്ല
കലയിലും
ഒന്നാമൻ!!
ഫോമാ
വൈസ് പ്രസിഡന്റ്
സ്ഥാനാർത്ഥി
പ്രവർത്തന
മികവിന്
ഒരു വോട്ട്
SUNNY P NINAN
SUNNY KALLOOPPARA
FOMAA TEAM 2024-2026
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
DR. PRINCE NECHIKAT DBA
JOINT SECRETARY
BINOOB SREEDHARAN
TREASURER
AMBILY SAJIMON
JOINT TREASURER

# ന്യൂജേഴ്സിയിലെ അക്ഷർധാം മന്ദിർ: ഭാരതീയ വാസ്തുശിൽപ്പകലയ്ക്ക് ഒരു തൂവൽകൂടി




നടപ്പാതയിൽ ഇന്ന് - 112

ബാബു പാറയ്ക്കൽ


ആർഷ ഭാരതീയ വാസ്തു ശിൽപ്പകല എന്നും ഒരു അത്ഭുതമായിട്ടാണ് ലോക ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയിരം വർഷങ്ങൾക്കപ്പുറം നിർമ്മിക്കപ്പെട്ടിട്ടുള്ള ഇന്ത്യയിലെ ഹൈന്ദവ ക്ഷേത്രങ്ങൾ ഇന്നും അതിന്റെ നേർചിത്രങ്ങളായി നിലകൊള്ളുന്നു. തെക്കേ ഇന്ത്യയിൽ തഞ്ചാവൂരും മധുരയും മുതൽ വടക്കേ ഇന്ത്യയിലെ ചില ഗ്രാമങ്ങളിലുള്ള ശിവക്ഷേത്രങ്ങൾ വരെ ഇന്നും മനസ്സിലാകാത്ത അത്ഭുതങ്ങളായി നിലകൊള്ളുന്നു. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് അമേരിക്കയിലെ ന്യൂജേഴ്സി സംസ്ഥാനത്തുള്ള റോബിൻസ്വിൽ ടൗണിൽ പണികഴിപ്പിച്ചിരിക്കുന്ന ബാപ്സ് സ്വാമിനാരായൺ അക്ഷർധാം മന്ദിർ. ന്യൂയോർക്ക് സിറ്റിയിൽ നിന്നും വെറും 60 മൈൽ ദൂരം മാത്രമേയുള്ളു.

അമേരിക്കയിലെ ഏറ്റവും വലുതും ലോകത്തിലെ തന്നെ ഏറ്റവും വലിയ രണ്ടാമത്തേതുമായ ഹിന്ദു ക്ഷേത്രമാണിത്. 213 അടി ഉയരത്തിൽ പ്രൗഢഗംഭീരമായി ഉയർന്നു നിൽക്കുന്ന സൗധ ഗോപുരം ന്യൂജേഴ്സി ടേൺ പൈക്കിൽ നിന്നും ഇറങ്ങുമ്പോൾ തന്നെ കാണാവുന്നതാണ്. 185 ഏക്കറിൽ പരന്നു കിടക്കുന്ന അക്ഷർധാം മന്ദിർ സമുച്ചയത്തിലേക്ക് കടക്കുന്നതിനു പ്രവേശന കവാടത്തിൽ പരിശോധനയുണ്ട്. ശനി, ഞായർ ദിവസങ്ങളിലും പ്രത്യേക അവധി ദിവസങ്ങളിലും പ്രവേശനത്തിന് ടിക്കറ്റ് എടുക്കേണ്ടതാണ്. പ്രവേശനം സൗജന്യമാണ്. എന്നാൽ അവരുടെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് കിട്ടിയ ബാർകോഡ് കാണിക്കണം. മറ്റു ദിവസങ്ങളിൽ അതിന്റെ ആവശ്യമില്ല.



അകത്തേക്കു കയറിയാൽ പരമോത്ക്കർഷമായ ശ്വേതരക്തവർണ്ണത്തിലുള്ള പ്രത്യേക മാർബിൾ പാകിയ വിശാലമായ മുറ്റമുണ്ട്. അവിടേയ്ക്കു കയറിവരുന്നവരെ സ്വാഗതമോതുവാനെന്ന പോലെ ഒറ്റക്കാലിൽ തപസു ചെയ്തു നിൽക്കുന്ന ഒരു യോഗീവര്യന്റെ പൂർണ്ണകായ പ്രതിമയുണ്ട്.


ഇത് തപോമൂർത്തി ശ്രീ നിൽകാന്ത് വർണിയുടേതാണ്. ഇത് ഭഗവാൻ സ്വാമിനാരായണന്റെ കൗമാരത്തിലെ നാമമാണ്. പൂർണ്ണമായി വെങ്കലത്തിൽ തീർത്ത ഈ പ്രതിമയ്ക്ക് 49 അടി ഉയരമാണുള്ളത്. സ്വാമി നാരായൺ


ഫോമാ ട്രഷറർ സ്ഥാനത്തേക്ക്
ബിനൂബ് ശ്രീധരൻ
സാമ്പത്തിക രംഗത്ത് സുതാര്യതയും സത്യസന്ധതയും
മികച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം; സാമ്പത്തിക അച്ചടക്കം
പരിചയസമ്പന്നമായ നേത്രുത്വം
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
BINOOB SREEDHARAN
TREASURER
SUNNY KALLOOPPARA
VICE PRESIDENT
DR. PRINCE NECHIKAT DBA
JOINT SECRETARY
AMBILY SAJIMON
JOINT TREASURER

ഈ ഭൂമിയിൽ ജീവിച്ച 49 വർഷങ്ങളുടെ സ്മരണാർഥമായിട്ടാണിത്. ശ്രീ നികാന്ത് വർണി തന്റെ ബാല്യത്തിൽ, വെറും 11 വയസ്സുള്ളപ്പോൾ ഏഴു വർഷങ്ങൾ കൊണ്ട് (1792 1799) ഇന്ത്യൻ ഉപഭൂഖണ്ഡത്തിനു ചുറ്റും 8000 മൈൽ കാൽനടയായി യാത്ര ചെയ്ത് ധാരാളം യുവാക്കളെ സ്നേഹത്തിലും സഹാനുഭൂതിയിലും ഊന്നി ജീവിക്കാൻ ആഹ്വാനം ചെയ്തു. അന്ന് അദ്ദേഹം യാത്ര ചെയ്ത റൂട്ട് ആലേഖനം ചെയ്ത ഒരു ബോർഡ് ഇതിനടുത്തായി സ്ഥാപിച്ചിട്ടുണ്ട്.




ഈ മൂർത്തിയുടെ തൊട്ടു പുറകിലായി ക്ഷേത്രാങ്കണത്തിൽ വലിയൊരു ജലാശയമുണ്ട്. ഇതിലെ ജലം ഇന്ത്യയിലെ ഗംഗ, യമുന, നർമദ, ഗോദാവരി എന്നീ നാല് പുണ്യ നദികളിൽ നിന്നും പ്രത്യേകമായി കൊണ്ടുവന്നതാണ്. പിന്നീട് പ്രകൃതിയിൽ നിന്നും ലഭിച്ച മഴവെള്ളം മാത്രമാണ് ഇതിൽ ലയിച്ചു ജലനിരപ്പ് കൃത്യമായി സൂക്ഷിക്കുന്നത്. ഈ ജലാശയത്തിനു ചുറ്റിയാണ് ക്ഷേത്രക



വാടത്തിനു മുൻപുള്ള 'സ്വാഗത കേന്ദ്ര'ത്തിലേക്ക് പ്രവേശിക്കുന്നത്. പതിനേഴാം നൂറ്റാണ്ടിലെ വിശ്വപ്രസിദ്ധമായ ഇന്ത്യൻ ഹവേലി വാസ്തു കലയിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ഇതിലെ കൊത്തുപണികൾ നിർവ്വഹിച്ചിരിക്കുന്നത് മ്യാൻമർ (പഴയ ബർമ്മ) ലെ ഉൾനാടുകളിൽ നിന്നും പ്രത്യേകമായി തെരഞ്ഞെടുത്തു കൊണ്ടുവന്ന തേക്കിൻ തടികളിലാണ്. അതിനിടയിൽ ഹൈന്ദവ സംസ്ക്കാരത്തിന്റെ പശ്ചാത്തലത്തിൽ ശ്രദ്ധേയമായ നിരവധി പെയിന്റിംഗുകൾ ആകർഷകമായി ഒരുക്കിയിട്ടുണ്ട്..

ഈ 'വെൽക്കം സെന്ററിൽ' സന്ദർശകർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകാൻ ഇൻഫർമേഷൻ ഡെസ്ക് സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ ഇവിടെ ഒരു 'ഓറിയന്റേഷൻ തീയേറ്റർ' കൂടിയുണ്ട്. അക്ഷർധാം മന്ദിരത്തിന്റെ ചരിത്രവും അതിന്റെ പശ്ചാത്തലവും അത് നിർമ്മിക്കപ്പെടുന്ന രീതിയും എല്ലാം വിവരിക്കുന്ന 12 മിനിറ്റ് മാത്രം ദൈർഘ്യമുള്ള ചലച്ചിത്രം ഇവിടെ തുടരെ കാണിച്ചുകൊണ്ടിരിക്കുന്നു. സന്ദർശകരുടെ സൗകര്യാർത്ഥം വിശാലമായ ശുചിമുറികളും ഈ കേന്ദ്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് പാദരക്ഷകൾ സൂക്ഷിക്കാനുള്ള പ്രത്യേക സ്ഥലമുണ്ട്. ക്ഷേത്രത്തിൽ പ്രവേശിക്കുമ്പോൾ ചില നിബന്ധനകൾ പാലിക്കേണ്ടതായിട്ടുണ്ട്. വസ്ത്രധാരണത്തിൽ കാൽ മുട്ടുകൾ മൂടിയിരിക്കണം. മുകളിലേയ്ക്കു 'സ്ലീവ്‌ലെസ്' പാടില്ല. അല്ലാതെ വരുന്നവർക്ക് ധരിക്കുവാൻ പ്രത്യേകമായി മുണ്ടും ഷാളും അവർ തന്നെ നൽകുന്നതാണ്.

ക്ഷേത്രത്തിൽ കടന്നാൽ നാം ഏതോ ഒരത്ഭുത ലോകത്തിലാണെന്നു തോന്നും. മനുഷ്യന്റെ ജ്ഞാനോദയത്തിലേക്കുള്ള തീരാത്ത ദാഹത്തിന്റെ സാക്ഷാത്ക്കാരമാണ് അക്ഷർധാമിലേക്കു കാലു കുത്തുമ്പോൾ നമുക്ക് അനുഭവപ്പെടുക. ഇതിലെ മുഖ്യ ക്ഷേത്രം സ്വാമിനാരായണന് തന്നെ (1781 1831) സമർപ്പിച്ചിരിക്കുന്നു. ഇതിലെ മണ്ഡപം 'പരബ്രഹ്മ മണ്ഡപം' എന്നറിയപ്പെടുന്നു. ദൈവത്വത്തിന്റെ പ്രതാപം സദാ ബഹിർഗമിക്കുന്ന ഈ പരബ്രഹ്മ മണ്ഡപത്തിന്റെ കുംഭ ഗോപുരം അണ്ഡാകൃതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. ഇതിലെ ഓരോ ശിൽപങ്ങളും കിറുകൃത്യമായി കൊത്തിയുണ്ടാക്കിയിരിക്കുന്നത് വാസ്തുശിൽപകലയിലെ ന





Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

ിർമ്മാണ വൈദഗ്ധ്യത്തെ ചൂണ്ടിക്കാണിക്കുന്നു. ഓരോ ശിൽപ്പവും കല്ലിൽ കൊത്തിവച്ച കവിത പോലെ മനോഹരമാണ്. ആകെ 235 മണ്ഡപങ്ങളാണ് ഈ ക്ഷേത്ര സമുച്ചയത്തിലുള്ളത്. ചെറുതും വലുതുമായ ഇരുപതിനായിരം പ്രതിമകളാണ് ഹൈന്ദവ സംസ്ക്കാരത്തിന്റെ മഹത്വം വിളിച്ചോതി വാസ്തു ശിൽപ്പ കലയുടെ നൈപുണ്യത്തിന്റെ സാക്ഷികളായി നിലകൊള്ളുന്നത്. താങ്ങി നിൽക്കുന്ന 548 തൂണുകളിലും ഈ കൊത്തുപണികൾ ദൃശ്യമാണ്. ഏതാണ്ട് 1.9 മില്യൺ ക്യൂബക് അടി ശിലകളാണ് ഇതിന്റെ നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. 12,500 വോളണ്ടിയർമാർ ഉൾപ്പെടെ 13,000 ൽ പരം തൊഴിലാളികളുടെ 12 വർഷങ്ങളിലെ ശ്രമഫലമായിട്ടാണ് 96 മില്യൺ ഡോളർ ചെലവിൽ നിർമ്മിച്ചിരിക്കുന്ന ഈ അത്ഭുത ക്ഷേത്ര സമുച്ചയം ഭാരത സംസ്കാരത്തിന്റെ കിരീടത്തിൽ തിളങ്ങുന്ന ഒരു രത്നമായി അമേരിക്കൻ മണ്ണിൽ പ്രൗഢഗംഭീരമായി ഉയർന്നു നിൽക്കുന്നത്.



ഇത് ഒരു ഹിന്ദു ക്ഷേത്രമാണെങ്കിലും ഇവിടെ ഏതു മതത്തിൽ വിശ്വസിക്കുന്നവർക്കും വിശ്വസിക്കാത്തവർക്കും പ്രവേശിക്കാം. സ്വാമിനാരായൺ ഈശ്വരന്റെ ഒരു അവതാരമായിട്ടാണ് ഈ വിഭാഗത്തിലുള്ളവർ കാണുന്നത്. അക്ഷർധാമിലെ മുഖ്യ പ്രതിഷ്ഠയും സ്വാമിനാരായന്റെയാണ്. ശ്രീകൃഷ്ണന്റെയും രാധയുടെയും രാമന്റെയും സീതയുടെയും പ്രതിഷ്ഠകളുമുണ്ട്.

സന്ദർശകർക്ക് ആകർഷകമായ ഒരു ഗിഫ്റ്റ് ഷോപ്പും അടുത്തുതന്നെ ഒരു ഭക്ഷണശാലയുമുണ്ട്. എന്തായാലും ഈ ക്ഷേത്ര സമുച്ചയം സന്ദർശിക്കാൻ ചെലവാക്കുന്ന സമയം ഒരിക്കലും നഷ്ടമാകുകയില്ല. ഓരോ ഭാരതീയനും അഭിമാനിക്കാൻ ധാരാളം വക നൽകുന്നു ഈ വാസ്തുശിൽപ്പ സൗകുമാര്യം.



emalayalee.com

# ഓർമാ ഇന്റർനാഷണൽ ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷങ്ങൾ സെപ്റ്റം 22ന്

**(പി ഡി ജോർജ് നടവയൽ)**

ഫിലഡൽഫിയ: ഓർമാ ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ ഗ്രാന്റ് പേരന്റ്സ് ഡേ സെപ്റ്റംബർ 22ന് ആഘോഷിയ്ക്കും. ഓർമാ ഇന്റർനാഷണൽ ഫിലഡൽഫിയാ ചാപ്റ്റർ പുതിയ ഭരണസമിതിയുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഇതോടൊപ്പം നടത്തും. ഫിലഡൽഫിയാ സെന്റ് തോമസ് സീറോ മലബാർ ഓഡിറ്റോറിയത്തിൽ വൈകുന്നേരം 3:30 മുതൽ 7 മണിവരെയാണ് മുഖ്യ സമ്മേളന പരിപാടികൾ. ഓർമാ ഇന്റർനാഷണൽ ഫിലഡൽഫിയാ ചാപ്റ്റർ പ്രസിഡന്റ് ഷൈലാ രാജനും ഭരണ സമിതി അംഗങ്ങളും സമ്മേളന ക്രമീകരണ കാര്യങ്ങൾ ഏകോപിപ്പിക്കുന്നു.

അനുഭവ സമ്പത്തിന്റെ കരുത്തിൽ ലോക ഗതികളെ സന്മാർഗത്തിൽ ഉറപ്പിയ്ക്കുന്നതിന് വല്യച്ഛന്റെയും വല്യമ്മയുടെയും പ്രസക്തി മറ്റാരെക്കാളും മലയാള ശീലങ്ങളിൽ പതിഞ്ഞിട്ടുള്ളതാണെന്ന് ആമുഖ പ്രസംഗത്തിൽ ഓർമാ ഇന്റർനാഷനൽ ട്രസ്റ്റീ ബോഡ് ചെയർമാൻ ജോസ് ആറ്റുപുറം പറഞ്ഞു. ജോലിത്തിരക്കുകളിൽ മാതാ പിതാക്കൾ സമയക്കുറവെന്ന തടസ്സങ്ങളിൽ പതറുമ്പോൾ, പുതു തല മുറയ്ക്ക് വഴിവെളിച്ചമേകാൻ മുത്തച്ഛനും മുത്തച്ഛിയുമുണ്ട് എന്ന ആശ്വാസമാണ് ഭാവിയുടെ ബലം. ഈ തിരിച്ചറിവിനെ പ്രോത്സാഹിപ്പിക്കുകയാണ് ഓർമാ ഇൻന്റർനാഷണൽ ഗ്രാന്റ് പേരന്റ്സ് ഡേ സെലിബ്രേഷൻ കൊണ്ട് ഉദ്ദേശിയ്ക്കുന്നത് എന്ന് ഓർമാ ഇന്റർനാഷണൽ പ്രസിഡന്റ് ജോർജ് നടവയൽ അദ്ധ്യക്ഷപ്രസംഗത്തിൽ വ്യക്തമാക്കി. വിവിധ ഭാരവാഹികളായ വിൻസന്റ് ഇമ്മാനുവേൽ, ജോസ് തോമസ്, അറ്റേണി ജോസഫ് കുന്നേൽ, സജി സെബാസ്റ്റ്യൻ, അലക്സ് തോമസ്, റോഷൻ പ്ളാമൂട്ടിൽ, അരുൺ കോവാട്ട്, അലക്സ് അബ്രാഹം, സർജന്റ് ബ്ലസ്സൻ മാത്യൂ, റോബർട് ജോൺ അരീച്ചിറ, ജൊ തോമസ്, എയ്മ്‌ലിൻ തോമസ്, ജിത് ജേ, ലീതൂ ജിതിൻ, സെബിൻ സ്റ്റീഫൻ, മറിയാമ്മ ജോർജ്, സിനോജ് അഗസ്റ്റിൻ വട്ടക്കാട്ട് , ജോയി തട്ടാർകുന്നേൽ, സേവ്യർ ആന്റണി എന്നിവർ പ്രസംഗിച്ചു.



# സാജൻ മാത്യു ഫ്ലോറിഡായിൽ നിന്നും ഫോമ നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്നു

മയാമി : ഫോമയുടെ 2024-2026 നാഷണൽ കമ്മറ്റിയിലേക്ക് ഫ്ലോറിഡായിൽ നിന്നും മത്സരിക്കുന്ന

സാജൻ മാത്യുവിന് കേരള സമാജം ഓഫ് സൗത്ത് ഫ്ലോറിഡായുടെ പരിപൂർണ പിന്തുണ. പ്രസിഡന്റ് ഷിബു ജോസഫിന്റ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരളസമാജം കമ്മറ്റി പരിപൂർണ്ണ പിന്തുണ അറിയിച്ചു.

ഏതാണ്ട് രണ്ടരപ്പതിറ്റാണ്ടുകളായി കേരളസമാജത്തിന്റെ ഒരംഗം എന്നതിലുപരി വിവിധ തലങ്ങളിൽ തന്റെ നേതൃപാടവം തെളിയിച്ചിട്ടുള്ളയാളാണ് ശ്രീ: സാജൻ മാത്യു. അതോടൊപ്പം കേരളസമാജത്തിന്റെ മുൻകാല പ്രസിഡന്റ് എന്ന നിലയിൽ സംഘടനയിലെ എല്ലാ അംഗങ്ങളെയും ഒത്തൊരുമിപ്പിച്ചുകൊണ്ട് തദവസരത്തിൽ പ്രവർത്തനമികവ് തെളിയിച്ച വ്യക്തി കൂടിയാണ് . സൗത്ത് ഫ്ലോറിഡായിലെ മലയാളിസമൂഹത്തിന്റെ സാമൂഹിക , സാംസ്കാരിക സാമുദായിക രംഗങ്ങളിലെ നിറസാന്നിധ്യമായ സാജൻ മാത്യു ഒരു മികച്ച വാഗ്മിയും, ജീവകാരുണ്യപ്രവർത്തകനും, കൂടിയാണ്.

ഒരു സാമൂഹിക പ്രവർത്തകൻ എന്ന നിലയിൽ എറെ അനുഭവസമ്പത്തും പ്രവർത്തനപരമ്പര്യവും കൈമുതലായുള്ള സാജൻ മാത്യു , ഫോമാ എന്ന സംഘടനക്ക് തികച്ചും ഒരു മുതൽക്കൂട്ടായിരിക്കും എന്ന കാര്യം സംശയാതീതമാണ്.

നാഷണൽ സംഘടനയായാ ഫോമയുടെ കീഴിൽ മലയാളിസമൂഹത്തിന്റെ നാനാതലങ്ങളിലുള്ള ഉന്നമനത്തിനായി അനന്തസാധ്യതകൾ ഉണ്ടെന്നും അതിനു വേണ്ടി ഫോമയുടെ സമുന്നതരായ നേതാക്കളുമായി ചേർന്നുനിന്നുകൊണ്ടു നടപ്പിലാക്കാൻ എല്ലാ പരിശ്രമങ്ങളും തന്റെ ഭാഗത്തു നിന്നുണ്ടാകും എന്ന് സാജൻ മാത്യു അറിയിച്ചു. ഇതോടൊപ്പം കേരള സമാജത്തിന്റെ മുൻപ്രസിഡന്റുമാരുടെയും മറ്റു മുൻനിര പ്രവർത്തകരുടെയും തന്നിലർപ്പിച്ചിരിക്കുന്ന എല്ലാ പ്രതീക്ഷകൾക്കും ,പിന്തുണക്കും സാജൻ നന്ദി അറിയിച്ചു.

ഒപ്പം ഇതിലുൾപ്പെട്ട മറ്റെല്ലാ പ്രാദേശികസംഘടനകളുടെയും പരിപൂർണമായ പിന്തുണ പ്രതീക്ഷിക്കുന്നതായി സാജൻ അറിയിച്ചു .

സൺ ഷൈൻ റീജണിലെ മിക്ക സംഘടനകളുടെയും പിന്തുണയുമായി സാജൻ മത്സരരംഗത്ത് സജീവമായികഴിഞ്ഞു.

* ഷിബു ജോസഫ്



# കരുണ ചാരിറ്റീസ് പിക്നിക് വൻ വിജയം



ന്യൂജേഴ്സി : 'ഫാമിലി ഫൺ ഇൻ ദി സൺ' എന്ന ആശയത്തിൽ, കരുണ ചാരിറ്റീസ്, സോമർസെറ്റ് ന്യൂജേഴ്സിയിലെ 156 മെറ്റ്ലേഴ്സ് റോഡിലുള്ള കൊളോണിയൽ പാർക്കിൽ സംഘടിപ്പിച്ച പിക്നിക് വൻ വിജയമായി

പ്രസിഡന്റ് ഡോ സോഫി വിൽസൺന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പിക്നിക് , ജനപങ്കാളിത്വത്തിലൂടെയും , കുട്ടികളെയും, മുതിർന്നവരേയും ഒരുമിച്ചു ആസ്വദിപ്പിച്ച മികവാർന്ന പരിപാടികളിലൂടെയും ശ്രദ്ധേയമായി

ഗുരു റുബീന സുധർമൻ, മാരി ചന്ദ്ര മുരുകൻ എന്നിവരുടെ മൂവ് 2 ബീറ്റ് ഡാൻസ് ശിൽപശാലയായിരുന്നു പിക്നിക്കിന്റെ പ്രധാന ഹൈലൈറ്



പിക്നിക് ലൊക്കേഷനിൽ സംഘടിപ്പിച്ച പ്രഭാതഭക്ഷണത്തിനു ശേഷം പിക്നിക്കിൽ പങ്കെടുത്ത എല്ലാവരും സ്വാദിഷ്ടമായ ബാർബിക്യൂവിൽ പങ്കു ചേർന്നു. ബേക്ക് സെയിലും വിജയകരമായി നടത്തി.

പിക്നിക്കിന്റെ വിജയത്തിനായി കരുണ ചാരിറ്റീസ് കമ്മിറ്റി അംഗങ്ങളായ വത്സല നായർ, പ്രേമ ആൻഡ്രൂപ്പള്ളിയിൽ, പ്രീത നമ്പ്യാർ, സ്മിത മനോജ്, സിന്ധു അശോക്, മഞ്ജു ഹർഷൻ, ഷീല ശ്രീകുമാർ, റുബീന സുധാരാമൻ, നീന സുധീർ, റഹുമ സയ്യിദ്, ബീന തോമസ്, ജെസീക്ക തോമസ്, റിബേക്ക തോമസ് എന്നിവർ അഹോരാത്രം പ്രവർത്തിച്ചു. പിക്നിക്കിൽ പങ്കെടുത്ത എല്ലാ യൂത്ത് വോളന്റീർമാർക്കും സർട്ടിഫിക്കറ്റ് സമ്മാനിച്ചു

ലോകമെമ്പാടുമുള്ള അശരണർക്കും, ദരിദ്രർക്കും കൈത്താങ്ങായി അനേകം വർഷങ്ങളായി സ്തുത്യർഹമായ പ്രവർത്തനം കാഴ്ച വെക്കുന്ന കരുണ ചാരിറ്റീസിന് ലഭിച്ചു വരുന്ന എല്ലാ പിന്തുണക്കും പ്രസിഡന്റ് ഡോ സോഫി വിൽസൺ ആൻഡ് ടീം നന്ദി രേഖപ്പെടുത്തി













SWISS ROLLS


HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com

# വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ബിസിനസ് സെന്റർ ഹൂസ്റ്റണിൽ പ്രവർത്തനം ആരംഭിച്ചു



ഹൂസ്റ്റൺ: വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ബിസിനസ് സെന്റർ ഹൂസ്റ്റണിൽ പ്രവർത്തനം ആരംഭിച്ചു. ഹൂസ്റ്റൺ 2 നോർത്ത് പോയിന്റ് ഡ്രൈവിൽ ആരംഭിച്ച ബിസിനസ് സെന്റർ ഉദ്ഘാടനം പങ്കാളിത്വം കൊണ്ട് ശ്രദ്ധേയമായി. സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു ഓഫിസ് ഉദ്ഘാടനം ചെയ്തു.





വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ് തോമസ് മൊട്ടക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ബിസിനസ് ഫോറം ചെയർമാൻ ജെയിംസ് കൂടൽ സ്വാഗത പ്രസംഗം നടത്തി. ജഡ്ജ് ജൂലി മാത്യു മുഖ്യ പ്രഭാഷണം നടത്തി. വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ ബിസിനസ് ഫോറം ചെയർമാൻ സുനിൽ കൂഴംപാല, സൗത്ത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് സക്കറിയ കോശി, ഹൂസ്റ്റൺ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് അനീഷ് ജോസഫ്, അമേരിക്ക റീജിയൻ ചെയർമാൻ ജേക്കബ് കുടശ്ശനാട്, ഇന്ത്യാ പ്രസ് ക്ലബ് വൈസ് പ്രസിഡന്റ് ജീമോൻ റാന്നി, അമേരിക്ക റീജിയൻ വൈസ് പ്രസിഡന്റ് റൈന സുനിൽ എന്നിവർ പ്രസംഗിച്ചു. അമേരിക്കയിലെ വിവിധ മേഖലയിലെ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.



യോഗത്തിൽ മേയർ കെൻ മാത്യു, ജഡ്ജ് ജൂലി മാത്യു, സുനിൽ കൂരംപാല, ജേക്കബ് കുടശ്ശനാട്, ജീമോൻ റാന്നി, സാമൂഹിക പ്രവർത്തകൻ ജോൺ ഡബ്ല്യു വർഗീസ് എന്നിവരെ ആദരിച്ചു




MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# 'യൂ ആർ എ സക്കർ'





**രാജു മൈലപ്രാ**

അങ്ങിനെ ലോകമെമ്പാടുമുള്ള അമേരിക്കൻ ജനത ആകാംഷാപൂർവ്വം കാത്തിരുന്ന പ്രഥമ ബൈഡൻ-ട്രമ്പ് പ്രസിഡൻഷ്യൽ ഡിബേറ്റ് കഴിഞ്ഞു-തികച്ചും പരിഹാസ്യവും പരിതാപകരവുമായിരുന്ന ഒരു സംവാദമായിരുന്നു ഇത് എന്നാണ് പൊതുവേയുള്ള അഭിപ്രായം. നിരാജനകവും എന്നു കൂടി വേണമെങ്കിൽ കൂട്ടിചേർക്കാം.

പിഞ്ചുകുഞ്ഞുങ്ങളേപ്പോലെ പിച്ചവെച്ചു മന്ദം മന്ദം സ്റ്റേജിലേക്കു നടന്നു വന്ന ബൈഡൻ അങ്കിളും, ഒരു പുച്ഛഭാവത്തോടെ കടന്നുവന്ന ട്രമ്പ് മച്ചമ്പിയും തുടക്കത്തിലെ അപശ്ശകുനങ്ങളായിരുന്നു എന്നു പറയാതിരിക്കുവാൻ നിർവ്വാഹമില്ല. സാമാന്യ മര്യാദയനുസരിച്ച് പരസ്പരം അഭിവാദ്യം ചെയ്യുവാനോ, ഷെയ്ക്ക് ഹാൻഡ് നൽകുവാനോ രണ്ടുപേരും തയ്യാറായില്ല-(ഒരു ഗവർണ്ണർ-മുഖ്യമന്ത്രി ലൈൻ) ഇതിലൊരു മഹാനെയാണ് അടുത്ത അമേരിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടേണ്ടതെന്ന് ഓർത്തപ്പോൾ, അമേരിക്കൻ ജനതയോട് സഹതാപം തോന്നി.

നിലാവത്ത് അഴിച്ചുവിട്ട കോഴിയെപ്പോലെയായിരുന്നു ബൈഡന്റെ അവസ്ഥ- എവിടെയാണ് താൻ നിൽക്കുന്നതെന്ന് യാതൊരു പരിസരബോധവുമില്ലാത്ത അവസ്ഥ. കണ്ണുകൾക്ക് ഒരു ചലനവുമില്ല. എന്നാൽ ട്രമ്പാകട്ടെ, പച്ചാളം ഭാസിയെപ്പോലും കടത്തിവെട്ടുന്ന തരത്തിൽ, നവരസങ്ങളും കടന്ന് പല ഗോഷ്ഠികളും, ചേഷ്ഠകളും കാണിച്ചുകൊണ്ടായിരുന്നു ആദ്യവസാനം പെരുമാറിയത്.

1960-ലാണ് ആദ്യമായി ഒരു പ്രസിഡൻഷ്യൽ ഡിബേറ്റ് പ്രക്ഷേപണം ചെയ്യുന്നത്. റിച്ചാർഡ് നിക്സനും, ജോൺ എഫ്. കെന്നഡിയും തമ്മിൽ- ആ തിരഞ്ഞെടുപ്പിൽ കെന്നഡി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

അന്നു മുതൽ, ഇന്നുവരെ നടന്നിട്ടുള്ള ഡിബേറ്റുകളിൽ, ഏറ്റവും താഴ്ന്ന നിലവാരം പുലർത്തിയ ഒന്നായിരുന്നു ഈ കഴിഞ്ഞു പോയത്.

ആരോഗ്യ അന്താരാഷ്ട്ര, അതിർത്തി പ്രശ്നങ്ങൾ തുടങ്ങിയവയൊക്കെയും ചർച്ച ചെയ്യപ്പെട്ടു.

'ഈ കിഴങ്ങൻ പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല'- എന്ന് ഒരവസരത്തിൽ ട്രമ്പ് തുറന്നടിച്ചു.' ഇങ്ങേരുടെ ഭരണകാലത്ത് അന്താരാഷ്ട്ര ലവലിൽ നമ്മുടെ നിലയും വിലയുമെല്ലാം കളഞ്ഞു കുളിച്ചു-ഇന്ന് ഒരുത്തനും നമ്മലെ പേടിയല്ല-ഞാൻ പ്രസിഡന്റായിരുന്നെങ്കിൽ റഷ്യ, യുക്രൈനെ അക്രമിക്കില്ലായിരുന്നു-ഹമാസ് ഇസ്രയേലിനെതിരെ തലപൊക്കുകയില്ലായിരുന്നു- ലോകമെമ്പാടുമുള്ള ക്രിമിനലുകൾ, നിയമവിരുദ്ധമായി അമേരിക്കയിലേക്ക് കുടിയേറുകയില്ലായിരുന്നു. അമേരിക്കൻ പട്ടാളത്തിന് ഈ മരങ്ങോടനോട് ഒരു ബഹുമാനവുമില്ല-'

ഒരു അമേരിക്കൻ 'പൗരപ്രമുഖൻ' കേൾക്കാനാഗ്രഹിക്കുന്ന വാക്കുകളാണ് ട്രമ്പ് തൊടുത്തു വിട്ടത്.

പലതിനും മറുപടി പറയണമെന്ന് ബൈഡന് ആഗ്രഹമുണ്ടായിരുന്നെങ്കിലും, മനസ്സിൽ രൂപപ്പെടുന്ന ആശയങ്ങൾ വാക്കുകളായി പുറത്തുവരാൻ സമയമെടുത്തു ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തുമെന്നു പറഞ്ഞതു പോലെയായി പിന്നീട് ബൈഡന്റെ വാക്കുകൾ

ഇയാളൊരു ഗജപോക്രിയാണ്-പെണ്ണു പിടിയനാണ്- പൊതുസ്ഥലങ്ങളിൽ വെച്ചു പോലും സ്ത്രീകളെ കയറിപ്പിടിക്കും-കൊടും കുറ്റവാളിയാണ്, കണ്ടില്ലേ തെക്ക് വടക്ക് കോടതി വരാന്ത നിരങ്ങി നടക്കുന്നത്-'

'നിന്റെ മോനാടാ കുറ്റവാളി-കഞ്ചാവടിച്ചു കറങ്ങി നടക്കുന്ന അവനാ വെടിവെപ്പുകാരൻ- അതു കൊണ്ടല്ലേ, അനധികൃതമായി തോക്കു വാങ്ങിയതിന് അവനെ കോടതി ശിക്ഷിച്ചത്' 'ട്രമ്പ് തിരിച്ചടിച്ചു.

മോനെ പറഞ്ഞപ്പോൾ ബൈഡനും ശരിക്കും നൊന്തു- അതുവരെ ഒരു എലിയായിരുന്ന ബൈഡൻ പെട്ടെന്നു ചീറ്റപുലിയായി.

'വീട്ടിലിരിക്കുന്നവരേ കുറ്റം പറയരുതെടാ പോക്രി- കുറ്റവാളിയായ നീ വെറും ഒരു സക്കറാടാ'-

'You are a sucker, sucker, suker'

അതുവരെ അണ്ണാൻകുഞ്ഞിന്റെ കണ്ണുപോലെ പാതിയടഞ്ഞിരുന്ന ബൈഡന്റെ ഇടത്തേ കണ്ണു വികസിച്ചു.

'ഞാനല്ലടാ-നീയും നിന്റെ മോനുമാ സക്കേഴ്സ്'- ട്രമ്പ് പ്രതികരിച്ചു.

പിന്നെ,

പടകാളി ചണ്ടി ചങ്കരി പോർക്കലി മാർഗ്ഗിനി ഭഗവതി--- തലങ്ങും വിലങ്ങും കുരുങ്ങി പരുങ്ങി അയ്യേ ഈ മരമടിയനു ഞാനെതിരല്ലട-പോ-' എന്ന മട്ടിലായി കാര്യങ്ങളുടെ ഒരു പോക്ക്-

കർട്ടനു തിരിശ്ശീല വീണപ്പോൾ, ഇഞ്ചി തിന്ന കുരങ്ങിനേപ്പോലെയായി അമേരിക്കൻ സമ്മതിദായകരുടെ അവസ്ഥ-ഇവരിൽ ഒരാളാണല്ലോ ഇനി അടുത്ത നാലു കൊല്ലത്തേക്ക് നമ്മളേ നയിക്കേണ്ടത് എന്നോർത്തപ്പോൾ പലർക്കും തലകറക്കമുണ്ടായി-

ഒരു പ്രായം കഴിഞ്ഞാൽ ശാരീരികമായും, മാനസീകമായും മനുഷ്യൻ ബലഹീനനാകും- അതു സ്വയം മനസ്സിലാക്കി, മറ്റൊരാൾ പറയുന്നതിനു മുമ്പു തന്നെ നമ്മൾ മാറികൊടുക്കുന്നതാണ് അഭികാമ്യം-അടുത്ത നാലു കൊല്ലം കൂടി, ലോകത്തിലെ ഏറ്റവും അധികാരമുള്ള അമേരിക്കൻ പ്രസിഡന്റു പദവി അലങ്കരിക്കുവാൻ ബൈഡനു പ്രാപ്തിയില്ലെന്നാണ് ബലഹീനനും പാപിയുമായ അടിയന്റെ അഭിപ്രായം-

*(കുറിപ്പ്: ബൈഡനും, ട്രമ്പും തമ്മിൽ നടന്ന സംവാദം, എനിക്കറിയാവുന്ന രീതിയിൽ മലയാളത്തിൽ പരിഭാഷപ്പെടുത്തിയതാണ് മുകളിൽ ചേർത്തിരിക്കുന്നത്-'Sucker' എന്ന വാക്കിന്റെ മലയാള അർത്ഥത്തിനുവേണ്ടി 'ഗൂഗിൾ സേർച്ച്' നടത്തിയപ്പോൾ കിട്ടിയ പദങ്ങൾ പ്രിന്റബിൾ അല്ലാത്തതുകൊണ്ട് അതു ചേർത്തില്ല-താൽപര്യമുള്ളവർ സേർച്ചു ചെയ്യുക)*


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയ്‌ലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News

# നിര്യാതരായി



### അന്നമ്മ ജോർജ്

ടാമ്പാ, ഫ്ളോറിഡ: വെള്ളൂർ പ്രാകത്തു അന്നമ്മ ജോർജ് (ഓമന-60) ടാമ്പ യിൽ അന്തരിച്ചു. കമ്പ്യൂട്ടർ എൻജിനീയർ ആയ കോട്ടയം പാമ്പാടി പ്രാകത്തു ജോർജ് എബ്രഹാം ആണ് ഭർത്താവ്. ഇടയാറന്മുള പാറടിയിൽ സൈമൺ തോമസിന്റെ മകളാണ് ഓമന.മക്കൾ: റൂബിൻ, കമ്പ്യൂട്ടർ എൻജിനീയർ ഫ്ളോറിഡ; ഡോ. മോണിക്ക.സഹോദരങ്ങൾ: ബീന, റെനി, പ്രസാദ്, റോയി, റെജി.

### ജാൻസ് ജേക്കബ്

പാറമ്പുഴ:കൊശമറ്റം കലേക്കാട്ട് ജാൻസ് ജേക്കബ് (72) അന്തരിച്ചുഭാര്യ: ഇടപ്പാടി പാലോലിൽ നിർമൽ. മക്കൾ: ജിത്തു ജാൻസ് (ബെംഗളൂരു), മീര ജാൻസ് (യുഎസ്). മരുമക്കൾ: സ്മിത ജിത്തു കാവുങ്കൽ (പൂവത്തോട്), ജോർജി മാതേക്കൽ ആലുവ (യുഎസ്).



### മിനിമോൾ ജോൺസൺ

കരുന്തരുവി:തെക്കേവീട്ടിൽ മിനിമോൾ ജോൺസൺ (60) ഷിക്കാഗോയിൽ അന്തരിച്ചു. കരുന്തരുവി കടപ്ലാക്കൽ കുടുംബാംഗമാണ്. ഭർത്താവ്: ജോൺസൺ തോമസ്. മക്കൾ: അജയ് (ഷിക്കാഗോ), അനീറ്റ (ന്യൂയോർക്ക്). മരുമക്കൾ:റിയ(ഷിക്കാഗോ), ഷോൺ (ന്യൂയോർക്ക്).

### സി.പി.മാത്യു

പെരുമ്പനച്ചി:തെക്കേക്കര ചെത്തിപ്പുഴ സി.പി.മാത്യു (ബേബിച്ചൻ-82) അന്തരിച്ചു. ഭാര്യ: മേരിക്കുട്ടി കൊല്ലപ്പള്ളിൽ. മക്കൾ: ഫിലിപ് മാത്യു (ഡൽഹി), ജോസഫ് സി.മാത്യു, സിസ്റ്റർ ദിവ്യ മേരി എസ്എച്ച് (എസ്ബി സ്കൂൾ), സോഫിയാമ്മ.

### വി.കെ.ബാബു

അരീക്കര:വട്ടപ്പഴുക്കാവിൽ പരേതനായ കുട്ടപ്പന്റെയും കല്യാണിയുടെയും മകൻ വി.കെ.ബാബു (56) അന്തരിച്ചു.



### ഡോ. ഐസക് ജോസഫ്

അറ്റ്ലാന്റ: വൈയ്ക്കത്തുശേരി (കൊണത്താപ്പള്ളി) ഡോ. ഐസക് ജോസഫ് (ജോയി-76) അറ്റ്ലാന്റയിൽ അന്തരിച്ചു. ഭാര്യ: റോസ് മോൾ ചങ്ങനാശേരി ചെറുകര കുടുംബാംഗം. മക്കൾ: ഡോ. ജെറി, റവ.ഡോ. റോയി എസ്ജെ, ഡോ. ടോമി, ഡോ. മാത്യു. മരുമക്കൾ: ഡോ. ഡയാൻ, ഡോ. ദീപ.

### ശാരദാമ്മ

ചങ്ങനാശേരി:വാഴപ്പള്ളി ചെമ്പകപ്പറമ്പിൽ ശാരദാമ്മ (84) അന്തരിച്ചു. മക്കൾ: ഗിരിജാദേവി (കൈലാത്ത് ഫ്യുവൽസ്), മോഹനകുമാർ (ബിഎസ്എൻഎൽ), അജികുമാർ ജയലക്ഷ്മി മരുമക്കൾ: രാധാകൃഷ്ണപിള്ള ചേന്നങ്കരി, റോസമ്മ തോമസ് (അധ്യാപിക, ഗുഡ് ഷെപ്പേഡ് സ്കൂൾ തെങ്ങണ), മായാദേവി കുമാരനല്ലൂർ, സോമരാജൻ കായംകുളം (സൗദി).



### മാത്യു എബ്ര ഹാം

ഡാലസ്: മാത്യു എബ്രഹാം അന്തരിച്ചു. ഭാര്യ മേഴ്സി വട്ടാടിക്കുന്നേൽ .മക്കൾ: ഷോൺ & സിമ്മി ഏലൂർ (ഡാളസ്); ഷനിഷ് & ലിസ ഏലൂർ (സാൻ ഡീയെഗോ) കൊച്ചുമക്കൾ: ജോഷ്വ, സോഫിയ, ഇസബെൽ, വില്യം ഏലൂർ. സഹോദരങ്ങൾ: സിസ്റ്റർ ഗിൽബർട്ട് (എസ്.വി.എം); പരേതരായ ജെയിംസ് & സൂസമ്മ (ന്യൂയോർക്ക്); പരേതനായ സണ്ണി ഏലൂർ; എൽസമ്മ & സൈമൺ ഒനിശ്ശേരിൽ (യുകെ); തോമസ് എബ്രഹാം & പരേതയായ ലില്ലി ഏലൂർ (മയാമി) ആൻസി & സ്റ്റീഫൻ വെള്ളരിമറ്റത്തിൽ (ഉഴവൂർ).

### ഷാജി പി.ഏബ്രഹാം

കുമരകം:പൂണിത്തറ പതിച്ചേരിൽ ഷാജി പി.ഏബ്രഹാം (69) അന്തരിച്ചു. ഭാര്യ: കിടങ്ങൂർ വളയംതോട്ടത്തിൽ ഫിലോമിന.



### എമിലി

തൃശൂർ: കുരിയച്ചിറ അറയ്ക്കൽ നെല്ലിശേരി പരേതനായ ജോസ് ഭാര്യ എമിലി (85) അന്തരിച്ചു. ഇരിങ്ങാലക്കുട വെള്ളാനിക്കാരൻ കുടുംബാംഗമാണ്. മക്കൾ: മേരമ്മ (റിട്ട. സിഎസ്ബി), ആന്റോ (ആന്റെണി, ഗോൾഡ് സ്റ്റാർ ഹാൾമാർക്കിംഗ്), ബാസ്റ്റിൻ (യുഎസ്എ), മാർട്ടിൻ (ജോസ് ആലുക്കാസ് കോർപറേറ്റ് ഓഫീസ്, തൃശൂർ), സജി (കാനഡ). മരുമക്കൾ: ജോർജ് മുട്ടത്ത്, ലിറ്റ തോട്ടുങ്ങൽ (ബിവിബിവിഎം പൂച്ചട്ടി), ദീപ്തതി കുറ്റിക്കാട്ട് (യുഎസ്എ), പൗളി പുല്ലോക്കാരൻ (മിഷൻ ഹോം എൽപി സ്കൂൾ മരിയാപുരം), ജോജോ നെല്ലിശേരി (കാനഡ).

### അനിത

പായിപ്പാട്:പ്ലാംപറമ്പിൽ വീട്ടിൽ പി.കെ.സുരേഷിന്റെ ഭാര്യ അനിത (46) അന്തരിച്ചു. മക്കൾ: സൗരവ്, ദേവു.



### ജോസ് സാമുവേൽ

ആൽബനി (ന്യൂയോർക്ക്): പത്തനംതിട്ട മുറിഞ്ഞകൽ കൂടൽ, മഠത്തിൽ പുത്തൻവീട്ടിൽ പരേതരായ സാമുവേലിന്റേയും പൊടിയമ്മയുടേയും മകൻ ജോസ് സാമുവേൽ (61) ജൂൺ 22-ന് ന്യൂയോർക്കിലെ ആൽബനിയിൽ അന്തരിച്ചു. ഓർക്കിഡ് ഫാർമസ്യൂട്ടിക്കൽ കമ്പനിയിൽ ഫാർമ സ്യൂട്ടിക്കൽ സെയിൽസ് പ്രതിനിധിയായി പതിനാറു വർഷത്തോളം ജോലി ചെ യ്ത ജോസ്, 2016-ലാണ് അമേരിക്കയിലേക്ക് കുടിയേറി യത്. ഭാര്യ: സുജ ജോസ്. മകൻ: ജെവിൻ ജോസ്.സഹോദരങ്ങൾ: സാജു സാമുവേൽ/മോളി സാജു (ബിസി നസ്, കൊളംബോ), ഷെർളി ജോസ്/ജോസ് ജോർജ് (ന്യൂയോർക്ക്). ന്യൂയോർക്ക് സ്റ്റേറ്റ് ഓഫീസ് ഓഫ് സർവ്വീസിൽ ഉദ്യോഗസ്ഥനായി രുന്നു.



### മണിയങ്ങാട്ട് ചാക്കോ

ചെമ്പേരി : പുറഞ്ഞാണിലെ മണിയങ്ങാട്ട് ചാക്കോ (82) അന്തരിച്ചു. ഭാര്യ: നെല്ലിക്കുറ്റി വള്ളോംകോട്ട് കുടുംബാംഗം.മക്കൾ: ലിസി (റിട്ട. അധ്യാപിക, മണിക്കടവ്), ജോസഫ്, സോഫി (യുഎസ്), ജോൺസൺ (അബുദാബി), ഡൊമിനിക്ക് (യുകെ), വിനു. മരുമക്കൾ: ബെന്നി, മിനി, ടോം (യുഎസ്), സോണിയ (അബുദാബി), ബിനി (യുകെ), സൗമ്യ.

### രാധാമണി

കരിപ്പാടം: ശാസ്താംപറമ്പിൽ വിശ്വനാഥന്റെ ഭാര്യ രാധാമണി (75) അന്തരിച്ചു. കുശനിലത്തിൽ കുടുംബാംഗമാണ്. മക്കൾ: സിജിമോൻ, സിനിൽ കുമാർ.

### പങ്കജാക്ഷിയമ്മ

കുമാരമംഗലം: കാവുങ്കരയിൽ പങ്കജാക്ഷിയമ്മ (85) അന്തരിച്ചു. ഭർത്താവ്: പരേതനായ ഗോവിന്ദൻ മാരാർ.



### കെ.കെ. ജോസഫ്

ചങ്ങനാശേരി: പായിപ്പാട് കൈലാത്ത് കെ.കെ. ജോസഫ് (97, റിട്ട. എസ്ബി ഹൈസ്കൂൾ അധ്യാപൻ) അന്തരിച്ചു. ഭാര്യ പരേതയായ സൂസമ്മ ജോസഫ് (റിട്ട. അധ്യാപിക, സെന്റ് ആൻസ് ഹൈസ്കൂൾ, ചങ്ങനാശേരി) പൊടിയാടി കാരണശേരിയിൽ കിഴക്കേതിൽ കുടുംബാംഗം. മക്കൾ: കുര്യാക്കോസ് ജോ സഫ് കൈലാത്ത് (കീപ്പ് ഇൻഡസ്ട്രീസ്, ചങ്ങനാശേ രി), നാൻസി ഏബ്രഹാം (അമേരിക്ക), ജസിമോൾ (റിട്ട. അധ്യാപിക). മരുമക്കൾ: മോളി കുര്യാക്കോസ് ചെ ത്തിപ്പുഴ (കടയനിക്കാട്), പ രേതനായ ബേബി ഏബ്രഹാം ആഞ്ഞിലിത്താനം, അപ്പച്ചൻ പരേതൻ ദീർഘ കാലം കുന്നത്താനം സെന്റ് ജോസഫ് സൺഡേ സ്കൂൾ ഹെഡ് മാസ്റ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.



### കെ.എസ്. സ്കറിയ

കൂത്താട്ടുകുളം: കളപ്പുരയിൽ കെ.എസ്. സ്കറിയ (ബേബി ഓലിക്കൽ-80) അന്തരിച്ചു.ഭാര്യഅമ്മിണി പൈങ്ങോട്ടൂർ പുള്ളോലിൽ കുടുംബാംഗം. മകൻ: ജോമോൻ സ്കറിയ (യുഎസ്എ).മരുമകൾ: മനീഷ നെല്ലാട്ട് കുടും ബാംഗം (യുഎസ്എ).

### ചന്ദ്രസേനക്കുറുപ്പ്

ടിവി പുരം:പുത്തൻപറമ്പിൽ (തുരുത്തിക്കാട്ട്) ചന്ദ്രസേനക്കുറുപ്പ് (78) അന്തരിച്ചു. കെഎസ്ഇബി പെൻഷനേഴ്സ് അസോസിയേഷൻ വൈക്കം ഡിവിഷൻ സെക്രട്ടറിയാണ്. ഭാര്യ: ഓമനയമ്മ. മക്കൾ: സി.രഞ്ജിത്, രമ്യ ചന്ദ്രൻ. മരുമക്കൾ: ബി.അശ്വതി, സരിൺ പിള്ള.

### അമ്മിണി

നെല്ലിക്കൽ:വട്ടച്ചിറയിൽ കരുണാകരന്റെ ഭാര്യ അമ്മിണി (76) അന്തരിച്ചു.



### മേരി

കല്ലൂർ: കോയിക്കര വർഗീസ് ഭാര്യ മേരി (85) അന്തരിച്ചു. മക്കൾ: ഡെയ്സി, സിസിലി, ലിസി (കുവൈറ്റ്), ഷേർലി (യുഎസ്), മരുമക്കൾ: പരേതനായ വർഗീസ് ചക്കിയത്ത്, ജോസ് ആലുക്ക, ജോസി പടയാട്ടിൽ, രാജീവ് ആന്റണി കല്ലേലി (യുഎസ്).

### ടി.കുഞ്ഞുമുഹമ്മദ്

കാഞ്ഞിരപ്പള്ളി:പാറത്തോട് ജുമാമസ്ജിദ് ലെയ്നിൽ തറമേൽ ടി.കുഞ്ഞുമുഹമ്മദ് (94) അന്തരിച്ചു.ഭാര്യ: ആമിന ബീവി. മക്കൾ: ടി.കെ.മൊയ്ദീൻ, ഖദീജ, റെജീന. മരുമക്കൾ: സോഫിയ സീതത്തോ ട്, ഷാഹുൽ ഹമീദ് കാഞ്ഞിര പ്പള്ളി, ഷാജി മുഹമ്മദ് എരുമേലി.

### രാജു പൗലോസ്

ഈരാറ്റുപേട്ട: കോതമംഗലം നെല്ലിക്കുഴി കക്കാട്ടുകുടിയിൽ രാജു പൗലോസ് (54) അന്തരിച്ചു.



DOWNLOAD
MediaAppUSA
MediaAppUSA
ENTER to
WIN
FREE
Scan QR Code to Download App Instantly
iPhone 15 Pro
Titanium
How to WIN
iPhone 15 Pro
Download MediaAppUSA from Apple Store or Google Play Store
Download on the App Store
ANDROID APP ON Google play
Once you download and register and login to the App, your email will be automatically entered to win. Restrictions apply. This offer is valid only for anyone who downloads the app from June 1st until June 30th, 2024. You can enter from anywhere except legally restricted by any States or Countries. For complete details and rules visit medialogistics.us/downloadandwinrules. Winner will be announced on July 7th, 2024 via all Media Outlets. No purchase necessary.